
21

# NEW VISION



**NEW VISION**

**21**

**Editorial Board**
Prof: Mathew Koshy Tel: 0473 - 314068
Rev. A.C. Oommen Tel : 0473 - 610187
Mr. M. Kurian Tel: 0481 - 578599
Rev. Prof: K.C. Mathew Tel: 0481 - 578841

**Advisory Board**
Rt. Rev. T.B. Benjamin Tel: 0481 - 566641
Rt. Rev. Geevarghese Mar Osthathiose Tel: 0479 - 302473
Rt. Rev. K. Michel John
Rt. Rev. Dr. Thomas Mar Athanasious Tel: 0458 - 32401
Rt. Rev. Dr. Issac Mar Philexenos Tel: 011 - 312828
Mr. C. John Mathai Tel: 0481 - 62351
Sr. Raichel John
Adv. K.I. Ninan Tel:0481 - 567858
Mr. V.J. Joseph
Prof. Mammen Varkey Tel: 0479 - 304355
Rev. Dr. K.V. Mathew
Mr. Mathew Idiculla, Chicago

**Co-ordinators in USA**
Rev. Thomas K. Oommen, New York
Mr. John K. Mathew, Texas
Mr. J.T. Wattachanackal, Chicago
Dr. Koshy Itty Eipe, Philadalphia

**Contact address in USA & Canada**
NEW VISION
16W, 684-89th Place
Hinsdale, IL. 60521, USA
Phone / Fax: 708-986-1195

**Office Address in India**
NEW VISION
Manganam,
Kottaym - 18.
Telephone: 0481 - 578841

**Circulation Manager**
Mr. Philipose Mathew

**Cover Design and Layout**
Pratap Publicity, Kottayam. Ph: 564272

**Computer Type setting**
Acme Computers, Kottayam.


# ഓണം

ഓണം മലയാളികളുടെ ദേശിയ ഉത്സവമാണ്. സമാധാനം, സന്തോഷം, സമൃദ്ധി, ഇവയൊക്കെ ഉണ്ടായിരുന്ന ഒരു നാളിനെക്കുറിച്ചുള്ള ഓർമ്മകളും, കള്ളവും ചതിവുമില്ലാത്ത ലോകത്തെക്കുറിച്ചുള്ള പ്രത്യാശയും ഓണാഘോഷത്തിൽ അടങ്ങിയിരിക്കുന്നു. ഓരോ പ്രദേശത്തെയും ജനങ്ങളെ ഒന്നിപ്പിക്കുന്നതിനും, ജനങ്ങളുടെ കൂട്ടായ്മ വളർത്തുന്നതിനും ഓണാഘോഷ പരിപാടികൾ സഹായിച്ചിരുന്നു. ഓണത്തോടനുബന്ധിച്ചുള്ള ഐതീഹ്യത്തെക്കാൾ പ്രാധാന്യമായിതോന്നിയിട്ടുള്ളത് ഓണത്തോടനുബന്ധിച്ചുള്ള കൂടിവരവാണ്.

ആഗോളതലത്തിൽ ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഭാഗമായി ഓണത്തിന്റെ 'ജനകീയ കൂട്ടായ്മ'യുടെ പ്രാധാന്യം കുറഞ്ഞുവരികയാണ്. വൻ മേളകൾ, മാമാങ്കങ്ങൾ തുടങ്ങിയവയിലേക്കുള്ള പരിണാമമാണ് അടുത്തയിടെ കണ്ടു വരുന്നത്. നഗരം കേന്ദ്രീകൃതമായി നടന്നുവരുന്ന ഈ ആഘോഷങ്ങൾ ഗ്രാമാന്തരീക്ഷത്തിൽ ജനങ്ങൾ തമ്മിൽ ഉണ്ടാകേണ്ടുന്ന ആത്മബന്ധത്തിനു പ്രാധാന്യം നൽകാതെ പോകുന്നു.

ഓണം തങ്ങളുമായി ബന്ധപ്പെടുന്ന ഒരാഘോഷമല്ല എന്നതാണ് ക്രൈസ്തവ സഭയുടെ നിലപാട്. ഈ ഉത്സവവേളയിൽ കുറെ പേരെയെങ്കിലും ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരും എന്ന ഉദ്ദ്യേശ്യത്തോടെ ചില സഭകൾ ഓണവാരസുവിശേഷ വേലയിൽ ഏർപ്പെടുന്നു.



ഓണം മലയാളികളുടെ ഉത്സവമായതിനാൽ, സകലരും ആഘോഷങ്ങളിൽ ഭാഗഭാക്കാകുക എന്നതാണ് കമനീയം. ഓണത്തെക്കുറിച്ചുള്ള ഐതീഹ്യം വിളിച്ചോതുന്ന ചിന്തകൾ, ക്രൈസ്തവ ചിന്തകളുമായി ബന്ധമുള്ളവ തന്നെയാണ്. സ്നേഹം, സന്തോഷം, സമാധാനം, ഒത്തൊരുമ തുടങ്ങിയവ ക്രിസ്തീയ വിശ്വാസ ദർശനത്തിന്റെ ഭാഗമാണ്. യേശുവിന്റെ പേരിലെങ്കിലും, നാം ശക്തികരണം കൊടുക്കുവാൻ ആഗ്രഹിക്കുന്ന ചിന്തകളാണ് ഓണസന്ദേശത്തിലുള്ളത്. ക്രൈസ്തവസഭകൾ ഓണാഘോഷങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിൽ കൂടി, കേരള സംസ്കാരത്തിന്റെ തനിമ ഉയർത്തിക്കാട്ടുവാൻ സഹായകമാകും.

ഓരോ പ്രാദേശിക സഭകളും ആ പ്രദേശത്തുള്ള സകലരേയും വിളിച്ചുകൂട്ടി, അവരോടൊത്തു ഒരു ഉച്ചഭക്ഷണം കഴിക്കുന്നതും കലാകായികപ്രകടനങ്ങൾ/മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതും നന്മയുടെ ശക്തികൾക്ക് വളരുവാനുള്ള കളമൊരുക്കുക കൂടിയാണ്. തിന്മയുടെ ശക്തികൾക്കെതിരെയുള്ള പോരാട്ടം കൂടിയാണ്.

വിഭാഗിയ ചിന്തകൾ, വർഗ്ഗീയത, ജാതിചിന്ത തുടങ്ങിയവ കൂടുതലായി വളർന്നു വരുന്ന ഈ കാലഘട്ടത്തിൽ ക്രൈസ്തവ സഭകൾ പ്രത്യേക തുരുത്തായി നിലകൊള്ളാതെ, സമൂഹത്തെ രൂപാന്തരപ്പെടുത്തുന്ന, പുളിമാവായി തീരുവാൻ സാധിക്കുമോ? ഓരോ സ്ഥലങ്ങളിലും നിലവിലുള്ള സംസ്ക്കാരത്തെ പരിപോഷിപ്പിക്കുക നമ്മുടെ കടമയല്ലെ?

ന്യൂ വിഷനിൽ പ്രസിദ്ധീകരിക്കുന്ന മാറ്ററുകളിലെ ആശയങ്ങൾ പത്രാധിപസമിയുടെ വീക്ഷണങ്ങൾ ആയിരിക്കണമെന്നില്ല. ചർച്ചകൾക്ക് സഹായിക്കുവാൻ വ്യത്യസ്ത വീക്ഷണങ്ങൾ, ആശയങ്ങൾ തുടങ്ങിയവ ഓരോ ലക്കത്തിലും ഉൾപ്പെടുത്തുവാൻ പത്രാധിപസമിതി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

21

# NEW VISION


2 എഡിറ്റോറിയൽ - **ഓണം**

4 അഭിമുഖം
**BORN FOR EACH OTHER AND SERVING OTHERS**
Rev. Dr. Aravind P. Nirmal

6 അഭിമുഖം
**URBAN POOR : THE INDIAN SCENE**
Rt. Rev. Dr. A. George Ninan

8 പ്രതിഫലനം
**രക്ഷയ്ക്ക് ഒരു രാഷ്ട്രീയമാനമുണ്ട്** - പ്രതികരണങ്ങൾ

15 കണ്ടതും കേട്ടതും
**പ്രസംഗവും ജീവിതവും** - സുജാത

16 വേദപഠനം
**പ്രപഞ്ചസൃഷ്ടിയുടെ വിവരണം** - റവ: എൻ. വി. കോരുള

19 **അദ്ഭുത രോഗശാന്തിയും മനോജന്യരോഗങ്ങളും**
ഡോ: വി.കെ. അലക്സാണ്ടർ

23 **ഓണം പൊന്നോണം.**

24 **HOW MUCH WE ACQUIRE AND HOW LITTLE WE REQUIRE**
Sam Amirtham

25 **ആരോഗ്യ പരിപാലനത്തിന് പുതിയസമീപനം ആവശ്യം**
H.G. Dr. Thomas Mar Athanasis




# BORN FOR EACH OTHER AND SERVING OTHERS

REV. DR. ARAVIND P. NIRMAL

It was at one of the BUILD LECTURES (also known as Bishop Joshi Memorial Lectures) that I met George. I had heard about him, but had never met him in person. I was then a professor of systematic theology at the United Theological College, Bangalore. I had spent almost 30 years in the South without severing my relationship with the Church of North India as one of its Presbyters. I was suffering from the uneasy feeling that the CNI had forgotten me and that I had unfolded itself as we worked together.

George was born on the 4th August, 1934 at a village called Tiruvalla in Kerala. Unlike other Christian leaders, he was educated in Hindu schools and colleges. He looks upon this as valuable experience which introduced him to inter-religious dialogue very early in his life and broadened his outlook. He practised inter-religious dialogue with people of other faiths at Alleppy.

important posts as Priest-in-Charge of all Saints, Nagpur, CIPBC Youth Secretary and Bishop's Chaplain. He organized youth conferences at Allahabad and Amritsar where many of the present CNI bishops were present as participants.

While involved in many ecumenical activities, he obtained a scholarship of the World Council of Churches for doctorate studies at Philip's University. He also attended some graduate courses at



**Both of them want to remain involved in people's ministry. They believe in living in a community. They would also like to experiment with an inter-religious and social action oriented community. The Ninans, it seems, are never going to retire. After Bishop's Official retirement, he wants to devote his time for the ministry to the aged and aging people.**

become a persona non grata as far as my church relations were concerned. I shared my uneasiness with George. I was not very optimistic about the outcome of this meeting. But then I was very pleasantly shocked when in about two months time I was invited to CNI's programme called **Towards Holistic Understanding of Mission** as a resource person. George then was the Co-ordinator of this programme. This opportunity of working together blossomed into permanent friendship. Neither I nor George then knew that George was soon to become my Bishop. After the sad demise of the Rt. Rev. D.J. Vairagar, the then Bishop of Nasik, in God's providence George became the Bishop of Nasik and was consecrated on 17th July, 1994. He then asked me to take up a job in the Nasik Diocese. I responded positively, and am now in Ahmednagar, helping the Diocese with a number of different programmes. During this period, I have got to know the Ninans more intimately. The following story has

During his student days, he joined the S.C.M. and later became its senior friend and supporter. It was at the S.C.M that; he met Rachel, a Christian pastor's daughter. This S.C.M. companionship finally resulted into their marriage on 19th October, 1961. As a young person, George took active part in Indian freedom struggle and was also associated with Gandhi's Ashram movement.

Along with Dr. K.C. Abraham, the present Director of SATHRI, he travelled to Japan for meetings and conferences related to youth work and evangelism. Later, he became the Youth Secretary of the Central Kerala Diocese.

For his theological studies. George went to Leonard Theological College, Jabalpur. But before he could complete his B.D. degree course, he was met and persuaded by Bishop J.W. Sadiq to take up pastoral ministry at All Saints Cathedral Nagpur. He therefore, had to complete his B.D. externally, George held such

Chicago. He was a student in the very first batch of students who were preparing for the Doctor of Ministry programme of Philip's University.

It was Bishop Arthur Luther who invited him to Bombay to work with Urban-Rural Mission. His work there resulted into BUILD in 1979. In 1985, he was invited to be the Executive Secretary of the Urban Rural Mission in Hong Kong and in 1986 the Associate General Secretary of the Christian Conferences in Asia based at Singapore.

He returned to India in 1992 and became the co-ordinator of the Synodical Board of Social Services of the Church of North India. It was George Ninan again who led the CNI into the programme **Towards a Holistic Understanding of Mission** (THUM) and became its Co-ordinator.

Never short of ideas, George has the distinction of starting such centers as Asha

ബിഷപ്പ് ജോർജ് നൈനാൻ കവിയൂർ അമ്പാട്ട് കുടുംബാംഗമാണ്. ഉത്തരേന്ത്യസഭ നാസിക്ക് മഹായിടവക ബിഷപ്പായി ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു. ബിഷപ്പിൻെറ പ്രവർത്തനങ്ങൾ, വീക്ഷണങ്ങൾ തുടങ്ങിയവ വ്യക്തമാക്കുന്ന അഭിമുഖവും ഒരു പ്രഭാഷണവും ഇതൊടൊപ്പം പ്രസിദ്ധീകരിക്കുന്നു.

\- എഡിറ്റർ

Kendra, Puntamba, in 1984, Vikas Adhyayan Kendra, Bombay and INSAF (Indian National Social Action Forum).

He has never been merely an academic person. All his programmes and ideas are praxis oriented.

Both George and Rachel like people. An efficient teacher in her own right, she has fully supported her husband in all this work. On average, atleast 75 cups of tea are made in their home every day to quench the thirst of office workers and visitors. In November 1994, I left my job in Bangalore and came to Ahmednagar all alone. My wife, Elizabeth, could not come with me as her school-Bishop Cotton Boy's School, Bangalore would not relieve her till she completed the academic year. I became a permanent **non-paying guest** in the Ninan home.

Both of them readily respond to other's needy whenever they see needs people. It is because of this spiritual quality shared by both of them that I titled this piece. **Born for each other and serving others.** Before writing this piece, I interviewed both of them.

I asked them about their future plans. Both of them want to remain involved in people's ministry. They believe in living in a community. They would also like to experiment with an inter-religious and social action oriented community. The Ninans, it seems, are never going to retire. After Bishop's Official retirement, he wants to devote his time for the ministry to the aged and aging people.

Some of the strengths of George, as I see them, are his desire for the best and his unwillingness to take **No** for the plans and schemes he envisages and his tremendous ability to relate himself to people around him.

I asked him searching questions about his views on the Church of North India and I gathered the following;

He believed that the Church of North India needs to be restructured especially with reference to CNI's property-he would like a more honest and judicious handling of property matters. George would also like to see within the CNI a greater sense of unity.

**He believed that the Church of North India needs to be restructured especially with reference to CNI's property-he would like a more honest and judicious handling of property matters. George would also like to see within the CNI a greater sense of unity.**



Pondering critically over the present state of affairs in the CNI, he laments that the 23 diocese are functioning like 23 independent kingdoms and believes that coordination of and cooperation among the 23 dioceses are necessary. He also believes sincerely that our Bishops too are human and therefore, are in need of pastoral care and counselling. These must come from the people they are ministering to. **People and community are central to his way of thinking. He, therefore, believes that the concept of episcopos should be rethought and redefined by the deglamorized; and bishops like presbyters should be transferable in accordance with the needs of the Church** into smaller dioceses. Such are some of his radical views.

He also believes that time has come for CNI to evaluate its social action impact. He believes that the Church of North India has the potential for change.

After becoming the Bishop of Nasik Diocese of the Church of North India, he had been striving ceaselessly for the holistic development of the diocese.

May God bless and make fruitful the ministry of George and Rachel is my most earnest prayer to God.



Rt. Rev. Dr. George Ninan & Mrs. Rachel Ninan

# Urban Poor: The Indian Scene

**RT. REV. DR. A. GEORGE NINAN.**

The story of the growth of the urban poor, is the story of the growth of the urban centres in India. India has not so far experienced rapid indus trialization or the industrial revolution. India remains predominantly a rural country. During the British period India contributed to the industrialization of the West but was kept out of the process consciously by the British rulers. The colonial powers used India as a supplier of raw materials for their factories.

**The emergence:** Hence a careful study of Indian industrialization would show that our metropolitan cities--Calcutta, Bombay and Madras- are ports and were developed during British rule. The raw material was brought to the port for exports and finished products arrived from England at these ports. The marketing of such goods was done in these big port cities. So trade and commerce developed in these cities. Britain also developed a good system of railways providing transport of raw materials and finished goods as well as people. Hence our big cities started growing beyond their capacities and opening up subsidiary service sectors, small scale industries etc. Naturally these provided more job opportunities and the city became the target of young and old seeking one kind of employment or the other. The railway system made the flow to the cities easier, quicker and heavier. Thus we find that he established urban centres were mostly ports engaged in the flow of raw material outside the country and handled the inflow of finished goods. The cities also provided certain infrastructures and subsidiary trade and commerce.

***Unemployment is growing in the big cities, both in the ports which developed in the colonial period as well as in the cities that grew around the heavy industry projects of socialist planning. Statistics hide the fact of a disparity between the rich and the poor. The new economy pollicy will not benefit the poor either in the cities or the countryside. So argued Dr. George A. Ninan, CNI Bishop of Nasik at a YMCA convention in Visakhapatnam. Dr. Ninan was formerly Associate General Secretary of the Christian Conference of Asia.***

After independence, since the then government believed in a mixed economy with socialist ideas, export and import became secondary priority to establishing heavy industries wherever raw material could be found. These industrial cities emerged in the open deserted areas and in many cases followed a planned growth. Almost all the workers came from outside and depended on the companies to provide basic infrastructure including housing, education and medical care. These industrial towns did not have at the beginning the problem of unemployment and hence no large scale poverty. However, gradually there grew around these cities all kinds of service units providing eating facilities, private educational institutions, medical facilities and entertainment. Such development brought in additional number of people. The industrial cities had employed a vast number of outside local rural/tribal people for the construction of the factories and the townships. After finishing the construction work the unskilled rural folk became unemployed. Their previous rural/tribal life style had been completely changed and after several years of employment they suddenly found themselves unemployed. Thus the post-independence emergence of industrial cities also contributed to the total number of urban poor in India.




റൈറ്റ് റവ. ഡോ. ജോർജ് നൈനാന് നൽകിയ സ്വീകരണ സമ്മേളനത്തിൽ ബിഷപ്പ് മറുപടി പറയുന്നു.

## Underdeveloped Rural India

So the emergence of urban poor is a result of colonial rule which did not promote planned industrialization as well as the growth of industrial cities in the heartland of India which also did not foresee and plan for employment and welfare of the people. In addition to these two major factors the main reason for the growth of the cities and urban poor is the underdeveloped rural India. Mahatma Gandhi the father of our nation entertained a vision of India which was rural, self sufficient, community-based and self-governed villages. The modern developmental activists to some extent would endorse Gandhiji's vision as it is proved from experience that the so-called development which is taking place around the world is not sustainable in terms of environment, justice, and equality. Such development as one has seen would make life on earth impossible in the years to come due to over-consumption of the resources, pollution and the problem of waste control. Gandhiji's dream, however, did not sound practicable in a world which is in pursuit of new technology and consumer interests. In Indian villages where the majority of the population live, the feudal system and land-ownership pattern still thrive today. The landlords dominate the scene and take

advantage of the ordinary people who are either marginal farmers or landless labourers. Their life is hard and they find it difficult to sustain their lives. The population continues to increase inspite of all efforts for family planning. This results in excess labour force which can not be absorbed gainfully in agriculture in the rural areas. Such situation has been happening and continues to happen even today forcing people to migrate to cities seeking employment and once they are in the city it is difficult for them to return to the village. The shrinkage of job opportunities in rural areas results in growing migration to urban population. Since independance, India's urban centres, thus increasing the urban population has experienced a tremendous increase. For example it doubled during the last two decades from 109 million in 1971 to 217 million in 1991. During the last decade while the total population grew at the rate of 23.56 per cent, the urban population registered a growth of 36.19 per cent. India with the second largest population in the world, also accounts for the second largest urban population although it is one of the least urbanized countries in the world.

### The Urban Poor in the Context of Indian Poverty

One cannot talk about urban poor out of context of the total economic situation of the whole nation. India is a developing country. During the last 40 years of Independence, there has been economic growth. There has been the green revolution assuring us enough food grains. The statistics show that there has been growth of GNP. Infact India is listed ahead of China in per capita GNP in the World Bank annual report of 1990. World Bank Report of the same year projected a dramatic fall in poverty in India in the 1990s. It is predicted that the percentage of those who are below poverty line is expected to come down from 57 per cent in 1989 to 25.4 percent by 2000. This would mean roughly a drop in the number of the poor from 420 million to 255 million by the end of 2000. All these statistics given in the present mood in the country, infact, hide the real picture. There is tremendous optimism that the new economic policy would usher in an era of prosperity in the country and that we would "develop" to the standards of the Western world. **The increase in per capital income in a country like ours where the majority of the people have only marginal or no participation in economic activity only shows the widening gap between the rich and the poor.** It is feared that along with the Exit Policy that is sought to be implemented, employees will be forced to choose between unemployment and a lower wage rate. Moreover with the full adoption of market economy in India a condition where labour supply exceeds demand, the real wages will be compressed by 30 to 40 percent of the present level. Unskilled labour with very low bargaining power because of its unorganized character and marginialisation will be hit harder. The Situation has also led to a perceptible increase in rural indebtedness. In the absence of institutional mechanism local moneylenders loan money at interest rates as high as 100 per cent and use goods to recover interest and capital with criminal intimidation and even torture. This appllies to the urban poor as well and leads to the crim inalisation of the rural and urban life.

**Such development as one has seen would make life on earth impossible in the years to come due to over-cons umption of the resources, pollution and the problem of waste control. Gandhiji's dream, however, did not sound practicable in a world which is in pursuit of new technology and consumer interests.**

Hence in India while there has been growth and development, the majority of the people are poor and marginalised. The economic advancement seems to be lopsided as it looks only at the growth rate and does not bother about distributive justice. Hence in a discussion of the urban poor, these issues and problems as well as the country's response should be taken into consideration within the framework of the current socio-economic and political systems and structures. We can not deal with urban poor alone. They are part of the total people who are exploited, marginalized and oppressed.

# ഈ സംസ്ക്കാരം എങ്ങോട്ട്?

റവ. എ. സി. ഉമ്മൻ

റിപ്പ്വാൻ വിങ്കിളിന്റെ കഥ കേട്ടിട്ടുണ്ടല്ലോ? കുറെ വർഷം ഉറങ്ങിപ്പോയ ശേഷം തിരികെ നാട്ടിൽ ചെന്നപ്പോൾ ഉണ്ടായ ഞെട്ടൽ. സംസ്ക്കാര വിപ്ലവത്തിന്റെ പ്രതിധ്വനി. വിദേശവാസത്തിനുശേഷം നാട്ടിലേക്ക് മടങ്ങുന്ന പലരുടെയും അനുഭവം ഇതിനു തുല്യമാണ്. വേഷവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. നൂറുവർഷം മുമ്പ് മാറ് മറയ്ക്കുവാനുള്ള അവകാശത്തിനു വേണ്ടി സമരം നടത്തിയ ഒരു സമുദായത്തെപ്പറ്റി പലരും കേട്ടിട്ടുണ്ടാകും! ഇന്നവർ പുറത്തുവരുന്നത് പട്ട്സാരികളണിഞ്ഞാണ്. ഇതു പോലെയുള്ള മാറ്റം എല്ലാമേഖലകളിലും കാണാം.


കഴിഞ്ഞ ഒരു ചെറിയ വേളയിൽ ക്രൈസ്തവസമൂഹത്തിലുണ്ടായ പരിവർത്തനമാണ് ഇവിടെ പരാമർശ വിഷയം. പണ്ട് മദ്യപന്മാർക്കും ദുർമ്മാർഗ്ഗികൾക്കും പള്ളിയാരാധന ഒരു പേടി സ്വപ്നമായിരുന്നു. ഇന്ന് സഭയിലെ പ്രധാന സ്ഥാനങ്ങൾ വഹിക്കുവാൻ ഇവർക്ക് ഭയമില്ല. സഭയുമായി നേരിട്ട് ബന്ധത്തിൽ വരുന്ന സ്നാനം, വിവാഹം, ശവസംസ്ക്കാരം എന്ന ശുശ്രൂഷകൾ തന്നെ ഒരു നാടകാഭിനയമായി മാറിയിരിക്കുന്നു. ഇവയുടെ നിയന്ത്രണം വീഡിയോഗ്രാഫർമാരാണ് ചെയ്യുന്നത്. ഇന്ന് ജനം ദൈവസാന്നിദ്ധ്യത്തേക്കാൾ കൂടുതൽ വീഡിയോസാന്നിദ്ധ്യത്തെക്കുറിച്ച് ബോധവാന്മാരാണ്. വിവാഹശുശ്രൂഷയ്ക്ക് പള്ളിയിലേക്ക് വരേണ്ട വധു ബ്യൂട്ടി പാർലറിലെ ശുശ്രൂഷ കഴിഞ്ഞ് അവരുടെ നിയന്ത്രണത്തിലെ പള്ളിയിൽ വരാനാകൂ. ബ്യൂട്ടിപാർലറിന്റെ സമയമനുസരിച്ച് ആരാധന ക്രമീകരിക്കേണ്ടി വരുന്നു. ദുഃഖപൂർണ്ണമയി ശവസംസ്ക്കാരം തന്നെ വീഡിയിയോയുടെ ആവിർഭാവത്തോടെ പ്രഹസനമായി മാറുന്നു. ശവത്തെ നോക്കിയല്ല വീഡിയോയെ നോക്കിയാണ് കരയുന്നതുപോലും. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ അഭിനയ സംസ്ക്കാരം സാരമായി ബാധിച്ചിട്ടുണ്ട്.

അനുസൃതം വർദ്ധിച്ചു വരുന്ന ആത്മഹത്യ പ്രവണതപോലും സിനിമയെയും ടിവിയുടെയും പ്രേരണയിൽ നിന്നും കൂടിയാണ്. സ്റ്റേജിൽ കാണുന്ന ആത്മഹത്യകൾ, കൊലപാതകങ്ങൾ, തുടങ്ങിയവ വിദഗ്ദമയി ആസൂത്രണങ്ങളാണെന്നു യുവതലമുറ മനസ്സിലാക്കുന്നില്ല. മദ്യപാനത്തിനുള്ള ആസക്തിയുടെ കാരണവും സാങ്കല്പിക ലോകത്തിൽ കുറെ സമയം രസിക്കുവാനുള്ള ആഗ്രഹമാണ്. പല മാനസികരോഗങ്ങളുടെയും കാരണം ഈ അഭിനയ ലോകത്തിൽ നിന്നും യഥാർത്ഥലോകത്തിലേക്ക് വരുവാനുള്ള കഴിവ് നഷ്ടപ്പെടുന്നതാണ്.

(ശേഷം 15-ാം പേജിൽ....)

# ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ രക്ഷയ്ക്ക് ഒരു രാഷ്ട്രീയമാനമുണ്ട് എന്ന ലേഖനത്തിനുള്ള പ്രതികരണങ്ങൾ

## പ്രതികരണം



ബിഷപ്പ് പൗലോസ് മാർ പൗലോസുമായി പ്രൊഫ. മാത്യു കോശി നടത്തിയ 'മുഖത്തോടു മുഖം' ഏപ്രിൽ 21ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നത് അനുവാചകശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. ബിഷപ്പിൻെറ അഭിപ്രായങ്ങളിൽ മിക്കതിനോടും എനിക്കു പൂർണ്ണമായ യോജിപ്പാണുള്ളത്. സഭയുടെ പരമ്പരാഗത നിലപാടിൽ മാറ്റം വരേണ്ടത് കാലത്തിൻെറ ആവശ്യമാണ് എന്നത് തർക്കമറ്റകാര്യമാണ്. എന്നാൽ ഞാൻ വിയോജിക്കുന്ന ചുരുക്കം ചില ആശയങ്ങളും അതിൽ ഇല്ലാതില്ല. അവ വിശദമാക്കുകയാണ് ഈ കുറിപ്പിൻെറ ഉദ്ദേശം.

ക്രിസ്തുവിൻെറ ഉയിർപ്പ് ശിഷ്യന്മാരിൽ, സമൂഹത്തിൽ ഉണ്ടാക്കിയ പരിവർത്തനവും ക്രിസ്തുവിൻെറ സജീവസാന്നിദ്ധ്യ ബോധം സൃഷ്ടിച്ച പ്രത്യാശയും ഇന്നും പ്രസക്തമാണ് എന്ന ബിഷപ്പിൻെറ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ നൂറ്റാണ്ടിലെ എക്സിസ്റ്റെൻഷ്യലിസ്റ്റ് വേദശാസ്ത്രജ്ഞൻമാരുടെ ചുവടുപിടിച്ച് ക്രിസ്തുവിൻെറ ഉയർപ്പു ചരിത്രയാഥാർത്ഥ്യമാണോ എന്നത് തനിക്കുവിഷയമല്ല എന്നു പറയുന്നതും അംഗീകരിക്കാവുന്നതേയുള്ളു. കാരണം ഓരോ വ്യക്തിയും രൂപപ്പെടുത്തുന്ന വേദശാസ്ത്ര ചിന്തകൾക്ക് ഉത്തരവാദിത്വം അയാൾക്കു തന്നെയാണല്ലോ. എന്നാൽ ക്രിസ്തുശിഷ്യൻമാർക്കും ക്രിസ്തുവിൻെറ പുനരുദ്ധാനത്തിൻെറ ചരിത്രപരത വിഷയമായിരുന്നില്ല എന്ന് ബിഷപ്പു പറയുന്നതിനോടു ഞാൻ വിയോജിക്കുന്നു.

ക്രിസ്തുവിൻെറ ഉയർപ്പു സംബന്ധിച്ച് രേഖപ്പെട്ടിട്ടുള്ള ആദ്യത്തെ പ്രസ്താവന വി: പൗലോസിൻേതാണ്. തൻെറ ക്രിസ്തു ദർശനത്തിൻെറ അനുഭവത്തിൻെറ സാഹചര്യത്തിൽ ആദിമസഭയുടെ പൊതുവായ അവബോധത്തിൽ അദ്ദേഹം പങ്കുചേരുന്നു. ക്രിസ്തു നമുക്കായും നമ്മുടെ അതിക്രമങ്ങളെപ്രതിയും തിരുവെഴുത്തിൻ പ്രകാരം കൊല്ലപ്പെടുകയും കബറടക്കപ്പെടുകയും ചെയ്തു. മൂന്നാംദിവസം ഉയർക്കുകയും അതിനുശേഷം പന്ത്രണ്ടുശിഷ്യന്മാർക്കും പ്രത്യക്ഷപ്പെടുകയും ചെയ്തു. (1കോരി: 15. 3-5) ക്രിസ്തു തൻെറ ശിഷ്യന്മാർക്ക് ഒറ്റതിരിഞ്ഞും പൊതുവായും പ്രത്യക്ഷനായി. താൻ ദർശനത്തിനും സ്പർശനത്തിനും വിധേയനാണെന്ന് അവരെ ബോധ്യപ്പെടുത്തി. (യോഹ: 20. 24-29) അതുകൊണ്ട് ശിഷ്യസമൂഹത്തിന് പ്രത്യാശയും ധൈര്യവും നൽകിയത് ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന വിശ്വാസമല്ലാ ഉത്ഥിതനാ ക്രിസ്തുവിനെ കണ്ടും സ്പർശിച്ചും മനസ്സിലാക്കിബോധ്യപ്പെട്ടതാണ്. ഈ വസ്തുതയാണ് ശിഷ്യന്മാരിൽ വിശ്വാസം ഉണ്ടാക്കിയത്. സ്ത്രീകൾക്ക് സ്ഥലം തെറ്റിപ്പോയോ എന്ന് അന്വേഷിക്കുന്നതിനും പുനരുത്ഥാനം സ്ഥിതീകരിക്കുന്നതിനും ശിഷ്യൻമാർ മെനക്കെട്ടില്ല എന്നുപറയുന്നതും ശരിയല്ല. സ്ത്രീകൾ പറഞ്ഞതുകേട്ടിട്ടും പത്രോസും യോഹന്നാനും കബറിങ്കലേക്ക് ഓടിയെന്ന് നാം വായിക്കുന്നുണ്ട്. അതായത് പരിശോധിച്ച് ബോധ്യപ്പെട്ട ഉയിർപ്പിൻെറ ചരിത്രപരതയായിരുന്നുശിഷ്യന്മാരുടെ വിശ്വാസത്തിൻെറ അടിസ്ഥാനവും ഉറപ്പും. ഒഴിഞ്ഞ കല്ലറയിൽ നിന്നു ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയിലേക്കും ഇടപെടലിലേക്കും കാര്യങ്ങൾ നീങ്ങിയപ്പോൾ സന്ദേഹത്തിൽ നിന്ന് ഉയർപ്പിൻെറ ചരിത്രപരതയിൽ അടിസ്ഥാനപ്പെട്ട ബോധ്യത്തിലേക്ക് ശിഷ്യഗണം പരിവർത്തനപ്പെടുകയായിരുന്നു.

രണ്ടാമതായി ക്രിസ്തുവിൻെറ പുനരുത്ഥാനത്തിൻെറ വാസ്തവികതയായിരുന്നു ക്രിസ്തുവിൻെറ അതുന്നത്തിൻെറയും ദൈവനിയോഗത്തിൻെറയും വിശ്വാസ്യത (credibility) ക്കും സത്യത(authenticity) ക്കും ആധാരമായി സുവിശേഷകർ കണ്ടത്. ക്രിസ്തുവിൻെറ ദൈവപുത്രത്വത്തിനും ദൈവവിളിക്കും തെളിവ് തൻെറ ഉയർപ്പാണെന്നു ക്രിസ്തു സൂചിപ്പിക്കുന്നു. തൻെറ പീഢനവും, ക്രൂശുമരണവുമല്ല, ഉയർപ്പത്രേ അതുന്നത്തിൻെറയും നിയോഗത്തിൻെറയും അടയാളമായി ക്രിസ്തു കണ്ടത്. അതുകൊണ്ട് ആദിമസഭയ്ക്ക് ക്രിസ്തുവിൻെറ അതുന്നം സംബന്ധിച്ച വിശ്വാസത്തിൻെറ അടിത്തറ താൻ ഉയർത്തെഴുന്നേൽക്കുമെന്ന ക്രിസ്തുവിൻെറ പ്രസ്താവന ഒരു ചരിത്രവസ്തുതയായി ബോധ്യപ്പെട്ടതാണ്.അതുകൊണ്ട് Demythologisat ion-ൻെറ പരിധിയിൽ ചരിത്രയാഥാർത്ഥ്യങ്ങളെ പരിമിതപ്പെടിത്താൻ സാധിക്കയില്ല. ക്രിസ്തുവിൻെറ ഉയർപ്പുമായി ബന്ധപ്പെട്ടു തന്നെയാണ് പുനരുത്ഥാനസന്ദേശത്തിൻെറ അംഗീകിരൃത. അതുകൊണ്ടുതന്നെയാണ് പാനൻബർഗിനേപ്പോലെയുള്ള പിൽക്കാല വേദശാസ്ത്രജ്ഞൻമാർഅസ്തിക്യ വേദശാസ്ത്രജ്ഞൻമാർക്കെതിരെ ആഞ്ഞടിക്കുന്നത്.

മറ്റൊരു വിയോജിപ്പ് മദ്യനിരോധവുമായി ബന്ധപ്പെട്ടാണ്. മദ്യപാനം നല്ലതാണെന്ന് ബിഷപ്പിന് അഭിപ്രായമില്ല. എന്നാൽ നിരോധനം ശരിയായ നടപടിയല്ല. ചാരായം നല്ലതല്ലെന്നു മനുഷ്യനെ ബോധ്യപ്പെടുത്തണമത്രേ! ആരോഗ്യത്തിന് ഗുണകരമാണ് എന്നു കരുതിയൊന്നുമല്ല മദ്യപാനികൾ അത് കുടിക്കുന്നത്. മാത്രവുമല്ല അതിൻെറ ദോഷങ്ങളെക്കുറിച്ച് അവർക്ക് അറിയുകയും ചെയ്യാം. എന്നാൽ മദ്യം നൽകുന്ന മായാനുഭൂതിയും രസവും മൂലം അതിൽനിന്നു പിന്തിരിയുവാൻ അവർക്കു കഴുയുന്നില്ലെന്നുള്ളതാണ് സത്യം. അതിസാധിക്കുന്നത് ചാരായത്തിൻെറ ലഭ്യത ഇല്ലാതാക്കുന്നതു നിമിത്തവും ചികിത്സകൊണ്ടുമാണ്. എന്നാൽ വൈദ്യസേവനത്തിനുശ്രമിക്കാൻ മദ്യപരിൽ ബഹുഭൂരിപക്ഷവും തയ്യാറല്ല. അതുകൊണ്ടു കർശനമായ മദ്യനിരോധനം മാത്രമേ പോംവഴിയുള്ളൂ. മദ്യാസക്തി(alcoholism) എന്ന രോഗാവസ്ഥയിൽ കുടിയന്മാർക്കു മദ്യം നൽകി അവരെ ചൂഷണം ചെയ്യുന്നതിനെ ഭ്രാന്തിയുടെ ചിരിത്രഭഞ്ജനത്തിനു ശ്രമിക്കുന്ന കശ്മലൻെറ ഹൃദയശൂന്യതയോടുമാത്രമേ ഉപമിക്കാനാവൂ.

മദ്യനിരോധനം നിയമമാക്കിയാൽ വ്യാജമദ്യത്തിൻെറ ഉത്പദനം വർദ്ധിക്കുമെന്ന ഭയത്തിന് അർത്ഥമില്ല. ഏതുനിയമം നിർമ്മിക്കപ്പെടുമ്പോഴും അതുലംഘിക്കപ്പെടാനിടയുണ്ടെന്ന് നിർമ്മാതകർക്കറിയാം. അതുകൊണ്ടാണ് അതുസംഭവിക്കുമ്പോൾ നൽകേണ്ട ശിക്ഷകൂടി നിർണ്ണയിക്കുന്നത്. നിയമം ലംഘിക്കപ്പെടുമെന്നു കരുതി നിയമം വേണ്ടായെന്നു ഒരു ഭരണകൂടവും വയ്ക്കുന്നില്ല. നിയമം കർശനമായി പാലിക്കപ്പെടേണ്ടതിന് പോലീസും, സർക്കാരും, നീതിന്യായക്കോടതിയും പൊതുജനങ്ങളും ജാഗ്രത പുലർത്തുകയാണാവശ്യം. മദ്യം സുലഭമാവുകയും മദ്യവില്പന നിയമാനുസൃതമാവുകയും ചെയ്യുമ്പോൾ മദ്യപാനം വർദ്ധിക്കുന്നു. ലംഘനമുണ്ടാകുമെന്നുകരുതി കൈക്കൂലി, പരീക്ഷകളിലെ കോപ്പിയടി, കള്ളക്കടത്ത് തുടങ്ങിയവ നിരോധിക്കിതിരിക്കുകയാണോ വേണ്ടത്? ബോധവൽക്കരണം നല്ലതാണ്, ആവശ്യവുമാണെ. എന്നാൽ ഇക്കാര്യത്തിൽ അത് കൂടുതൽ ആവശ്യം മദ്യനിരോധനത്തെ എതിർക്കുന്നവർക്കാണെന്നു തോന്നുന്നു. ഇന്നുഷാപ്പുകളിൽ വില്ക്കപ്പെടുന്ന കള്ളിൻെറ 75% വ്യാജമാണല്ലോ. കള്ളുനിരോധനം നിലവിലില്ലതാനും.

കൺവൺഷൻ പ്രസംഗങ്ങളുമായി ബന്ധപ്പെടുത്തി രക്ഷയെപ്പറ്റി പറയുമ്പോൾ ബിഷപ്പ് ലോകം രൂപാന്തരപ്പെടുത്താനുള്ള ചുമതലയേയും സ്പർശിക്കുന്നു. ആ സാഹചര്യത്തിലാണ് ബെർടോൾട് ബ്രെവ്തിനെ ഉദ്ധരിക്കുന്നത്. ലോകം വ്യത്യാസപ്പെടുന്നതിനു മുൻപ് ലോകത്തിൻെറ വിവിധ ഭഗങ്ങളിൽ രക്ഷയുടെ അർത്ഥവും അതുമൂലമുണ്ടാകേണ്ട ഫലങ്ങളും വ്യത്യസ്തമെന്നു മനസ്സിലാക്കണം. നാം വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ രക്ഷാകരമായ പരിണാമങ്ങൾക്കു വിധേയരായി ജീവിക്കുമ്പോഴാണ് ലോകത്തിന് വെല്ലുവിളിയാകുന്നത്. സഭാജീവിതം രക്ഷക്കുള്ള മാർഗ്ഗമാണ് എന്ന ബോധ്യം മറ്റുള്ളവർക്ക് ഉണ്ടാകുമ്പോൾ

**ഡോ. തോമസ് മാർ അത്തനാഷ്യസ് മെത്രോപ്പോലിറ്റൻ**


മാത്രമേ സഭ രക്ഷാപ്രസ്ഥാനമായി പരിണമിക്കൂ. ജീവിതത്തിലെ ചൈതന്യവും വെല്ലുവിളിയും സുവിശേഷകർക്കും സഭയ്ക്കും കൈമോശം വന്നതാണ് ക്രിസ്തുവിനെപ്പറ്റിയുള്ള അവകാശവാദങ്ങൾ ഉയർത്തിയും മറ്റു മതങ്ങളെ അപഹസിച്ചും 'സുവിശേഷഘോഷണം' നടത്തി ക്രൈസ്തവർ ദൈവനിയോഗത്തിൽനിന്ന് അന്യപ്പെടുന്നത്. ദൈവരാജ്യസ്ഥാപനത്തിനുള്ള വിളി മറന്നു കൊണ്ട് അധരവ്യായാമമായി സുവിശേഷഘോഷണം അധഃപതിച്ചിരിക്കുന്നതാണ് പ്രശ്നമായിരിക്കുന്നത്.

പ്രസ്തുത 'മുഖത്തോടുമുഖം' ക്രൈസ്തവജീവിതത്തെ കാലികമായി പുനർവ്യാഖ്യാനം ചെയ്യാനും മത ബഹുലസമൂഹത്തിൽ പുതിയ കാഴ്ചപ്പാടോടെ അവതരിപ്പിക്കാനും സാഹായിക്കും. സംഗതവും ബുദ്ധിപൂർവ്വവുമായ ചോദ്യങ്ങൾ ഉന്നയിച്ച പ്രൊഫ. മാത്യു കോശിക്കും അവയ്ക്ക് വ്യക്തവും പണ്ഡിതോചിതവുമായ മറുപടികൾ നൽകി മുഖാഭിമുഖം ധന്യമാക്കിയ ബിഷപ്പ് പൗലോസ് മാർ പൗലോസിനുംഅഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

---

*ഡോ. തോമസ് മാർ അത്തനോഷ്യസ് മെത്രാപ്പോലീത്ത സിറിയൻ ഓർത്തഡോക്സ് സഭ മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്തയാണ്. കേരളാകൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്നു.*

## പ്രതികരണം



ഫാ. ഡോ. കെ. എം. ജോർജ്ജ്

നമ്മുടെ രാജ്യത്ത് രാഷ്ട്രീയ സാമൂഹികതലങ്ങളിൽ ഉരുത്തിരിയുന്ന ആശയങ്ങളോടും ഉണ്ടാകുന്ന സംഭവങ്ങളോടും ശക്തമായി പ്രതികരിക്കുന്ന ഒരു വ്യക്തി എന്ന നിലയ്ക്ക് ബിഷപ്പ് പൗലൂസ് മാർ പൗലൂസ് ശ്രദ്ധേയനാണ്. ബിഷപ്പുമായി നടത്തിയ അഭിമുഖത്തിലൂടെ ആ പ്രതികരണത്തിന്റെ വിവിധവശങ്ങൾ നമുക്ക് ലഭിക്കുന്നു. ഒരു നല്ല ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിന് ജനങ്ങളുടെ തുടർച്ചയായ പ്രതികരണം ആവശ്യമാണെന്ന് നമുക്കറിയാം. അഞ്ചുവർഷത്തിലൊരിക്കലോ മറ്റോ നടക്കുന്ന ഒരു തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തിയതുകൊണ്ട് ജനപങ്കാളിത്തം തീർന്നു എന്ന മട്ടിലാണ്. നമ്മുടെ രാഷ്ട്രീയനേതാക്കളും ഒരു നല്ലപങ്ക് ആളുകളും പെരുമാറുന്നത്. അതുകൊണ്ടാണ് അഴിമതിയെന്ന ദുർഭൂതം ഉരുണ്ടുകൂടി ഹിമാലയരൂപം പ്രാപിക്കുമ്പോൾ മാത്രമാണ് ജനങ്ങൾ അറിയാനിടയാകുന്നത്. ഒരു ഭരണകൂടം അധികാരത്തിൽ നിന്ന് പോയതിനു ശേഷം ഭരിച്ചുകൊണ്ടിരിക്കുന്നവരുടെ അഴിമതിയെപ്പറ്റിഅന്വേഷിക്കാൻ നമ്മുക്കു കഴിയുന്നുള്ളു എന്നത് നമ്മുടെ ജനാധിപത്യത്തിന്റെ ആരോഗ്യം എങ്ങനെയുണ്ടെന്ന് തെളിയിക്കുന്നു. ജയലളിത ഗവൺമെൻറും റാവുഭരണകൂടവും ഏറ്റവും പുതിയ ഉദാഹരണങ്ങളാണ്. ഇവിടെയാണ് നിരന്തരമായ ജനജാഗ്രതയുടെയും പ്രതികരണശേഷിയുടെയും നിർണ്ണായക സ്ഥാനം നാം കാണുന്നത്. പൗലൂസ് മാർ പൗലൂസ് ഇക്കാര്യത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന സേവനം ആദരണീയമാണ്.

ഒരു വൈദികശ്രേഷ്ഠൻ എന്ന നിലയിലാണ് അദ്ദേഹം ക്രിസ്തീയസഭ, വേദപുസ്തകം, ക്രിസ്തുവിന്റെ അനുഭവങ്ങൾ തുടങ്ങിയെക്കുറിച്ച് സംസാരിക്കുന്നത്. തീർച്ചയായും വിയോജിപ്പ് ഉണ്ടാകാവുന്ന മേഖലയാണിത്.

കൺവെൻഷൻ രംഗത്തെക്കുറിച്ച് ബിഷപ്പ് പറയുന്ന കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. *യഥാർത്ഥ ക്രിസ്തീയ ദൗത്യം നിറവേറ്റുന്നതിൽ മടികാണിക്കുന്ന നമ്മുടെ ഇടവകകൾക്ക്, വളരെ പെട്ടെന്ന് തട്ടികൂട്ടാവുന്ന ഒരു പരിപാടിയാണ് കൺവെൻഷനുകൾ. നീതിയ്ക്കും, ന്യായത്തിനും സത്യത്തിനും വേണ്ടിയുള്ള ആഹ്വാനങ്ങൾ വളരെയൊന്നും കൺവെൻഷൻ പന്തലുകളിൽ മുടങ്ങാറില്ല.* കഥകളും, ഉപകഥകളും, പാട്ടുകളും കൊണ്ട് ജനത്തെ സന്തോഷിപ്പിക്കയും അമിതമായി വ്യക്തികേന്ദ്രീകൃതമായ ആത്മീയസന്ദേശം കൊടുത്ത് മനുഷ്യരുടെ അധ്യാത്മികതയെ വഴിതെറ്റിക്കയും ചെയ്യുന്ന ഒരു ഏർപ്പാടായിട്ടാണ് പല കൺവെൻഷനുകളും കണ്ടുവരുന്നത്. കോട്ടയം പോലെയുള്ള ഒരു ചെറിയ പട്ടണത്തിൽ ഒരു പ്രത്യേകത മൈതാനത്ത് വിവിധ സഭകളുടെയും പ്രസ്ഥാനങ്ങളുടെയും വകയായി ഇടമുറിയാതെ നടത്തുന്ന കൺവൻഷൻ കോലാഹലം കേട്ട് ക്രൈസ്തവരെ ഒന്നടങ്കം ശപിക്കുന്ന അയൽക്കാരെ കണ്ടിട്ടുണ്ട്. മനുഷ്യർക്ക് സൈ്വരമോ, വിദ്യാർത്ഥികൾ, രോഗികൾ തുടങ്ങിയവർക്ക് സ്വസ്ഥതയോ നൽകാതെ അത്ഭുത രോഗശാന്തി പ്രഖ്യാപിക്കുന്ന ഈ കൺവെൻഷൻ ഭ്രാന്തിൽ പെന്തിക്കോസ്തു സഭകൾ മുതൽ കത്തോലിക്കാ സഭ വരെ ഇടിച്ചു കയറുകയാണ്. ഇതിന്റെ ഏറ്റവും വലിയ ദോഷം ക്രിസ്തുവിന് വിരുദ്ധ സാക്ഷ്യം ഉണ്ടാക്കുന്നു എന്നതാണ്. ക്രിസ്ത്യാനികളെ അനുകരിച്ച് എല്ലാമതങ്ങളും മത പ്രസ്ഥാനങ്ങളും തങ്ങളുടെ ശക്തിയും ആൾബലവും സ്വാധീനവും കാണിക്കുന്നതിനുള്ള വേദിയായി കൺവെൻഷനുകൾ മാറിക്കഴിഞ്ഞു.

*ക്രിസ്തുവിന്റെ ഉയിർപ്പ്, വേദപുസ്തകം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ബിഷപ്പ് പറയുന്ന കാര്യങ്ങളിൽ ഒട്ടും മൗലികതയില്ല. പാശ്ചാത്യനാടുകളിലുള്ള യൂണിവേർസിറ്റികളിലും മറ്റു പഠിപ്പിക്കുന്ന സ്വതന്ത്രരായ പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞരും കുറെ റോമൻ കത്തോലിക്കാ ചിന്തകരും വളരെ നാളായിട്ട് പറയുന്ന കാര്യങ്ങൾ അദ്ദേഹം ആവർത്തിക്കമാത്രമാണ് ചെയ്യുന്നത്.* അക്കാദമിക്ക് വൃത്തങ്ങളിൽ മാത്രം അൽപ്പം കോളിളക്കമുണ്ടാക്കുന്ന അഭിപ്രായങ്ങൾ കൂടെകൂടെ പടിഞ്ഞാറുനിന്ന് വരുന്നുണ്ട്. യൂറോപ്പിലുള്ള ക്രിസ്ത്യാനികൾ ഒരു നല്ലപങ്ക് നാമമാത്ര ക്രിസ്ത്യാനികളാണ്. സമ്പൂർണ്ണമായും 'സെക്കുലർ' ചിന്താഗതികൾ വച്ചു പുലർത്തുന്ന അവർ ഇക്കാര്യങ്ങളൊന്നു ശ്രദ്ധിക്കാറേയില്ല. പിന്നെ ഒരു ചെറിയ വിഭാഗം ക്രിസ്ത്യാനികൾ തങ്ങൾ ഉൾപ്പെട്ടുനിൽക്കുന്ന സഭകളോട് ആഭിമുഖ്യവും താൽപ്പര്യവും പ്രകടിപ്പിക്കുന്നുണ്ട്. അവരിൽ പലരും യാഥാസ്ഥിതിക വിശ്വാസമുള്ളവരാണ്. ജർമ്മനിയിലും മറ്റ് യൂണിവേഴ്സിറ്റികളിലും പഠിപ്പിക്കുന്ന തിയോളജി പ്രൊഫസർമാരുടെ പുതിയ വെളിപാടുകളൊന്നും അവരെ അധികം ബാധിക്കാറില്ല. സഭാജീവിതവും തിയോളജിയും രണ്ടും രണ്ടായി പോകുന്ന സ്ഥിതിയാണ് പലയിടത്തും കാണുന്നത്.

പാശ്ചാത്യ പണ്ഡികന്മാരുടെ ആധുനിക വേദപുസ്തകവിമർശനവും പുരാതന രേഖകളെക്കുറിച്ചുള്ള അപഗ്രഥനങ്ങളും കുറെയൊക്കെ നമ്മെ സഹായിച്ചിട്ടുണ്ട്. എന്നാൽ പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകലിൽ സർവ്വകലാശാലകലിൽ തിയോളജിക്ക് മറ്റുള്ള ശാസ്ത്രീയ വിഷയങ്ങളോടൊപ്പം ബഹുമാന്യമായ ഒരുസ്ഥാനം കൈക്കലൊക്കാൻ ശ്രമം നടത്തി.17ാം നൂറ്റാണ്ടുമുതൽ ക്രമേണ പാശ്ചാത്യർ വികസിപ്പിച്ചുവന്ന ശാസ്ത്രീയ സമ്പ്രദായം (Scientific Method ) തിയോളജിയിലും പൂർണ്ണമായി സ്വീകരിച്ച് തിയോളജിയെ ഒരു മാന്യമായ ശാസ്ത്രശാഖയാക്കിത്തീർക്കാമോ എന്നാണ് മതപണ്ഡിതന്മാർ അന്വേഷിച്ചത്. അതിന്റെ ഫലമായി വസ്തുനിഷ്ഠമായും കൃത്യമായും വൈകാരികമായ ബന്ധം കൂടാതെയു് സുവിശേഷങ്ങളും വേദപുസ്തകത്തി ന്റെ മറ്റുഭാഗങ്ങളും വിശകലനം ചെയ്യാനാരംഭിച്ചു. അതുപോലെ സഭാചരിത്രവും രേഖകളും ആചാരങ്ങളും പൂർണ്ണമായും യുക്തിധിഷ്ഠിതമായ ശാസ്ത്രീയ പഠനത്തിന് വിധേയമാക്കി. വിശ്വാസം എന്നത് ആത്മനിഷ്ഠവും വൈകാരികവുമായ ഒരു സംഗതിയായതുകൊണ്ട്, ശരിയായ ശാസ്ത്രീയപഠനം വിശ്വാസവുമായി ബന്ധപ്പെടാത്തതായിരിക്കണം എന്ന് വന്നു. അങ്ങനെ ക്രിസ്തുവിന്റെ കന്യകാജനനം, ഉയിർപ്പ്, രോഗികൾക്ക് ക്രിസ്തു നൽകിയ അത്ഭുതകരമായ സൗഖ്യം തുടങ്ങി പരമ്പരാഗതങ്ങളായ ക്രിസ്തീയ വിശ്വാസങ്ങളെയെല്ലാം പുരാണകഥ (myth)യും കെട്ടുകഥയും അന്ധവിശ്വാസവുമൊക്കെയായി പാശ്ചാത്യസർവ്വകലാശാലകൾ പഠിപ്പിച്ചു. ജർമ്മനിയിലും മറ്റും ഡിമോഥോളജൈസേഷൻ (demythologisation) എന്ന പേരിൽ വേദപുസ്തകപണ്ഡിതന്മാർ ബൈബിളിന്റെ മിക്കഭാഗങ്ങളെയും കെട്ടുകഥയായോ പിൽക്കാലത്ത് ആരോകൂട്ടുചേർത്തതായോ, വെറും വിശ്വാസത്തിൽ നിന്ന് ക്രിസ്തീയ സമൂഹം സൃഷ്ടിച്ച കഥകളായോ ഒക്കെ വിവരിച്ച്, അശാസ്ത്രീയമെന്ന് വിശേഷിപ്പിച്ചു. എന്നാൽ ശാസ്ത്രീയതയുടെയും വസ്തുനിഷ്ഠതയുടെയുമായ ആധുനികത ഇപ്പോൾ ആധുനികോത്തരയ്ക്ക് (post-modernism) വഴിമാറിക്കൊടുക്കുകയാണ്. പാശ്ചാത്യസർവ്വകലാശാലകളിൽ പതിനായിരക്കണക്കിന് എഴുതികൂട്ടിയ 'ആധുനിയ'ഗ്രന്ഥങ്ങൾ

ചിതലിനും പുഴുവിനും പഥ്യാഹാരമായി മാറിക്കൊണ്ടിരിക്കുന്നു.കാരണം, അവിടെ കാറ്റുമാറി വീശിത്തുടങ്ങി, ശാസ്ത്രത്തിന്റെ അടിസ്ഥാനത്തെക്കുറിച്ച് തന്നെ മൗലികമായി പുതിയ ധാരണകൾ വന്നുതുടങ്ങി. ഇന്ദ്രയഗോചരവും സ്ഥലകാലങ്ങൾക്കുളളിൽ നിൽക്കുന്നതുമായ യാഥാർത്ഥ്യത്തെയാണ് ശാസ്ത്രം പഠിക്കാൻ ശ്രമിച്ചത്. ശാസ്ത്രത്തിന്റെ ഉപകരണങ്ങൾ അതിനുമാത്രം പറ്റിയതായിരുന്നു. എന്നാൽ അതീന്ദ്രിയമായ യാഥാർത്ഥ്യമൊന്നും ഇല്ല എന്നു പറയുകയോ അതീന്ദ്രിയാനുഭവങ്ങളെപ്പറ്റി പഠിക്കാൻ വിസമ്മതിക്കയോ ചെയ്തശാസ്ത്രം അതിന്റെ തന്നെ സമ്പ്രദായ മനുസരിച്ച് അശാസ്ത്രീയമായി പെരുമാറുകയായിരുന്നു.

അങ്ങനെ വന്നപ്പോൾ യേശുക്രിസ്തു എന്നൊരാൾ ഉണ്ടായിരുന്നോ എന്നു തന്നെ സംശയമായി. ഉണ്ടായിരുന്നെങ്കിൽന്നെ സംശയമായിരുന്നെങ്കിൽത്തദന്നെ അദേഹം പഠിപ്പിച്ചതെന്താണ്, ചെയ്തതെന്താണ് എന്ന് കൃത്യമായി പറയാൻ പാടില്ല.എന്നു വന്നു.

പാശ്ചാത്യ സംസ്കാരത്തിൽഉണ്ടായ 'ആധുനികത'യുടെ (modemity) അടിസ്ഥാനം യുക്തിമാത്രപ്രസ്ഥാനം (Enlightement) ആയിരുന്നു. അതിൻെറ സ്വാധീനത്തിലാണ് വേദശാസ്ത്രവും ബൈബിളും ശാസ്ത്രീയമാക്കാൻ ശ്രമം നടത്തിയത്. *പക്ഷെ ഇത് ഏതാണ്ട് ഉള്ളിപൊളിച്ചതുപൊലെയായി "ശാസ്ത്രീയ" ഉപകരണങ്ങൾ കൊണ്ടുവന്നപ്പോൾ വിശ്വാസം വെറും പൊള്ളയായി മാറി.*

അപ്പോൾ ക്രിസ്തുവിനെക്കുറിച്ചും, ബൈബിളിൻെറ ആധികാരികതയെക്കുറിച്ച് ബിഷപ്പ് പൗലോസ് പറയുന്ന കാര്യങ്ങൾ, പാശ്ചാത്യ 'ആധുനികതയിൽ' വിശ്വസിക്കുന്ന ധാരാളംപേർ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ക്രിസ്തീയസഭയുടെ അടിസ്ഥാനപരമായ സംഭവമാണ്, "foundational experience' ക്രിസ്തുവിൻെറ ഉയിർപ്പ്. മനുഷ്യാവതാരം തൊട്ടേ, ക്രിസ്തുവിൻെറ · യാഥാർത്ഥ്യം പൂർണ്ണമായും മനുഷ്യയുക്തിക്കു വഴങ്ങുന്നതല്ല. *അതുകൊണ്ട് വിശ്വസിക്കയും ആ വിശ്വാസം തലമുറകളായി പകർന്നുകൊടുക്കുകയും ചെയ്ത ക്രിസ്തീയ സമൂഹത്തിൻെറ അനുഭവത്തിൻെറ വെളിച്ചിത്തിലാണ് ക്രിസ്തു ആരാണെന്ന് അന്വേഷിക്കേണ്ടത്.* ശാസ്ത്രത്തെയും അതിൻെറ ഉപകരണങ്ങളെയും പൂർണ്ണമായും ഉപേക്ഷിക്കണെമെന്നല്ല ഇതിനർത്ഥം. അതിൻെറ പരിമിതികളെയും സകലയാഥാർത്ഥ്യത്തിൻെറ അപരിമിതമായ സംഭവത്തെയും വേർതിരിച്ചറിയാൻ നമ്മുക്ക് സാധിക്കണെമെന്ന് മാത്രം.

സുവിശേഷത്തിൻെറ അർത്ഥത്തെ ബിഷപ്പ് വ്യാഖ്യാനിക്കുന്നത് വിമോചനദൈവശാസ്ത്രം (Liberation Theology) എന്ന പേരിൽ പ്രസിദ്ധമായ വ്യാഖ്യാനശ്രമത്തിൻെറ അടിസ്ഥാനത്തിലണ് തീർച്ചയായും, കർത്താവിൻെറ സുവിശേഷം അധഃസ്ഥിതരെയും പാവങ്ങളെയും മർദ്ദിതരെയും ചൂഷിതരെയും സവിശേഷമായി ആകർഷിച്ചു എന്ന് സുവിശേഷം വായിക്കുമ്പോൾ തന്നെ നമുക്ക് മനസ്സിലാകും. വിമോചനദൈവശാസ്ത്രം മാർക്സിസ്റ്റ് സാമ്പത്തികവിശകലനത്തെ കൂട്ടുപിടിച്ച് നടത്തിയ വിചിന്തനങ്ങളും പ്രവർത്തനങ്ങളും കുറെയേറെ പ്രയോജനം നമുക്ക് ചെയ്തിട്ടുണ്ട് പക്ഷെ ഇന്ന് 'വിമോചന ദൈവശാസ്ത്രം'ഒരു സംഘടിത പ്രസ്ഥാനമെന്ന നിലയിൽ തളരുകയാണ്. എല്ലാ പ്രസ്ഥാനങ്ങളെയും പോലെ എങ്കിലും ക്രിസ്തുവിൻെറ സുവിശേഷം അതിൻെറ ആദിലാളിത്യത്തിലും ദൈവരാജ്യത്തെക്കുറിച്ചുള്ള സന്ദേശത്തിലും ഇന്നും പ്രസക്തമാണ്. അതിൻെറ ആരംഭവും ഒരളവുവരെ സാക്ഷൽക്കാരവും അവരുടെ ചരിത്രത്തിലും ദയനീയമായ മനുഷ്യവ്യവസ്ഥയുടെ രൂപാന്തത്തിലൂടെയും സംഭവിക്കേണ്ടതാണ്. *പക്ഷെ ചില വിമോചന ദൈവശാസ്ത്രജ്ഞർ കരുതുന്നതുപോലെ ദൈവരാജ്യത്തിൻെറ പൂർണ്ണ സാക്ഷാത്ക്കാരം നമ്മുടെ പരിമിതമായ ചരിത്രത്തിനുള്ളിൽ തന്നെ സംഭവിക്കുമെന്ന് ക്രിസ്തീയസഭ പഠിപ്പിക്കുന്നില്ല. വ്യക്തികളെന്ന നിലയിൽ ദൈവശാസ്ത്ര ജ്ഞന്മാർക്ക് വിഭിന്നാഭിപ്രായമുണ്ടാകാം.*

*ക്രിസ്തുവിൻെറ സുവിശേഷത്തിന് നമ്മുടെ സമൂഹത്തിൽ ബിഷപ്പ് പൗലോസ് മാർ പൗലോസ് നൽകുന്ന സാക്ഷ്യത്തെ നമുക്ക് ആദരിക്കാം.*

---

ഫാ. ഡോ. കെ. എം. ജോർജ്ജ്, പ്രസിദ്ധനായ ഒരു ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞനാണ്. കോട്ടയം പഴയസെമിനാരി വൈസ്പ്രിൻസിപ്പൽ.

## പ്രതികരണം

## പൌലൂസ് മാർ പൌലൂസും വേദശാശ്ത്രവും

റവ: ഏ.സി. ഉമ്മൻ

മാതൃഭൂമിവായനക്കാരുടെ പ്രത്യേക താല്പര്യങ്ങളെ മുൻനിർത്തി മെത്രാച്ചൻ നൽകിയ അഭിമുഖം New Vision-ൽ വന്നപ്പോൾ ചിന്താക്കുഴപ്പം സൃഷ്ടിക്കുവാൻ ഇടയുണ്ടല്ലോ. ദൈവമില്ല എന്നു ചിന്തിച്ചിരുന്ന പൈക്കിനെയും, റോബിൺസനെയും പോലുള്ള സഭാദ്ധ്യക്ഷൻമാർ മുൻപും ഉണ്ടായിട്ടുണ്ട്. ഇതുപോലെയുള്ള പലരെയും അതിജീവിക്കുവാനുള്ള ഉൾക്കരുത്ത് ക്രിസ്തുവിൻെറ സുവിശേഷത്തിനുണ്ട്. വാദപ്രതിവാദത്തിനോ ക്രിസ്തീയ വിശ്വാസത്തെ ഊന്നുകൊടുത്തു നിർത്തുന്നതിനും ഉദ്ദേശിച്ചല്ല ഈ കുറിപ്പ്. അഭിപ്രായങ്ങൾ ഇരുമ്പുലക്ക അല്ലെന്നു വിശ്വസിക്കുന്ന മെത്രാച്ചൻ, കമ്മ്യൂണിസത്തെയും ടിയാമൻ സ്ക്വയറിനെയും(ചൈന) സംബന്ധിച്ചിട്ടുള്ള നിലപാടുകളിൽ തകിടം മറിഞ്ഞതുപോലെ, തൻെറ വേദശാസ്ത്രത്തെയും പുനർചിന്തിക്കണേ എന്ന അപേക്ഷയും ആഗ്രഹവും മാത്രമാണ്.

### ക്രിസ്തുവും ഉയർപ്പും.

ശിഷ്യന്മാരുടെ ചിന്താഗതിയിലും അനുമാനത്തിലും രഹസ്യമായി ഉണ്ടായ ഒരനുഭവം മാത്രമാണ് ഉയർപ്പ്. ചരിത്രപരമല്ല എന്നതാണല്ലോ മെത്രാച്ചൻെറ നിലപാട്. ചില സംശയങ്ങൾ.

(1) ക്രിസ്തുവിനെക്കുറിച്ച് ആധികാരികമായി അറിയിക്കുന്ന ഏക ഗ്രന്ഥം നാലുസുവിശേഷങ്ങളാണ്. ജനനം, ജീവിതം, മരണം, ഉയർപ്പ് ഇവ എല്ലാം ചരിത്രസംഭവങ്ങളായി ഒരേ ഭാഷശൈലികളിൽ, അല്പസ്വല്പം വ്യത്യാസങ്ങളിൽ, അവ നാലും ഒരു പോലെ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ഭാഗംമാത്രം വിശ്വസനീയമല്ല എന്നു ചിന്തിക്കുന്നവർക്കും മുഴുവനും ഒന്നാകെ തള്ളികളകയല്ലേ ഉത്തമം? ഒരു നല്ലവനായി ജീവിച്ച് നല്ലവനായി രക്തസാക്ഷ്യം വഹിച്ച് എരിഞ്ഞടങ്ങിയ ഒരു നേതാവിൻെറ ചരിത്രം മാത്രമാണ് ക്രിസ്തുവിൻെറതെങ്കിൽ, എവിടെയാണ്, മെത്രാച്ചൻ, അങ്ങനെ ഒരാളെ കുറിച്ച്വായിച്ചത്?

(2) തുറന്ന കല്ലറയാണ് സഭയുടെ ഉല്പത്തി "നിങ്ങൾ അവനേ ക്രൂശിച്ചു; ദൈവം അവനേ ഉയർപ്പിച്ചു" എന്നതായിരുന്നു ശിഷ്യന്മാരുടെ പ്രഖ്യാപനം. ഈ വെല്ലുവിളിയേ നേരിടാൻ യഹൂദപ്രമാണികൾക്കും മഹാപുരോഹിതനും ചെയ്യാമായിരുന്ന ഏക നടപടി ശവശരീരം ഉയർത്തിക്കാണിക്കുകയായിരുന്നു. പാവപ്പെട്ട സ്ത്രീകൾക്കു വഴിതെറ്റിപോകയോ ഭയപ്പെട്ട ശിഷ്യന്മാർക്കു ശരിയായി അന്വേഷിക്കുവാൻ സാധിക്കാതെ പോകയോ ചെയ്തിരുന്നു എങ്കിൽ ഈ പൊതു ഉത്തരം തുറന്നുകാട്ടുവാൻ പട്ടാളവും അധികാരവുമുള്ള യഹൂദർമാർക്ക് എന്തുകൊണ്ടു സാധിച്ചില്ല?

(3) ഭയവിഹ്വലരായി, വാതിലടച്ചു. തിരുന്വേഷരായിരുന്ന ആ സാധാരണ മനുഷ്യരെ ലോകത്തെ കീഴ്മേൽമറിക്കുന്ന വിപ്ലവകാരികളായി രൂപന്തരപ്പെടുത്തിയത് ഏതുശക്തിയാണ്? മിക്കവാറും എല്ലാവരും തന്നെ രക്തസാക്ഷികളായാണ് ജീവിതം അവസാനിപ്പിച്ചത്. അവൻ ഉയർത്തിരിക്കുന്നു ഞങ്ങൾ കണ്ടു, എന്നു അവർക്ക് ഓരോരുത്തർക്കും മരണം അഭിമുഖീകരിക്കുമ്പോഴും പ്രഖ്യാപിക്കണമെങ്കിൽ അത് ഒരു വെറും സങ്കല്പലോകത്തെ തെറ്റായ ബോധത്തിൽ നിന്നും മാത്രമാണോ! തർശീശുകാരനായ ഒരു ശൌലിനെ, പൗലൂസായി മാറ്റി എടുത്തത് ഏതുയാഥാർത്ഥ്യമാണ്! രണ്ടായിരം വർഷമായി ലോകത്തെ വെല്ലുവിളിക്കുവാൻ സഭയേ ശക്തീകരിച്ചിരുന്ന വിശ്വാസസത്യം" "അവൻ ഉയർത്തിരിക്കുന്നു-നിശ്ചയമായും! എന്ന ഈസ്റ്റർ ദൂത്, വെറും മായയാണോ."

### വേദപുസ്തകവും അധികാരികതയും

അങ്ങിങ്ങുള്ള ചില വാക്യങ്ങളെ പരസ്പരബന്ധമില്ലാതെ ദുരുപയോഗിക്കുന്ന പ്രവണതയെ, എതിർക്കുന്ന മെത്രാച്ചൻ അബന്ധ നിബിഡമായ ഒരു ഗ്രന്ഥത്തിൽ കൂടുതലായി എന്തെങ്കിലും തിരുവചനത്തിൽ കാണുന്നുണ്ടോ! പൗരോഹിത്വ ശുശ്രൂഷയിൽ പ്രവേശിക്കുന്നവർ വേദപുസ്തകത്തിൽ വിശ്വസിക്കുന്നു എന്ന് പരസ്യമായി പ്രഖ്യാപിക്കുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്! മനുഷ്യനു ദൈവത്തോടും ഇതരമനുഷ്യരോടും ലോകത്തോടുമുള്ള ബന്ധത്തേ ആധികാരികമായി ചർച്ച ചെയ്യുന്ന ഗ്രന്ഥം

എന്നുമാത്രമല്ല: എഴുതപ്പെട്ട വചനത്തിൽനിന്നും സജീവവചനം ജീവനും ചൈതന്യവും പ്രാപിച്ച് വിശ്വസിക്കുന്നവർക്ക് ആഹാരമായിതീരുന്നു എന്നത് മെത്രാച്ചനു അനുഭവമില്ല എന്നല്ലേ ഇത് വ്യക്തമാക്കുന്നത്.

### രക്ഷയും രാഷ്ട്രവും

രക്ഷയ്ക്ക് ഒരു രാഷ്ട്രീയവശം കൂടി ഉണ്ട് എന്നതിനേക്കുറിച്ച് ആരും ചോദ്യം ചെയ്യുന്നില്ല. എന്നാൽ ഒരു പ്രത്യേക രാഷ്ട്രീയ സംഘടനയുടെ അംഗമാകുകയും, രാഷ്ട്രീയരംഗത്ത് ഒരു പോലെ അഭിപ്രായപ്രകടനം നടത്തുക എന്നത് ഓരോ ക്രിസ്ത്യാനികളുടെയും രക്ഷയ്ക്ക് അടിസ്ഥാനമാണെന്നും, രാഷ്ട്രീയപ്രവർത്തനത്തിൽ മാത്രം രക്ഷ അടങ്ങിയിരിക്കുന്നു എന്നു ചിന്തിക്കുക വേദപുസ്തകഅടിസ്ഥാനത്തിൽ തെളിയിക്കുക അസാദ്ധ്യമാണ്. മെത്രാച്ചനെ പോലുള്ളവർ "Secularism" ത്തിന് കൊടുക്കുന്ന വ്യാഖ്യാനമാണ് ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നത്. തിരുമേനിയുടെ പേര് തന്നെ ഉള്ള ഒരാളാണല്ലോ "കാണപ്പെടുന്നത് താല്ക്കാലികം;കാണപ്പെടാത്തതോ നിത്യം" എന്ന അടിസ്ഥാനവിശ്വാസ പ്രസ്താവനയിൽ ക്രിസ്തീയ വിശ്വാസത്തെ മുഴുവൻ സംഗ്രഹിക്കുന്നത്.

### ക്രിസ്തുവും ഇതരമതങ്ങളും

ആരംഭകാലം മുതൽ സഭയുടെ അവകാശവാദം "യേശു ക്രിസ്തു കർത്താവ്"എന്നതായിരുന്നു. ക്രിസ്ത്യാനികളുടെ ഒരു കുടുംബസ്വത്തല്ല ക്രിസ്തു. കർത്താക്കന്മാരിൽ ഒരുവൻ, രഹസ്യസ്വത്തിൻെറ (Private Sactor) അംഗം, എന്ന് സമ്മതിച്ചിരുന്നു എങ്കിൽ ഇത്ര അധികം രക്തസാക്ഷികളെ സഭ സൃഷ്ടിക്കയില്ലായിരുന്നു. സഭയായി ക്രിസ്തുവിൻെറ പൂർണ്ണചിത്രം ലോകത്തിനു നൽകുവാൻ നാം പരാജയപ്പെട്ടുപോയി എന്നു ലജ്ജയോടെ സമ്മതിക്കുന്നതിനൊപ്പം,"എല്ലാ നാവും അവനെ കർത്താവ് എന്ന് ഏറ്റ് പറയുകയും എല്ലാ മുഴങ്കാലും അവൻെറ മുമ്പിൽ മടങ്ങുകയും"ചെയ്യുമെന്ന പ്രഖ്യാപനത്തിൽ, വെള്ളം ചേർക്കുക അസാദ്ധ്യമാണ്. ആകാശത്തിലെ ശക്തികളും അവന് കീഴ്പ്പെടും എന്നും സകലചരാചരങ്ങളും അവനിൽ യോജിപ്പിക്കപ്പെടുമെന്നും ഉള്ള അടിസ്ഥാന നിലാപാടുകൾ, ക്രിസ്തുവിനെ, ബിഷപ്പ് ന്യൂബിഹിൻ, ചൂണ്ടിക്കാണിക്കുന്നതു പോലെ വേറും ഒരു Tribal God head- ഒരു വർഗ്ഗത്തിൻെറ പ്രത്യേക ദേവതയായി ചിത്രീകരിക്കുന്നതിനെ എങ്ങനെ അനുകൂലിക്കും.

സ്വർഗ്ഗത്തെയും നരകത്തെയും മറ്റുമുള്ള മെത്രാച്ചൻെറ അഭിപ്രായങ്ങളോട് ഇവിടെ പ്രതികരിക്കുവാൻ ഒരുമ്പെടുന്നില്ല. ഒരുകാര്യം വ്യക്തം- കഴുത്തിൽ തിരുകല്ലുകെട്ടി കടലിൻെറ ആഴത്തിൽ ഇട്ടുകളയണമെന്ന് സ്നേഹസ്വരൂപനായ ദൈവംതമ്പുരാൻ പറയുന്നുവെങ്കിൽ അങ്ങനെ ഒരു സ്ഥലം ചിലർക്കെങ്കിലും വേണ്ടി ഒഴിച്ചുകൂടാൻ പാടില്ലാത്തതല്ലെ?


മനുഷ്യനെ മനുഷ്യനാക്കുവാൻ നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങളിൽ ദൈവത്തെക്കൂടി പങ്കാളിയാക്കാതെ വിജയിക്കയില്ല എന്ന് തിരുമേനിയും സമ്മതിക്കുമല്ലോ. കേവലം രാഷ്ട്രീയവും, സാമൂഹികവും, സാമ്പത്തികവുമായ പ്രവർത്തനങ്ങൾ കൊണ്ടു മാത്രം അത് സാധ്യമല്ല എന്ന് അടുത്തകാലത്തെ അനുഭവങ്ങളിൽ നിന്നും വ്യക്തമാണ്. ലോകം പുതിയതാകണമെങ്കിൽ പുതിയ മനുഷ്യസമൂഹം ഉണ്ടാകണം. യേശുവിനെ രക്ഷകനായി സ്വീകരിച്ച ലക്ഷോപലക്ഷം പുതിയ മനുഷ്യർ ലോകത്തിലുണ്ടായിട്ടുണ്ട്. ധാർമ്മികചിന്ത വളർത്തിയെടുക്കുവാൻ ഈ പുതിയ മനുഷ്യർക്ക് കുറെയൊക്കെ സാധിച്ചിട്ടുണ്ട്. മറ്റ് മതവിശ്വാസികളിലും ഇപ്രകാരം പുതിയമനുഷ്യർ ഉണ്ടായിട്ടുണ്ടെങ്കിലും യേശു ക്രിസ്തു കാണിച്ചുതന്ന മാതൃകയും പാതയും ആണ് കൂടുതൽ ഫലപ്രദമെന്ന് നാം വിശ്വസിക്കുന്നു. അതാണ് നാം മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കേണ്ട "വഴിയും സത്യവും ജീവനും."

---

പ്രതികരണം

## ക്രിസ്തുവിൻെറ മാതൃകയും പാതയും പ്രാധാന്യം

സി. ജോൺ മത്തായി



ബിഷപ്പ് പൗലൂസ് മാർ പൗലൂസുമായി നടത്തിയ അഭിമുഖം വായിച്ചു. "തൽക്കാലം എൻെറ അജണ്ടായിലുള്ള വിഷയങ്ങളല്ല" എന്ന തിരുമേനിടെ പ്രതികരണത്തിൽ കൂടി ഞാൻ കാണുന്നത് ആത്മാർത്ഥതയാണ്. തിരുമേനിടെ അജണ്ടായിലുള്ള വിഷയങ്ങളെക്കുറിച്ച് ചോദിച്ചായിരുന്നുങ്കിൽ തിരുമേനിയെ കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നു.


നിത്യജീവൻ, പുനരുദ്ധാനം, സ്വർഗ്ഗം, ജീവൻെറ ഉത്ഭവം, ദൈവീക വെളിപാടുകൾ എന്നിവ എല്ലാം സർവ്വശക്തനായ ദൈവത്തിൻെറ അജണ്ടായിൽപെട്ട കാര്യങ്ങളാണല്ലോ. അവയെപ്പറ്റി പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്ക് സാദ്ധ്യമല്ല. ഈ വിഷയങ്ങളെക്കുറിച്ച് കൃത്യമായി ഉത്തരം പറയുവാൻ ഏത് ദൈവശാസ്ത്രജ്ഞനാണ് സാധിക്കുക ? റവ. ഡോ. കെ.വി. മാത്യുവിൻെറ പ്രതികരണത്തിൽ നിന്നു അത് വ്യക്തമാണല്ലോ. അടിസ്ഥാനപരമായി യാതൊരു ജ്ഞാനവുമില്ലാത്ത പല സംഗതികളും-അതായത് ടെലിവിഷൻ, കംപ്യൂട്ടർ, ഫലപ്രദമായി നാം കൈകാര്യം ചെയ്യുന്നുണ്ട്. ക്രിസ്തീയ അനുഭവവും ഏതാണ്ട് അപ്രകാരമാണെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ദൈവശാസ്ത്രജ്ഞന്മാരുടെ വ്യത്യസ്ത പ്രതികരണങ്ങൾ നമ്മെ നിരാശപ്പെടുത്തേണ്ട ആവശ്യമില്ല. അതെപ്പറ്റി ശണ്ഠകൂടാതിരുന്നാൽ മതി.

പട്ടത്വം, വിവാഹം, കൂദാശകൾ, മുതലായ സംഗതികളെപ്പറ്റി സഭകളുടെ പ്രമാണങ്ങളും അനുഷ്ഠാനങ്ങളും ശാശ്വത സ്വഭാവമുള്ളതല്ലല്ലോ. ഇവ പരലോകത്തിൽ അപ്രസക്തവുമാകുന്നു. ഇവയെപ്പറ്റിയുള്ള സഭകളുടെ ക്രമീകരണങ്ങൾ ദുഷിച്ചു പോകാതെയിരിക്കണമെങ്കിൽ അവയെ തുടർച്ചയായി പരിശോധിക്കുകയും നവീകരിക്കുകയും ചെയ്യേണ്ടതുണ്ട്. മാർട്ടിൻ ലൂഥർ മുതലായവരുടെ ഈ വിധത്തിലുള്ള ശ്രമങ്ങൾ പ്രൊട്ടസ്റ്റന്റ് സഭകളുടെ തുടക്കം കുറിക്കമാത്രമല്ല, റോമൻ കത്തോലിക്കസഭയെ തന്നെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനു ഇടയാക്കി. അതുകൊണ്ട് ക്രിസ്തീയ ചിന്തകരുടെ ഈ വിധത്തിലുള്ള ശ്രമങ്ങൾ ആത്മാർത്ഥ മനസ്സോടെ സഭകൾ വീക്ഷിക്കേണ്ടതാണ്.

---

പ്രതികരണം

## കുരുവിള മാത്തൻ



യേശു ശരീരത്തോടുകൂടി ഉയിർത്തെഴുന്നേറ്റു എന്ന വസ്തുത ശരിയായിരിക്കണമെന്നില്ല, പ്രത്യുത ശിഷ്യന്മാരുടെ മനസ്സിൽ ആത്മാവിൽ ഉയിർത്തെഴുന്നേറ്റിരിക്കാനാണ് കൂടുതൽ സാധ്യത എന്ന അഭിപ്രായം അടുത്തകാലത്ത് ചില ദൈവശാസ്ത്രജ്ഞൻമാർ പ്രകടിപ്പിച്ചിട്ടുണ്ട്. A.D. 1-0 നൂറ്റാണ്ടുമുതൽ തന്നെ യേശുവിൻെറ ശാരീരിക പുനരുത്ഥാനത്തിൽ സംശയിച്ചിരുന്ന വ്യക്തികളും സമൂഹങ്ങളും ഉണ്ടായിട്ടുണ്ട്. മനുഷ്യൻ ഭൂമുഖത്തുള്ള കാലത്തോളം അപ്രകാരം കാണുകയും ചെയ്യും. എന്നാൽ പരമ്പരാഗതമായി ശാരീരികപുനരുദ്ധാനത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നവർ നിരവധിയാണ്. എന്താണ് ഈ വിശ്വാസത്തിനാധാരം? പ്രധാനമായും വേദപുസ്തകത്തിലെ പുതിയനിയമം തന്നെ. ആദ്യം കേഫാവിനും, പിന്നീട് മത്ഥ്യസുൾപ്പെടെ പന്തിരുവർക്കും, അതിനുശേഷം അഞ്ഞൂറിലധികം പേർക്ക് ഒന്നിച്ചും, ഒടുവിൽ പൗലൂസിനും യേശുപ്രത്യക്ഷമായി. മഗ്ദലക്കാരത്തി മറിയയ്ക്ക് ആദ്യം പ്രത്യക്ഷമായി എന്ന മർക്കോസിൻെറ സുവിശേഷ ഭാഗവും മറ്റുചില വൈരുദ്ധ്യങ്ങളും വിട്ടുകളായാം.

യേശുവിന്റെ പുനരുദ്ധാനത്തിൽ ശിഷ്യന്മാർക്ക് യാതൊരു സംശയവുമില്ലായിരുന്നെന്നതു സ്പഷ്ടമാണ്. വിശ്വാസത്തിന് യുക്തി പൂർണ്ണമായി കീഴടങ്ങിയ ഈ അനുഭവം ചരിത്രത്തിലെ ഊരാക്കുടുക്കായിന്നും അവശേഷിക്കുന്നു.

ഇത്തരുണത്തിൽ സുവിശേഷകർത്താക്കളായിരുന്നെന്നു ആരായേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇവയുടെ കർത്തൃത്വം അജ്ഞാതമാണെന്നാണ് നിഷ്പക്ഷമതികളായ പണ്ഡിതൻമാരുടെ പക്ഷം. സുവിശേഷങ്ങൾ രചിക്കപ്പെടുന്നതിനുമുമ്പ് നാലഞ്ചുദശകങ്ങളായി അന്നത്തെ റോമാസാമ്രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ യേശുവിനെ സംബന്ധിച്ചു വാമൊഴിയായി പ്രചരിച്ചിരുന്ന കഥകൾ ക്രോഡീകരിച്ചെഴുതിയിട്ട് വിശ്വാസ്യതയ്ക്കുവേണ്ടി വിശുദ്ധ മത്തായി പ്രഭൃതികളിൽ അവയുടെ കർത്തൃത്വം ആരോപിക്കയാണുണ്ടായിട്ടുള്ളത്. ഇസ്ലാമിക പണ്ഡിതന്മാരിൽ ഒട്ടുപേർ പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളുടെയും തന്നെ (പൗലൂസിന്റെ ചുരുക്കം ചില ലേഖനങ്ങളൊഴിച്ച്)കർത്തൃത്വം ചോദ്യം ചെയ്യുന്നു.

*സുവിശേഷം വിശ്വാസികളുടെ സാക്ഷ്യപത്രമാണ്. അവർ പറയുന്നതു ചരിത്രമല്ല;യേശു, ക്രിസ്തുവാണെന്നുള്ള അവരുടെ അചഞ്ചലമായ വിശ്വാസത്തിന്റെ ഉദ്ഘോഷണമത്രെ.* ഡച്ചുകാരനായ കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ EDWARD SCHILLE BEECKX എതാണ്ടു മുകളിൽ പറഞ്ഞിരിക്കുന്നവിധം അഭിപ്രായപ്പെട്ടിട്ടുണ്ട്.

യേശുവിന്റെ ജീവിതകാലത്തു ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനെ ശരിയായി മനസ്സിലാക്കിയിരുന്നില്ല. സുവിശേഷങ്ങളിലെ ചില ഭാഗങ്ങൾ ഇതിനെ ദൃഢീകരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം അവർ അത്ഭുതകരമാംവണ്ണം രൂപാന്തരം പ്രാപിച്ചവരായിക്കാണപ്പെടുന്നു. ഭയ ചകിതരായിരുന്നവർ ആത്മവിശ്വാസത്തിന്റെ ഉത്തുംഗശ്രേണിയിലെത്തി, തന്റെ മരണം കൊണ്ടും കബറടക്കം കൊണ്ടും യേശു തങ്ങളിൽ നിന്നും തിരോധാനം ചെയ്തിട്ടില്ലെന്നും ഗുരുവും മാർഗ്ഗദർശിയുമായി ജീവിക്കുന്നു എന്നും അവർക്ക് അനുഭവവേദ്യമായി. അവർ അതു ഉച്ചൈസ്തരം ഘോഷിച്ചു. അതിശയകരമായ ഈ മാറ്റത്തിന്റെ കാരണം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഗുരു ആവശ്യപ്പെട്ടിരുന്നതനുസരിച്ച് യേശുവിന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാർ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ അദ്ദേഹത്തോടു കേട്ട പിതാവിന്റെ വാഗ്ദത്തിനായി കാത്തിരുന്നു. ഏകാഗ്രധ്യാനത്തിലും നിരന്തരപ്രാർത്ഥനയിലും വ്യാപരിക്കുന്നവരും ഉൽക്കടമായ അഭിവാഞ്ഛയുള്ളവരും ദർശനങ്ങൾ കാണും, ശ്രുതികൾ ശ്രവിക്കും, തങ്ങളുടെ യാഥാർത്ഥ്യം അല്ലെങ്കിൽ അസ്തിത്വം കണ്ടെത്തും:തർക്കമറ്റ സംഗതിയാണെന്ന് അനുഭവജ്ഞർ. ദൈവം ആത്മാവാകുന്നു.അവനെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്ന ഗുരുവചനത്തിന്റെ പൊരുൾ മേഘജ്യോതിസ്സുപോലെ അവരുടെ ഉൾക്കാമ്പിലേയ്ക്ക് പ്രവഹിച്ചിരിക്കണം. ആതമാവും ആത്മാവുമായ സംഘട്ടനവും ലയനവും അനന്തരശക്തിയുടെ സ്രോതസ്സായുള്ള മാറ്റം. മനുഷ്യപുത്രൻ ദൈവപുത്രനായി ഉയരുന്ന അനുഭവം. ഇതായിരിക്കണം ഉയിർത്തെഴുന്നേല്പിന്റെ സത്തയും സന്ദേശവും.

മനുഷ്യന്റെ ആവിർഭാവം മുതൽ, താൻ എവിടെനിന്നു വരുന്നു, തന്നെ ഏതു ശക്തി ഇവിടെ നിലനിർത്തുന്നു, താൻ എവിടേയ്ക്ക് പോകുന്നു എന്നീ ചിന്തകൾ അവനെ അലട്ടിയിരുന്നിരിക്കണം. ഓരോ സംസ്ക്കാരവും അതിന്റെ നിലവാരം അനുസരിച്ച് അവയ്ക്കുത്തരം കാണാൻ ശ്രമിക്കുന്നു. എറുമ്പ് കാണുന്നതുപോലെയല്ല ലോകത്തെ ആന കാണുന്നത്. മൃഗങ്ങളും പക്ഷികളും കാണുന്നതുപോലെയല്ല മനുഷ്യൻ കാണുന്നത്. ശിശു കാണുന്നതുപോലെയല്ല മദ്ധ്യവയസ്ക്കൻ കാണുന്നത്. വയോധികൻ വേറൊരു വിധത്തിൽ കാണുന്നു. ചുരുക്കിപ്പറഞ്ഞാൽ ഓരോന്നും അതിന്റെ ബോധതലത്തിൽ നിന്നുകൊണ്ട് തന്നെയും തന്നെ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തെയും കാണാൻ ശ്രമിക്കുന്നു; അതതിന്റെ ലോകം സൃഷ്ടിക്കുന്നു. 'നമുക്കു നമ്മെ പണിവതുനാകം നരകവുമതുപോലെ', ഉള്ളൂർ പറയുംപോലെ.

ആധുനിക ഭൗതികശാസ്ത്രവും ഈ വഴിക്കാണ് കൈചൂണ്ടുന്നത്. PLANCK, de BROGLIE, BOHR മുതലായ ശാസ്ത്രജ്ഞൻമാർ ആവിഷ്ക്കരിച്ച Quantum Mechanics ന്റെ സത്ത ഇതുതന്നെയാണ്. ഒരു വസ്തുവിനെ നിരീക്ഷിക്കുക എന്നാൽ നിരീക്ഷിക്കപ്പെടുന്ന വസ്തുവിന്റെ സൃഷ്ടിയാണെന്നാണ് ആ സിദ്ധാന്തം പറയുന്നത്. അദ്വൈത വേദാന്തികളുടെ ദൃഷ്ടിസൃഷ്ടിവാദം-സൃഷ്ടിച്ചിട്ട് ദർശിക്കുക-ഇതു തന്നെയാണ്. അത്ഭുതരോഗശാന്തിക്കാരും ഈ തത്വമാണ് പ്രയോഗിക്കുന്നത്.

നമ്മുടെ നൂറ്റാണ്ടിലെ പ്രമുഖ തത്വജ്ഞാനികളിലൊരാളായ WITTGE- NSTEIN പറയുന്നു:'You notice what you look for'.ശാസ്ത്രജ്ഞനായ BOHR സംസാരിക്കയാണെന്നു തോന്നും. സാധാരണവും അതേസമയം അത്ഭുതകരവുമായ നിരീക്ഷണം.

എല്ലാ ജീവജാലങ്ങളും ദൈവത്തിന്റെ കൈപ്പത്തിയാണെന്നും, ഒന്നും തന്നിൽനിന്ന് അന്യമല്ലെന്നും അനുഭവിച്ചറിയുന്നവൻ സ്വർഗ്ഗലോകം സൃഷ്ടിച്ച് അഭൗമ ആനന്ദത്തിലാറാടുന്നു. പൗലൂസിന്റെ ഭാഷയിൽ, അവർ കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നു. ഇവരാണ് യഥാർത്ഥ ആത്മാരാമന്മാർ. 'ചരയുടെ പാലുനുകർന്നവർ' എന്നു നാരായണഗുരു അവരെ വിളിക്കുന്നു. മറ്റുള്ളവർ അവരവരുടെ ലോകം സൃഷ്ടിച്ചു സംസാരചക്രത്തിൽകിടന്നഴലുന്നു.

മരണത്തിനപ്പുറം ഒരു ജീവിതം ഉണ്ടോ? ആർക്കറിയാം! The indiscovered country from whose bourn no traveller returns' എന്നു Shakespeare പറയുന്നു. മരണാനന്തര ജീവിതത്തെപ്പറ്റി വേദപുസ്തകം തരുന്ന സൂചനകൾ എന്താണ്? വൈരുദ്ധ്യം നിറഞ്ഞവയാകയാൽ അവസാധാരണക്കാരന് ചിന്താക്കുഴപ്പത്തിലാക്കുന്നു. പുനർജ്ജന്മം മുതൽ ദൈവത്തിലുള്ള ലയനംവരെ വൈവിധ്യമാർന്ന ഒരു broad spectum ദൃശ്യമാണ്. പുനർജ്ജന്മ സിദ്ധാന്തം ആദിമസഭ അംഗീകരിച്ചിരുന്നു എന്ന് ചരിത്രകാരന്മാർ പറയുന്നു. കാരണം കണ്ടുപിടിക്കാൻ വലിയ മേധാശക്തി ആവശ്യമില്ല. Clement of Alexandria, Crigen, Jerome മുതല്പേർ ഈ സിദ്ധാന്തത്തിന് വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ 553 ൽ Constantinople ൽ കൂടിയ രണ്ടാം കൗൺസിൽ ഈ സിദ്ധാന്തം heresy ആയി പ്രഖ്യാപിച്ചു.

Fr.നങ്ങച്ചിവീടന്റെ 'ഏഷ്യയിലെ മർത്തോമാസഭകൾ' എന്ന പുസ്തകത്തിലൊരുദ്ധരുണിയുണ്ട്. 'ഇൻഡ്യൻ സംസ്ക്കാരം പോലെ മറ്റൊരു സംസ്ക്കാരവും മനുഷ്യാത്മാവിന്റെ അഗാധതയിലേക്ക് ചുഴിഞ്ഞിറങ്ങിയിട്ടില്ല. മറ്റൊരു സംസ്ക്കാരവും മനുഷ്യന്റെ അവബോധം, അവന്റെ സ്വപ്നങ്ങൾ, അവന്റെ പ്രതീകങ്ങൾ എന്നിവയെപ്പറ്റി ഇതുപോലെ മനസ്സിലാക്കിയിട്ടില്ല. മറ്റൊരു സംസ്ക്കാരവും മനഷ്യന്റെ ശരീരശാസ്ത്രവും (പ്രാണൻ) മനശാസ്ത്രവും (മനനം) തമ്മിലുള്ള സ്വാഭാവികബന്ധത്തെപ്പറ്റി ഇത്രത്തോളം ഗ്രഹിച്ചിട്ടില്ല.'

ഈ സംസ്ക്കാരത്തിന്റെ പ്രണേതാക്കൾ ആരാണ്? തീർച്ചയായും വേദകാലത്തിലെ ഋഷികളായിരിക്കണം. അതിനാൽ മരണാന്തര സ്ഥിതിയെപ്പറ്റി അവരുടെ അവബോധം എന്താണെന്ന് ചിന്തിക്കുന്നതിൽ അപാകതയില്ലല്ലോ. ആധികാരികമായി പറയാൻ ഏറ്റവും യോഗ്യൻ യമദേവനായിരിക്കണം. നചികേതസ്സ് എന്ന ബാലന് ഇതിന്റെ രഹസ്യം അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. അവരുടെ പാരസ്പര്യം 'കഠം'എന്ന ഉപനിഷത്തിൽ കാണാം. 'പ്രശ്നം','ശ്വേതാശ്വതരം' എന്നീ ഉപനിഷത്തുകളിലും മരണാനന്തര സ്ഥിതിയെപ്പറ്റിയുള്ള വിവരണം ഉണ്ട്. ഹേ!മരണമേ നിന്റെ ജയം എവിടെ? എന്ന് വിശുദ്ധ പൗലൂസ് ചോദിക്കുമ്പോൾ അദ്ദേഹം അവരുടെ കൂടാരത്തിൽ വസിക്കുന്ന പ്രതീതിയുണ്ടാകുന്നു.

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കലെത്തുന്നില്ല." യേശുവിന്റെ ഈ വാക്കുകളുടെ അർത്ഥം എന്തായിരിക്കണം? താനും പിതാവു് ഒന്നാണെന്നനുഭവിച്ചറിഞ്ഞവനായിരുന്നു യേശു. പിതാവിനോട് താദാത്മ്യം പ്രാപിച്ചവൻ, സത്യം അറിഞ്ഞഗുരുവിന് മാത്രമേ സത്യത്തിലേക്ക് കൈപിടിച്ച് നടത്തുവാൻ സാധിക്കുകയുള്ളു. ഈ ഭൂമിയിലെ വാസത്തിനിടയിൽതന്നെ നിത്യതയെ ദർശിച്ച് നിത്യാനന്ദം അനുഭവിപ്പാനുള്ള മാർഗ്ഗം കാണിച്ചുതരികയായിരിക്കണം യേശു ഈ വാക്കുകളിൽ കൂടി. താഴ്മ മുഖമുദ്രയാക്കിയിട്ടുള്ള യേശു രക്ഷയുടെ കുത്തക ഏറ്റെടുക്കുന്നു എന്ന് ചിന്തിക്കുവാൻ പോലും പ്രയാസം.

കൺവെൻഷനുകൾ, പെരുനാളുകൾ, ചർച്ചകമ്മറ്റികൾ, ഡയോസ്സിസ്സൻ കൗൺസിലുകൾ, സഭാമണ്ഡലങ്ങൾ മുതലായവയെപ്പറ്റി ചിന്തിക്കുമ്പോൾ യെശയ്യാവും ആമോസുമൊക്കെയാണ് മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. തീർത്തും ശരിയെന്നഭിപ്രായമില്ല. നന്മയുടെ ബീജം ഒളിഞ്ഞും തെളിഞ്ഞും എല്ലായിടത്തും കാണാമല്ലോ.

വിവാഹം രണ്ടുവ്യക്തികളെ സംബന്ധിക്കുന കാര്യം. വ്യക്തികൾ സമൂഹത്തിന്റെ ഭാഗമാകയാൽ അതു സമൂഹത്തിന്റെ കാര്യമാകുന്നു. വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നെന്നു പറയുന്നതു ശരിയായിരിക്കാം. എങ്കിലും അമിതമായ ദൈവിക പരിവേഷം അതിനു കൊടുക്കേണ്ട ആവശ്യമുണ്ടോ? വിശുദ്ധ പൗലൂസിനു

അഭൗമദർശനം ലഭിച്ചു. അതിനെ ആധാരമാക്കി പല ഉപദേശങ്ങൾ അദ്ദേഹം നൽകുന്നുണ്ട്. അവയിൽ ചിലതു മാനുഷികനിലയിൽ എന്നു പറയുന്നുണ്ട്. പ്രവാചകശ്രേഷ്ഠനായ മുഹമ്മദിനും ഹീരാഗുഹയിൽ ധ്യാനനിരതനായിരുന്നപ്പോൾ ഗബ്രിയേൽ ദൂതൻ വഴി ചില വെളിപാടുകൾ ലഭിച്ചു. വലിയ ഒരു ജനസമൂഹം അവയിൽ വിശ്വസിക്കുന്നു. മറ്റു പലതിലുമെന്നപോലെ വിവാഹസംബന്ധമായ കാര്യങ്ങളിലും രണ്ടുപേരുടെയും വെളിപാടുകളിൽ വൈരുദ്ധ്യം കാണുന്നു.


വിവാഹമോചനം വ്യക്തിയുടെ അഭിമാനത്തെയും അന്തസ്സിനെയും തകർക്കുന്നു, തീർത്തും മാരകമായ ആഘാതമേല്പിക്കുന്നു. പ്രത്യേകിച്ചു സ്ത്രീകളിലും കുട്ടികളിലും അതിനാൽ ലാഘവബുദ്ധിയോടു കൈകാര്യം ചെയ്യേണ്ടതല്ല ആ പ്രശ്നം. തൻെറ കണ്ണിൽ കോലുള്ളപ്പോൾ അപരൻെറ കണ്ണിലെ കരട് എടുക്കാനുള്ള പ്രവണതയാണ് പ്രധാന കാരണം. പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നം ഒന്നും തന്നെയില്ല. സഭയ്ക്കും, സമൂഹത്തിനും സഹായകരമായ നടപടികളെടുക്കാവുന്നതാണ്. ദണ്ഡനീതി നടപ്പാക്കാതിരുന്നാൽ മതി.

---

ശ്രീ കുരുവിള മാത്തൻ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച് സഭാംഗമാണ്. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അഡീഷണൽ ഡയറക്ടറായിരുന്നു.

## പ്രതികരണം

ജോൺ ജെ. നെടുങ്ങാടപ്പള്ളി



ഡോ. പൗലൂസ് മാർ പൗലൂസുമായുള്ള അഭിമുഖം വായിച്ചു. ബിഷപ്പ് പറയുന്നത് സത്യമെങ്കിലും മതപരമായ എല്ലാ സത്യവും ആരെങ്കിലും ഇങ്ങനെ തുറന്നു പറയുമോ എന്നു ഞാൻ ശങ്കിക്കുകയാണ്. അങ്ങനെ പറയണമെങ്കിൽ നല്ല ധീരതയും വിശാലഹൃദയവും ഉണ്ടായിരിക്കണം. കാരണം, സുറിയാനി ക്രിസ്ത്യാനികൾ മാമൂൽ പ്രിയത്വം ഉള്ളവരാണ്. തങ്ങൾ ധരിച്ചുവെച്ചിരിക്കുന്നതിൽ നിന്ന് അണുവിടയെങ്കിലും മാറുന്നത് അവർക്കിഷ്ടമില്ല. ആരെങ്കിലും വ്യതിചലിച്ചാൽ അവനെ തികഞ്ഞ നിരീശ്വരവാദിയായോ, ഭൗതികവാദിയായ കമ്മ്യൂണിസ്റ്റായോ മുദ്ര കുത്തിക്കളയും. ബിഷപ്പിനെ സംബന്ധിച്ചിടത്തോളം ആ മുദ്ര കുത്തപ്പെടൽ സംഭവിക്കയില്ലായിരിയ്ക്കാം.

ദൈനംദിന ജീവിതത്തിനാണ് അദ്ദേഹം ഊന്നൽ കൊടുക്കുന്നത്. അതുകൊണ്ടാണല്ലോ ഈസ്റ്ററിനെപ്പറ്റിയുള്ള ചിന്തയിൽ, ജനനാന്തര പ്രശ്നങ്ങളുമായി മല്ലടിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളോട് മരണാനന്തരപ്രശ്നങ്ങളെപ്പറ്റി പറഞ്ഞു ശ്രദ്ധതിരിച്ചുവിടുന്നതിൽ അപാകതയുണ്ട് എന്നും, നരകത്തിലെ കെടാത്ത തീയെയും ചാകാത്ത പുഴുവിനെയും പറ്റി പറഞ്ഞു പേടിപ്പെടുത്തുകയോ സ്വർഗ്ഗത്തിലെ സൗഭാഗ്യാതിശയങ്ങളെപ്പറ്റി വർണ്ണിച്ച് പ്രലോഭിപ്പിക്കുകയോ ചെയ്യുകയല്ല, പ്രത്യുത ജീവിക്കുന്ന ക്രിസ്തുവിൻെറ സ്നേഹം, കരുണ ഇവ കാണിച്ചു കൊടുക്കലാണ് ക്രിസ്തീയധർമ്മം എന്നും പറയുന്നത്.

വള്ളിക്കും പുള്ളിക്കും ഭേദമില്ലാത്ത വണ്ണം എഴുതപ്പെട്ടതും ദൈവവിശ്വാസീയവുമാണ് വേദപുസ്തകം എന്നു മാത്രം ധരിച്ചു വെച്ചിരിക്കുന്നിടത്ത് തെറ്റുപറ്റാത്ത വാക്കുകളുടെ സമുച്ചയമല്ല വേദപുസ്തകം, ഇത് മനുഷ്യൻ എഴുതിയ ഗ്രന്ഥമാണ് എന്നു പറയുന്നതിലെ പരമാർത്ഥത ആർക്ക് വിഗണിക്കാൻ സാധിക്കും?

അതുപോലെ ക്രിസ്തുവിൻെറ അതുല്യതയെപ്പറ്റി പരാമർശിക്കുമ്പോൾ, ആധുനിക ജീവിതത്തോട് തികച്ചും നീതി പുലർത്തിക്കൊണ്ടാണ് ബിഷപ്പ് ചിന്തിക്കുന്നത് എന്ന് കാണാൻ സാധിക്കും. 'ശ്രീബുദ്ധനും, ശ്രീകൃഷ്ണനും, ശ്രീയേശുവും, നബിതിരുമേനിയും, ശ്രീനാരായണഗുരുവുമൊക്കെ തങ്ങളുടെ കാലത്തെ സംസ്ക്കാരത്തെ സമ്പന്നമാക്കിയിട്ടുണ്ട്' എന്നു പറയുന്നത് ഉദാത്തമായൊരു പ്രസ്താവനയാണ്. ഇവിടെ, ശ്രീയേശുവിനെ ഇതരമതനേതാക്കന്മാർക്ക് തുല്യനാക്കി എന്ന് തർക്കത്തിന് രന്ധ്രമന്വേഷിക്കുന്നവർ കണ്ടെത്തി എന്നുവരാം. ഏതാണ്ടൊൻപത് വർഷങ്ങൾക്ക് മുൻപ് എനിക്കങ്ങനെ ഒരനുഭവമുണ്ടായിട്ടുണ്ട് എന്ന് ഇത്തരുണത്തിൽ പറയട്ടെ. ഞാൻ ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലം. ഏതോ ഒരു സമ്മേളനത്തിന്, വള്ളത്തോളിൻെറ

'ക്രിസ്തുദേവൻെറ പരിത്യാഗശീലവും, സാക്ഷാൽ കൃഷ്ണനാം ഭഗവാൻെറ ധർമ്മരക്ഷോപായവും ബുദ്ധൻെറ യഹിംസയും........'

എന്നു തുടങ്ങിയ വരികളുദ്ധരിച്ച് മഹാത്മജിയെ പ്രകീർത്തിക്കയുണ്ടായി. ഒരു എൻ. എസ്. എസ്. സ്ക്കൂളായതിനാൽ 'ക്രിസ്തുഭഗവാൻ' എന്നാണ് ഞാനറിഞ്ഞുകൊണ്ടുതന്നെ പ്രയോഗിച്ചത് എന്നോർക്കുന്നു. പ്രസംഗം നന്നായോ ഇല്ലയോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷെ അടുത്ത ദിവസം സ്ക്കൂളിലെത്തിയപ്പോൾ ഒരു ഭൂഗമ്പമാണുണ്ടായത്. കത്തോലിക്കരും, അകത്തോലിക്കരുമായ, ക്രിസ്ത്യൻ കുട്ടികൾ എന്നിൽ രണ്ട് തെറ്റ് ആരോപിച്ചു. ഒന്ന്, ക്രിസ്തുവിന് 'ഭഗവാൻ' എന്ന വിശേഷണം ചേർത്തു. ഹൈന്ദവമായ ആ പദം ക്രിസ്തീയമല്ല. രണ്ട്, ക്രിസ്തുവിനെ കൃഷ്ണനോടും, ബുദ്ധനോടും താരതമ്യപ്പെടുത്തി. നസ്രാണിമാപ്പിളമാരുടെ സന്താനങ്ങൾക്ക് ആ തരം താഴ്ത്തൽ ഒട്ടും രസിച്ചില്ല. ഇന്നും ഈ രസക്കേട് തുടരുന്നുണ്ട് എന്നതൊരു പരമാർത്ഥമാണ്. അടുത്ത കാലത്ത് ഒരു സൺഡേസ്ക്കൂൾ വാർഷികാവസരത്തിൽ, തകഴിയുടെ 'രണ്ടിടങ്ങഴി'യിൽ നിന്നൊരു വാചകം- 'മനുഷ്യൻ! ഹാ!എത്ര സുന്ദരമായ പദം- ഞാനുദ്ധരിക്കയുണ്ടായി. ഇതു കേട്ടുകൊണ്ടിരുന്ന ഒരു സത്യക്രിസ്ത്യാനിക്ക് ദഹിച്ചില്ല. അയാൾ വ്യാഖ്യാനിച്ചു.'മനുഷ്യൻ' എന്ന പദം കമ്മ്യൂണിസചൊവയുള്ളതാണ്. ലെനിൻെറ ഏതോ പുസ്തകത്തിലെ ഉദ്ധരണിയാണ്. ബൈബിളിൽ വാക്യങ്ങളില്ലാഞ്ഞിട്ടോ ലെനിനേ ഉദ്ധരിക്കുന്നത്? എന്തിന്? അതിൻെറ പേരിൽ ഒച്ചപ്പാടായി; കോലാഹലമായി.


എന്നാൽ ഇവിടെയിതാ ഉന്നതാശയനായ ബിഷപ്പ് പറയുന്നു ;'മതസഹിഷ്ണുതയും മതസഹവർത്തിത്വവും നിലനിൽക്കുന്ന ഭാരതീയ സംസ്ക്കാരംമെനഞ്ഞെടുക്കുവാൻ അപരനെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും തീവ്രമായ ശ്രമംനടത്തേണ്ടതാണ് എന്ന്.

ഇതിൻെറ വെളിച്ചത്തിൽ
നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്ക നീ

എന്നു പറയുന്ന ശ്രീ നാരായണഗുരുസ്വാമികളെയും, 'I know that I can do nothing. God can do every thing. O God, make me Thy fit instrument and use me as Thou will എന്നു പ്രാർത്ഥിക്കുന്ന മഹാത്മജിയെയും (The Mind of Mahatma Gandhi by R.K. Prabhu) തുറന്ന മനസ്സോടെ നാം സ്വീകരിക്കേണ്ടതല്ലേ?

## പ്രതികരണം

എം.സി. ജോണി, കലൂർ



ബിഷപ്പ് പൗലൂസ് മാർ പൗലൂസ്, തൻെറ വിശ്വാസവും കാഴ്ചപ്പാടും ന്യൂവിഷനോട് വെളിപ്പെടുത്തിയത് വായിച്ചു. ബൈബിൾ സത്യങ്ങൾ (ക്രിസ്തുവിൻെറ വാക്കുകൾ) വളരെ സ്പഷ്ടവും ആർക്കും മനസ്സിലാകുന്നതും മറ്റൊരു പ്രത്യയശാസ്ത്രത്തിൻെറയും പിന്തുണ ആവശ്യമില്ലാത്തതുമാണ്. ഈ സത്യം അതേപടി ബിഷപ്പ് വിശ്വസിക്കുന്നില്ല അഥവാ കണക്കിലെടുക്കാൻ തയ്യാറല്ല എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിൻെറ വെളിപ്പെടുത്തലുകളിൽ നമ്മെ ബാധിക്കുന്ന ഏറ്റവും മുഖ്യ വിഷയം അന്ത്യന്യായവിധിയാണ്;ക്രിസ്തുവിൽ വീണ്ടും ജനിച്ച് രക്ഷപ്രാപിക്കാത്തവർക്ക് അഗ്നിനരകവും രക്ഷിക്കപ്പെട്ടവർക്ക് നിത്യജീവൻ (സ്വർഗ്ഗവും) ലഭിക്കുന്ന അവസരം (Mathew 5:22, Luke 10:20) അതുകൊണ്ടാണ് 'ദേഹത്തെയും ദേഹിയെയും നരകത്തിൽ നശിപ്പിക്കാൻ കഴിയുന്നവനെതന്നെ

ഭയപ്പെടുവിൻ എന്ന് ക്രിസ്തു പറഞ്ഞത്. Mathew 10:28, 16:27. ബിഷപ്പിന് ഇതത്ര ഗൗരവമുള്ള കാര്യമല്ലെന്നു തോന്നുന്നു. എന്നാൽ സഭകളുടെ ദൗത്യം ജനങ്ങളെ നരകത്തിൽ നിന്നു രക്ഷിക്കുക എന്നതുതന്നെയാണല്ലോ. ബൈബിളിന് പ്രാധാന്യം കൊടുത്തു പ്രവർത്തിക്കുന്ന ചെറിയവരും വലിയവരുമായ സഭാശുശ്രൂഷകർ (ആത്മീയ പ്രവർത്തകർ) ജനങ്ങളെ ഇക്കാര്യം ഉണർത്തിക്കുന്നത് എങ്ങനെ ഭീഷണിപ്പെടുത്തലാകും? ബിഷപ് ഒരു സഭയെ പ്രതിനിധികരിച്ച് ജനങ്ങൾക്ക് ആത്മിയ ശുശ്രൂഷ നൽകുന്ന ഒരു ശ്രേഷ്ട പുരോഹിതനാണ്. ക്രിസ്തു പറഞ്ഞത് അതിന്റെ പ്രാധാന്യമനുസരിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താൻ കടപ്പെട്ടവനുമാണ്. നിത്യരക്ഷ കഴിഞ്ഞിട്ടേ മറ്റെന്തുമുള്ളു.

ക്രിസ്തു ദൈവത്തിൽനിന്നു വന്ന ദൈവപുത്രൻ John 8:42: സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ലഭ്യമായവൻ Mathew 28:8: വഴിയും സത്യവും ജീവനുമായ ക്രിസ്തുവിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കൽ സ്വർഗ്ഗത്തിൽ എത്തുന്നില്ല. John 14: 6 പാപങ്ങൾ ക്ഷമിക്കപ്പെട്ട് Mathew 9:6- മരിച്ചാലും ജീവിക്കുവാൻ John 11:25- വേറെ എന്തെങ്കിലും ഒരു വഴി ബിഷപ്പിന് കാണിച്ചു തരുവാൻ കഴിയുമോ? കാര്യം പറയുന്നത് നരകം കാട്ടി ഭയപ്പെടുത്തുവാനും സ്വർഗ്ഗസുഖം പറഞ്ഞ് പ്രലോഭിപ്പിക്കുവാനും അതുവഴി ഈ ഭൂമിയിലെ അനീതിക്കെതിരെ പ്രതികരിക്കാതാക്കാനും ഉള്ളഅടവാണ് എന്ന് അദ്ദേഹം പറഞ്ഞില്ലങ്കിലും അങ്ങനെ ചിന്തിക്കുന്നുണ്ടാകും. എന്നാൽ ഈ ഭൂമിയിൽ സത്യവും, നീതിയും, വിശ്വസ്തതയും, ഭയവും, മനസ്സലിവും, സമാധാനവും, സന്തോഷവും, സംതൃപ്തിയും നിറഞ്ഞജീവിതത്തിന്റെ ആവശ്യകതയും കർത്താവിന്റെയാത്രയും വേറൊരു നേതാവോ തത്വസംഹിതയോ പറഞ്ഞിട്ടില്ല. അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്നു പറഞ്ഞത് എല്ലാവരും പാലിച്ചാൽ ഈ ഭൂമി സ്വർഗ്ഗമാവുകയില്ലേ? സമത്വത്തിനും സാമൂഹ്യനീതിക്കും വേണ്ടി വാദിക്കുന്ന മാർക്സിസം അതു നടപ്പാക്കുന്നത് എതിരാളികളെ കൊന്നു മുടിച്ചല്ലേ?

ക്രിസ്തുവിന്റെ കല്പനകൾ മനുഷ്യന്റെ ഇഹത്തിലെയും പരത്തിലെയും രക്ഷാകര ജീവിതത്തിനുള്ള അടിസ്ഥാനപ്രമാണങ്ങളാണ്. ക്രിസ്തുവിന്റെ കാലം മുതൽ സാധാരണക്കാരും പുരോഹിതരും, ബിഷപ്പുമാരും, പാസ്റ്റർമാരും, മിഷ്യനറിമാരും ഒക്കെ ജനങ്ങൾക്ക് ഇതിന്റെ വിശദീകരണം നൽകിക്കൊണ്ടിരിക്കിന്നു. കൺവെൻഷനുകൾ ഇതിന്റെ ഭാഗംമാത്രം. ഇതിനെ രാഷ്ട്രിയശക്തിപ്രകടനത്തിനോട് ഉപമിച്ചിരിക്കുന്നത് ഒട്ടും ശരിയായില്ല. ബൈബിൾ സത്യങ്ങൾക്ക് നിരക്കുന്ന നല്ല ഉപദേശങ്ങൾ മറ്റുമതങ്ങളിലുമുണ്ട്. മഹാത്മജി, ലിങ്കൺ, വിവേകാനന്ദൻ മുതലായി അനേകം നേതാക്കളും ലോകത്തിന് നീതിബോധനം നൽകിയിട്ടുണ്ട്. ഇതൊക്കെ പഠിക്കുന്നതും ഉൾക്കൊളളുന്നതും നല്ലതാണ്. എന്നാൽ ഇതൊന്നും ക്രിസ്തുവിൽ ലഭിക്കുന്ന ആത്മരക്ഷയ്ക്ക് ബദലല്ല. ഒരു വിശ്വാസി, ഒരു പാസ്റ്റർ, ഒരു പുരോഹിതൻ, ഒരു ബിഷപ്പ് ക്രിസ്തുവിന്റെ നാമത്തിലാണ് ജീവിക്കുന്നതെങ്കിൽ പൗലൂസപ്പോസ്തോലനെപ്പോലെ ധൈര്യത്തോടെ ജനങ്ങളുടെ മുന്നിൽ-ലോകത്തിന്റെ മുന്നിൽ-ഇതുപറയുവാനുള്ള ധൈര്യമുണ്ടാകണം. "ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന് ന്യായപ്രമാണത്താൽ ന്യായപ്രമാണസംബന്ധമായിമരിച്ചു. ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൽ ഏൽപ്പിച്ചുകൊടുത്ത ദൈവപുത്രങ്കലുളള വിശ്വാസത്താലത്രെ ജീവിക്കുന്നത്."ഗലാത്യർ 2:19,20

നിത്യ ജീവനും ലോകനീതിയും ജനങ്ങൾക്കു ലഭ്യമാക്കാൻ സഹായിക്കുന്നതിൽ സഭയ്ക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ഒപ്പം ഇതു പ്രയോഗത്തിൽ വരുത്താൻ പരിമിതികളുമുണ്ട്. സമത്വവും നീതിയും കൈവരുത്താൻ തക്ക രാഷ്ട്രിയ ഭരണാധികാരം സഭകൾക്കില്ല. ചെയ്യാൻ കഴിയുന്നത് മാതൃക കാട്ടിയും ബോധവൽക്കരണം വഴിയും. സഭ ഇത് പരമാവധി നിർവഹിക്കുന്നുമുണ്ട്. അതെസമയം ബൈബിൾ സത്യങ്ങളെ അതിന്റെ പ്രാധാന്യം അനുസരിച്ച് ജനങ്ങളേ ബോദ്ധ്യപ്പെടുത്തുന്നതിൽ പരാജയപ്പെട്ടാൽ സഭ അതിന്റെ ദൗത്യത്തിൽ പരാജയപ്പെടുകയാകും. ഒരു ബിഷപ്പ് അല്ലെങ്കിൽ പുരോഹിതൻ വിശുദ്ധ കുർബാന(തിരുവത്താഴം)ശുശ്രൂഷയും ആരാധനകളും നടത്തുമ്പോൾ അതിൽ പങ്കെടുക്കുന്നവർ അഗ്നിനരകത്തിൽ പോകരുതെന്ന താല്പര്യത്തോടെയല്ല അതു ചെയ്യുന്നതെങ്കിൽ ആ കാർമ്മികൻ ആ ശിശ്രൂഷ ചെയ്യാതിരിക്കുകയാവും ഭേദം ഇന്ന് ക്രിസ്തീയ പ്രവർത്തന-പുരോഹിത ശുശ്രൂഷ ചെയ്യുന്ന പലരും ജനങ്ങളുടെ ആത്മരക്ഷാ വിഷയത്തിന് അധികം വില കൽപ്പിക്കാത്തവരായുണ്ട്. അവരുടെ ഉളളിന്റെ ഉള്ളിൽ 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് അഥവാ ഭൂമിയിൽ സമത്വവും നീതിയും നടപ്പാക്കൽ ആദ്യം നടക്കട്ടെ പിന്നീടാകാം അത്മരക്ഷയെക്കുറിച്ചു ചിന്തിക്കാൻ' എന്നതാകും കാഴ്ചപ്പാട്. ഇങ്ങനെയുളള കാഴ്ചപ്പാടോടുകൂടിയവർ അഭിവന്ദ്യ Dr. M.M.Thomasന്റെ നിലപാട് ശ്രദ്ധിക്കുന്നതു കൊളളാം. അദ്ദേഹം, അനീതിയിലും അസമത്വത്തിലും മനോഭാരമുളളവനാണ്. അതേസമയം ബൈബിൾ സത്യങ്ങളുടെ കാര്യത്തിൽ ഒരു വിട്ടു വീഴ്ചയ്ക്കും തയ്യാറുമല്ല. സ്വന്തം മനസാക്ഷിക്കു വിരുദ്ധമായി നീങ്ങാൻ തയ്യാറല്ലാത്തതു കൊണ്ടാണല്ലോ ഗവർണർ പദവി രാജിവച്ചത്. ക്രിസ്തുവിനുവേണ്ടി ജനങ്ങളെ സേവിക്കാൻ മുന്നിട്ടിറങ്ങുന്നവ്യക്തി, ജനങ്ങളുടെ ആത്മരക്ഷയ്ക്ക് സഹായിക്കാൻ വേണ്ടുന്ന പ്രവർത്തനത്തിനു പരമപ്രാധാന്യം നൽകുക തന്നെ വേണം. മറിച്ച് ആശയക്കുഴപ്പം വരുത്തുന്ന സ്വന്തം കാഴ്ചപ്പാടുകൾ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചാൽ അതുവഴി അവർ തെറ്റായ വഴിയിൽരക്ഷിക്കപ്പെടാത്തവരായി ജീവിക്കാൻ ഇടവരും. അന്ത്യന്യായനിധി സമയം അതിനു സമാധാനം പറയേണ്ടിയും വരും "മനുഷ്യ പുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും. അപ്പോൾ അവൻ ഓരോരുത്തനും അവനവൻെറ പ്രവർത്തിക്കുതക്കവണ്ണം പകരം നൽകും." Mathew 16:27. 'ഒരു മനുഷ്യൻ സർവ്വലോകവും നേരിടും തൻെറ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? Mathew 16:26.

## പ്രതികരണം

### വൈ. മാത്യു

ബിഷപ്പ് പൗലോസ് മാർ പൗലോസുമായിനടത്തിയ അഭിമുഖസംഭാഷണത്തിലെ പ്രസക്തഭാഗങ്ങളും വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിച്ചുകൊണ്ടുളള എഡിറ്ററുടെ അറിയിപ്പും വായിച്ചു. ദൈവശാസ്ത്രപണ്ഡിതനല്ലാത്ത, ദൈവകൃപ അനുഭവിച്ചറിയുന്ന ഒരു ക്രിസ്തുവിശ്വാസിയുടെ പ്രതികരണം അറിയിക്കട്ടെ.

താൻ ശരിയെന്നുകരുതുന്ന കാലഹരണപ്പെട്ട ഒരു പൈശാചിക പ്രത്യയശാസ്ത്രത്തിൻെറ തടവുകാരനെന്നനിലയിൽ ബിഷപ്പ് പൗലോസ് മാർ പൗലോസിൽനിന്നും യഥാർത്ഥ വചനാനുസരണക്രിസ്തുവിശ്വാസത്തെ നിഷേധിക്കുന്ന പ്രസ്താവനകളല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കാവതല്ല എങ്കിലും ഒരു ക്രിസ്തീയ സഭാസംഘടനയുടെ നേതാവാണ്. അദ്ദേഹത്തോടും പ്രസ്തുത സഭാസംഘടനയോടും സഹതാപം തോന്നുന്നു. ക്രിസ്തുവിശ്വാസത്തിനും ദൈവവചനവിശ്വാസ്യതയ്ക്കും എതിരായുള്ള ആക്രമണങ്ങൾസഭയ്ക്കുളളിലുളള ഭൗതികമഹത്വത്തിൽ നിന്നും ഭൗതികവാദികളിൽനിന്നും ദുരുപദേഷ്ടാക്കളിൽനിന്നും സഭയ്ക്ക്പുറത്ത് മറ്റെല്ലാകൂട്ടരിൽനിന്നും നൂറ്റാണ്ടുകളായി നിലനിൽക്കുന്നുണ്ടല്ലോ. കൃപായുഗാവസാനം വരെ പിശാച് അങ്ങനെ തുടരുകയും ക്രിസ്തു വിശാസവും ദൈവവചനവും അജയ്യമായി നിത്യതയിലും തുടരുകയും ചെയ്യുമെന്ന് ക്രിസ്തുവിശ്വാസികൾ ഉറപ്പായി വിശ്വസിക്കുന്നു. ബിഷപ്പ് പൗലോസ് മാർ പൗലോസുമാർ (ഇങ്ങനെയുള്ളവർ നൂറു കണക്കിനു തന്നെയുണ്ടല്ലോ) കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് മാനസാന്തരത്തിലേക്ക്വന്ന്, ദൈവസ്നേഹത്തെ അനുഭവിച്ചറിഞ്ഞ്, വിശുദ്ധജീവിതം നയിച്ച്, ദൈവജനങ്ങൾക്ക് , വചനാനുസരണമുള്ള നല്ല നേതൃത്വം കൊടുക്കുന്നതിന് തന്മൂലം ക്രിസ്തുസഭയുടെ യഥാർത്ഥ ദൗത്യം നിർവ്വഹിക്കപ്പെടുന്നതിന് അവർക്കുവേണ്ടി തീഷ്ണതയോടെ പ്രാർത്ഥിക്കണമെന്ന് ദൈവജനത്തോട് വിനീതമായി അഭ്യർത്ഥിക്കുന്നതിന് ഈ അവസരം ഉപയോഗിക്കുന്നു.

# പ്രസംഗവും ജീവിതവും

## സുജാത

സ്വർഗ്ഗത്തെക്കുറിച്ച് മനോഹരമായി പലരും വർണ്ണിക്കാറുണ്ട്. ഈ സ്ഥലത്ത് പോയിട്ടുള്ളവരാരും തിരികെ വന്നിട്ടില്ലാത്തതിനാൽ, സ്വർഗ്ഗത്തെക്കുറിച്ച് ആർക്കും എങ്ങനെയും വർണ്ണിക്കാമല്ലോ. കേട്ടിരിക്കുന്നവരുടെ ശ്രദ്ധ കൂടുതലായി പിടിച്ചെടുക്കുവാൻ പലവിധത്തിലുള്ള വിശദീകരണങ്ങൾ പ്രസംഗകർ നല്കാറുണ്ട്. കേൾവിക്കാർ കുട്ടികളാകുമ്പോൾ, സ്വർഗ്ഗത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ കൂടുതൽ മനോഹരമാക്കാറുണ്ട്.

കുട്ടിക്കാലത്ത് ഇതുപോലെയുള്ള ഒരു വിശദീകരണം കേൾക്കുവാനിടയായി. തോമസ് അച്ചനാണ് ഈ വിശദീകരണം തന്നത്.

"സ്വർഗ്ഗം, സമൃദ്ധിയുടെയും സന്തോഷത്തിൻെറയും സമാധാനത്തിൻെറയും കേന്ദ്രമാണ്. അവിടെ ആർക്കും ദുഃഖമില്ല, വേദനയില്ല, കരച്ചിലില്ല, പട്ടിണിയില്ല. ദൈവദൂതന്മാരോടൊപ്പം ദൈവത്തെ സ്തുതിച്ച് കൊണ്ടിരിക്കുന്ന ഒരു സ്ഥലമാണ് സ്വർഗ്ഗ രാജ്യം."

സ്വാർത്ഥതയില്ല എന്നു വ്യക്തമാക്കുവാൻ അച്ചനൊരു സംഭവവും പറഞ്ഞു. അച്ചൻ നേരിൽ കണ്ട് രീതിയിൽ അവതരിപ്പിച്ചതിനാലാണ് സംഭവം എന്നു പറഞ്ഞത്.

"സ്വർഗ്ഗരാജ്യത്തിൽ ദിവസവും പായസം വിളമ്പാറുണ്ട്. പായസം എന്നു കേൾക്കുമ്പോൾ കൊതി വരാത്തത് ആർക്കാണ്? പക്ഷെ നമ്മുടെ ആവശ്യത്തിന് ഇഷ്ടം പോലെ പായസം എടുക്കുവാൻ പറ്റില്ല. പായസം കഴിക്കുവാൻ നമുക്ക് സ്വന്തമായി പാത്രം ലഭിക്കുക പോലുമില്ല. ഒരു വലിയ ഉരുളിയിലാണ് പായസം ഇരിക്കുന്നത് പായസം വേണമെങ്കിൽ ഉരുളിയുടെ ചുറ്റിനും പോയിരിക്കണം. വലിയൊരു തവി കൈയ്യിൽ വച്ച് കെട്ടിയിട്ടുണ്ടാകും. അതുകൊണ്ട് കൈ മടക്കി സ്വന്തം വായിലോട്ട്കൊണ്ടുപോകാനാവില്ല. തവി ഉപയോഗിച്ച് അടുത്തിരിക്കുന്ന ആളുടെ വായിലോട്ട് കൊടുക്കാം. ഓരോരുത്തൻ മറ്റുള്ളവരുടെ വായിലോട്ട് പായസം എടുത്തു കൊടുക്കണം. മറ്റുള്ളവർക്ക് കൊടുക്കുന്നതിൽകൂടിയെ നമുക്ക് ലഭിക്കൂ.

സ്വർഗ്ഗത്തിൽ എന്നും പായസം ഉണ്ടെന്ന് കേട്ടാൽ ഏത് കുട്ടിയാണ് ഒന്ന് പോകാനാഗ്രഹിക്കാത്തത്. അച്ചൻ, സ്വർഗ്ഗത്തെക്കുറിച്ചുള്ള വിവരണം ചുരുക്കിയത് ഇപ്രകാരമാണ്.

"മരണശേഷം സ്വർഗ്ഗത്തിലോട്ടോ, നരകത്തിലോട്ടോ നാം പോകും. നല്ലപ്രവർത്തികൾ ചെയ്യുന്നവരെല്ലാം സ്വർഗ്ഗത്തിലോട്ടും. ചീത്തപ്രവർത്തികൾ ചെയ്യുന്നവരെല്ലാം നരകത്തിലോട്ടും. സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നവരെല്ലാം നല്ലപ്രവർത്തികൾ ചെയ്യണം."

എൻെറ മനസ്സിൽ പതിഞ്ഞ ചിത്രമാണിത്. സ്വർഗ്ഗത്തിൽ പോകണം. അതിന് നല്ല പ്രവർത്തികൾ ചെയ്യണം. മരണത്തെ സന്തോഷത്തോടെ സ്വീകരിക്കണം.

തോമസ്അച്ചന്, എല്ലാം ശവസംസ്ക്കാര ശുശ്രൂഷയിലും ചരമപ്രസംഗം ചെയ്യണമെന്ന് നിർബന്ധമാണ്. പ്രസംഗങ്ങളുടെയെല്ലാം ചുരുക്കം ഇതാണ്.

"നിങ്ങളുടെ പിതാവ്(മാതാവ്) പോയിരിക്കുന്നത് ദൈവസന്നിധിയിലേക്കാണ്. അതുകൊണ്ട് നിങ്ങൾ കരയുകയല്ല സന്തോഷിക്കുകയത്രെ വേണ്ടത്. നമുക്ക് മുമ്പായി അവിടെ ചെന്നിരിക്കുന്നു എന്നുമാത്രമേ ഉള്ളൂ. നാമും ദൈവസന്നിധിയിൽ ഉടനെ ചെല്ലും."

മരണവീടുകളിൽ എല്ലാം തോമസച്ചൻ ചെല്ലും. തൻെറ പ്രസംഗങ്ങളിൽ കൂടി പ്രത്യാശയും സന്തോഷവും ബന്ധുക്കൾക്ക് നൽകുവാൻ അച്ചൻ ശ്രദ്ധിക്കും.

തോമസ് അച്ചന് 75 വയസ്സ് കഴിഞ്ഞു. രോഗങ്ങൾ അച്ചനെ ആക്രമിച്ചു തുടങ്ങി. മാസത്തിൽ ഒന്നു, മാസത്തിൽ രണ്ട്, മാസത്തിൽ മൂന്ന് എന്നീ ക്രമങ്ങളിൽ ആശുപത്രിയിൽ ചെല്ലേണ്ട അവസ്ഥയിലായി.

> ഇത്രയും പ്രായമുള്ള അച്ചനെ ഓപ്പറേറ്റ് ചെയ്താൻ രക്ഷപെടുമെന്ന് ഒരുറപ്പുമില്ല എന്ന ഡോക്ടറുടെ പ്രസ്താവന അച്ചനെ തകർത്തുകളഞ്ഞു.

അവസാനം ഡോക്ടർ പറഞ്ഞു.

കുറച്ചുനാൾക്കൂടി ജീവിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയനായെ പറ്റൂ. മദ്രാസിൽപോയി ഓപ്പറേറ്റ് ചെയ്താൽ, ചെലവുകൂടുമെങ്കിലും, രക്ഷപെടും എന്ന കാര്യം ഉറപ്പാണ്.

ശരി എന്നാൽ മദ്രാസിൽപ്പോയി ശസ്ത്രക്രിയ നടത്തിക്കളായാം എന്ന് തോമസ് അച്ചൻ തീരുമാനിച്ചു. മദ്രാസിൽ ചെന്നപ്പോൾ ഡോക്ടർ ശസ്ത്രക്രയിയ ചെയ്യുവാൻ വിസമ്മതിച്ചു.

ഇത്രയും പ്രായമുള്ള അച്ചനെ ഓപ്പറേറ്റ് ചെയ്താൻ രക്ഷപെടുമെന്ന് ഒരുറപ്പുമില്ല എന്ന ഡോക്ടറുടെ പ്രസ്താവന അച്ചനെ തകർത്തുകളഞ്ഞു.

നിരാശനായി തിരികെവന്ന അച്ചൻ, തൻെറ അവസ്ഥ ദുഃഖത്തോടെ പലരോടും വിവരിച്ചു.

പഴയതുപോലെ പ്രസംഗിക്കാനാവില്ല, എന്നതു അച്ചനെ കൂടുതൽ ദുഃഖിപ്പിച്ചു.

അച്ചൻെറ ധാരാളം പ്രസംഗങ്ങൾ കേട്ടിട്ടുള്ള എനിക്ക് ചില സംശയങ്ങൾ ഉണ്ടായി. സ്വർഗ്ഗത്തിൽ പോകുവാൻ അച്ചൻ സന്തോഷിക്കുകയല്ലേ വേണ്ടത്? മറ്റുള്ളവരോട് മരണത്തെക്കുറിച്ച് പ്രസംഗിക്കാറുള്ള അച്ചൻ സ്വന്തം കാര്യം വരുമ്പോൾ എന്തിനാണ് പ്രയാസപ്പെടുന്നത്?

ഇവിടെ ഒരു സരസൻെറ കമൻറ്:

"മറ്റുള്ളവർ എങ്ങനെ ജീവിക്കണം, സംസാരിക്കണം, പ്രവർത്തിക്കണം, ഇതൊക്കെ പറയുക എന്നതാണ് അച്ചന്മാരുടെ പ്രസംഗത്തിൻെറ ഉദ്ദേശ്യം. അതുപോലെയാണ് തങ്ങൾ ജീവിക്കുന്നത് എന്ന് അവർ അവകാശപ്പെടുന്നില്ലല്ലോ! അതുകൊണ്ട് അവരെ എന്തിന് കുറ്റപ്പെടുത്തണം."

വാൽകഷണം:

മർത്തോമ്മാ സഭയിലെ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തയുമായി അഭിമുഖസംഭാഷണം നടത്തുവാൻ രണ്ട് അദ്ധ്യാപകർ പോകുകുയുണ്ടായി. ഒരു മാസികയിൽ പ്രസിദ്ധീകരിക്കാനായിരുന്നു ഈ അഭിമുഖസംഭാഷണം. സ്ഥലം മെത്രാച്ചൻെറ അരമനയും. ചോദ്യങ്ങൾക്ക് മെത്രാച്ചൻ നൽകിയ ചില മറുപടി രസകരമായിരുന്നു. ഒരു ചോദ്യം: പ്രസംഗവും ജീവിതവും തമ്മിൽ ഇന്നു വലിയ അന്തരമുണ്ട്. ക്രൈസ്തവ സഭയ്ക്ക് ഇന്നു പറ്റിയിരിക്കുന്ന ഒരു പരാജയം ഇതാണെന്ന് പറയാമോ? മെത്രാച്ചൻ: പ്രസംഗവും ജീവിതവും ഒരുപോലെയുള്ള മൂന്നുപേരെയേ ഞാൻ ഈ ലോകത്ത് കണ്ടിട്ടുള്ളു. ആരൊക്കെയാണെന്ന് കേൾക്കണോ?

"കേൾക്കണം"

മെത്രാച്ചൻ: ഒന്നു കർത്താവായ യേശുക്രിസ്തുവാണ്. മറ്റ് രണ്ടുപേർ, നിങ്ങൾ രണ്ടുപേരുമാണ്.- ചോദ്യകർത്താക്കളുടെ 'ചമ്മൽ' മാറുവാൻ അല്പസമയം തന്നെ എടുത്തു.

●

## ഈ സംസ്ക്കാരം എങ്ങോട്ട്...

(7-ാം പേജിൽ നിന്നു തുടർച്ച)

നൂലാമാലപോലെ കുരുങ്ങിക്കിടക്കുന്ന പല ദാമ്പത്യ പ്രശ്നങ്ങളുടെയും കുരുക്ക് അഴിയുവാൻ സഹായിക്കുക എന്നതാണ് കൗൺസിലർ എന്ന നിലയിൽ എൻെറ പ്രവർത്തനം. സങ്കീർണ്ണമായ പല പ്രശ്നങ്ങളുടെയും അടിസ്ഥാനം കർത്താവ് വ്യക്തമാക്കിയ 'കപടഭക്തി' എന്ന സ്വഭാവവിശേഷമാണ്. ഇരട്ടത്താപ്പ് ജീവിതമാണ് സകല പ്രശ്നങ്ങളുടെയും കാരണം. ഒരു വശത്ത് പള്ളിയിൽ പ്രസംഗവും നേതൃത്വവും. മറുവശത്ത് മദ്യഷാപ്പും, വേശ്യാലയവും.

കേരളത്തിൽ ക്രൈസ്തവസാക്ഷ്യം സഫലമാകണമെങ്കിൽ തെരുവ് പ്രസംഗങ്ങളും തീപ്പൊരി വിതറുന്ന "പ്രവാചക ശബ്ദവും" മാത്രം പോരാ. ഇന്നലെയും ഇന്നും അദൃശ്യനായിരിക്കുന്ന രക്ഷകൻ സ്പർശിക്കണം. കാണപ്പെടുന്നത് താല്കാലികം കാണപ്പെടാത്തത്ത് നിത്യം എന്ന് അപ്പോൾ ബോദ്ധ്യപ്പെടും.

*റവ. എ.സി. ഉമ്മൻ, സി.എസ്സ്.ഐ. സഭയിലെ ഒരു പട്ടക്കാരനാണ്. വെല്ലൂർ മെഡിക്കൽ കോളജിലെ ചാപ്ലെയിനായി ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്നു. താമസം അമ്പാട്ട്, കവിയൂർ, തിരുവല്ല.*

# പ്രപഞ്ചസൃഷ്ടിയുടെവിവരണം

ഉല്പത്തി. **1. 1-31** റവ. എൻ.വി. കോരുള

ലോകസൃഷ്ടിപ്പിനേയും മനുഷ്യവംശത്തിന്റെ ആരംഭത്തേയും പറ്റി ഉല്പത്തി പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികളും, യഹൂദരും വിശ്വാസത്തിന്റെ ആധാരമായി അംഗീകരിച്ചിരിക്കുന്നു. രാത്രിയും പകലും, ആകാശവും ഭൂമിയും, കരയും കടലും, സൃഷ്ടിച്ച ദൈവത്തിന്റെ ആത്മാവ്വെള്ളത്തിൻമീതെ ഉണ്ടായിരുന്നു. സസ്യങ്ങൾ ഭൂമിയിൽ മുളച്ചു. സൂര്യചന്ദ്രന്മാരെയും ഉണ്ടാക്കി. മത്സ്യങ്ങളെയും ഭൂചരജന്തുക്കളെയും പറവജാതികളെയും ഉണ്ടാക്കി. പിന്നീട് മനുഷ്യനെ മണ്ണുകൊണ്ട് ഉണ്ടാക്കി, മൂക്കിൽ ജീവശ്വാസം ഊതി. ആദം എന്ന് ആദ്യമനുഷ്യനു പേരിട്ടു. ആദമിനു ഗാഢനിദ്ര വരുത്തി, അവന്റെ വാരിയെല്ലെടുത്ത് , ഹവ്വായെ സൃഷ്ടിച്ച് ആദമിനു കൂട്ടായികൊടുത്തു. അവർ ഏദനിൽ പാർത്തു, ദൈവം എല്ലാദിവസവും അവരെ സന്ദർശിക്കാൻ വരും. ദൈവത്തിന്റെ കാൽപെരുമാറ്റം കേൾക്കുമ്പോൾ മനുഷ്യർ ദൈവസന്നിധിയിലെത്തും. തോട്ടത്തിന്റെ നടുവിൽ നിന്നിരുന്ന വൃക്ഷത്തിന്റെ ഫലം പറിച്ച് തിന്നരുതെന്ന് ദൈവം നിർദ്ദേശിച്ചിരുന്നെങ്കിലും പാമ്പിന്റെ പ്രേരണയ്ക്ക് വശംവദയായി ഹവ്വ അതു പറിച്ച് തിന്നു. ആദമിനും കൊടുത്തു. അന്ന് ദൈവം തോട്ടത്തിൽ നടക്കുന്ന ശബ്ദം കേട്ടപ്പോൾ ആദവും ഹവ്വായും തങ്ങൾ നഗ്നരാണെന്നു തോന്നിയതിനാൽ വൃക്ഷങ്ങളുടെ മറവിൽ ഒളിച്ചു. കുറ്റം സമ്മതിക്കുവാൻ ആദമും ഹവ്വയും തയ്യാറാകാത്തതിനാൽ ദൈവം അവരെ ഏദനിൽനിന്ന് പുറത്താക്കി. തിരിയുന്ന വാളുമായി നിൽക്കുന്ന ദൈവദൂതനെ ഏദനിൽ അവർ തിരികെ കയറാതിരിക്കാൻ കാവൽക്കാരായി നിർത്തി.

മുകളിൽ പറഞ്ഞ വിവരങ്ങളുടെ യാഥാർത്ഥ്യതയേപ്പറ്റി സംശയിക്കുന്നവരാണ്. അവയുടെ അഭിപ്രായത്തിൽ സംശയിക്കുന്നവരുണ്ട്. അവരുടെ അഭിപ്രായത്തിൽ ഇവ കേവലം നാടോടി കഥകൾ മാത്രമാണ്: ഈ കഥകളെ വിശ്വാസത്തിൽ ആധാരമാക്കുവാൻ കഴിയുകയില്ല എന്നാണ് അവരുടെ നിഗമനം. മറ്റൊരു ചിന്താഗതിക്കാർ ഈ വിവരങ്ങൾ തെറ്റിക്കൂടായ്മയുള്ള വേദപുസ്തകത്തിൽ ദൈവം തന്നെ പറഞ്ഞ് എഴുതിച്ചതാണ്. അവയെ സംശയിക്കാതെയും ചോദ്യം ചെയ്യാതെയും, വള്ളിപുള്ളികൾക്ക് മാറ്റം വരുത്താതെ വിശ്വസിക്കണം എന്ന് ശക്തിയായി വാദിക്കുന്നു.

കലം മെനയുന്നതുപോലെ, മനുഷ്യനെ മെനഞ്ഞുണ്ടാക്കി എന്നു പറയുന്നതു ബാലിശമാണ്. ദൈവം മനുഷ്യന്റെ മൂക്കിൽ ഊതിയതു സങ്കൽപിച്ചാൽ ബാലകഥപോലെ തോന്നും ഹവ്വായെ സൃഷ്ടിക്കാൻ ആദമിന്റെ വാരിയല്ല് എടുത്തു എന്നു പറഞ്ഞിരിക്കുന്നതു യഥാർത്ഥത്തിൽ സംഭവിച്ചതായി വിശ്വസിക്കാൻ പ്രയാസമാണ്. ഏദനിൽ ദൈവം നടന്ന കാൽപെരുമാറ്റ ശബ്ദം കേട്ടു എന്നെഴുതിയിരിക്കുന്നത് അംഗീകരിക്കാൻ പ്രയാസം എന്നാൽ ഗൗരവമായി പഠിച്ച അതിന്റെ അർത്ഥം കൂടുതൽ മനസ്സിലാക്കിയപ്പോൾ അനേകർ വിശ്വാസത്തിൽ ഉറയ്ക്കാനും ആഴമായ സത്യങ്ങൾ അതിൽനിന്ന് കണ്ടുപിടിക്കാനും സാധിച്ചു. ബൈബിൾ ഒരു ഭൗതികശാസ്ത്രഗ്രന്ഥമല്ല, ചരിത്രപുസ്തകവുമല്ല, ഒരു ദൈവശാസ്ത്രഗ്രന്ഥമാണ് എന്നായിരുന്നു പുതിയ കണ്ടുപിടിത്തം. ശാസ്ത്രപഠനത്തിനും ചരിത്രപഠനത്തിനുമല്ല ദൈവശാസ്ത്രപഠനത്തിനുവേണ്ടിയാണ് ബൈബിൾ ഉപയോഗിക്കേണ്ടത് എന്ന് അവർ പ്രസ്താവിച്ചു. ദൈവശാസ്ത്രം ഇത്രയും ഭംഗിയായും ലളിതമായും ഉദാഹരണ സംഭവങ്ങളോടും അനുഭവസാക്ഷ്യങ്ങളോടും കൂടെ രേഖപ്പെടുത്തിയ ഗ്രന്ഥം വേറെയില്ല എന്നു ബോദ്ധ്യമായി. തൽഫലമായി ബൈബിളിന്റെ അശാസ്ത്രീയതയേപ്പറ്റിയുള്ള ആശയകുഴപ്പങ്ങൾ മാറുകയും അതിലടങ്ങിയിരിക്കുന്ന ആത്മീയ യാഥാർത്ഥ്യങ്ങളിൽ അവർ വിശ്വസിക്കുകയും ചെയ്തു.

സൃഷ്ടിപ്പിന്റെയും തുടർന്നുള്ള സംഭവങ്ങളുടെയും ദൃക്സാക്ഷി വിവരണം എഴുതുവാൻ ആർക്കും കഴിയുകയില്ല. ഉല്പത്തിപുസ്തകത്തിലെ ചരിത്രാതീതകാല വിവരങ്ങൾ എഴുതുവാൻ എങ്ങനെ സാധിച്ചു.? കേവലം സങ്കല്പകഥകൾ മാത്രമാണെങ്കിൽ അതിന്മേൽ വിശ്വാസം ഉറപ്പിച്ചു ജീവിതം രൂപപ്പെടുത്തുന്നതു ശരിയല്ല. മോശയാണ് ഈ പുസ്തകം രൂപപ്പെടുത്തിയതെന്നു പരമ്പരാഗതമായി വിശ്വസിക്കുന്നു. മോശ സ്വയമായി മെനഞ്ഞുണ്ടാക്കിയ കഥയായിരിക്കയില്ല. മോശയ്ക്ക് വിശ്വസിക്കാവുന്ന ഏതോ സ്ഥാനത്തു നിന്ന് ലഭിച്ച വിവരങ്ങളായിരിക്കണം. ആരാണ് അറിവുകൾ കൊടുത്തത്?....

> കലം
> മെനയുന്നതു പോലെ,
> മനുഷ്യനെ മെനഞ്ഞുണ്ടാക്കി
> എന്നു പറയുന്നതു
> ബാലിശമാണ്.
> ദൈവം മനുഷ്യന്റെ മൂക്കിൽ
> ഊതിയതു സങ്കൽപിച്ചാൽ
> ബാലകഥപോലെ തോന്നും
> ഹവ്വായെ സൃഷ്ടിക്കാൻ ആദ
> മിന്റെ വാരിയല്ല് എടുത്തു
> എന്നു പറഞ്ഞിരി
> ക്കുന്നതു യഥാർത്ഥ
> ത്തിൽ സംഭവിച്ചതായി
> വിശ്വസിക്കാൻ
> പ്രയാസമാണ്.

നാലുതരം രേഖകൾ ആദ്യത്തെ അഞ്ചു പുസ്തകങ്ങളുടെ രൂപീകരണത്തിൽ മുഖാന്തരമായി എന്ന്, ഭാഷാരീതിയും, പദപ്രയോഗങ്ങളും, ആശയഗതികളും വച്ച് പഠിച്ചപ്പോൾ വ്യക്തമായിട്ടുണ്ട് J.S.D.P. എന്ന രേഖകളാണ് അവ. ആദമിനും ഹവ്വയ്ക്കും സൃഷ്ടിപ്പിന്റെ സംഭവങ്ങൾ നേരിൽ കാണുവാൻ സാധിച്ചിട്ടില്ല. ആദമിന്റെ മെനഞ്ഞുണ്ടാക്കിയതും, മൂക്കിലൂതിയതും വാരിയെല്ലെടുത്തു ഹവ്വായെ സൃഷ്ടിച്ചതും ആദമിനും ഹവ്വായിക്കും അറിവുണ്ടാകയില്ല. ആകാശവും ഭൂമിയും ഉണ്ടായതും ആദം നേരിട്ട് കണ്ടിട്ടില്ല. യാതൊരു മനുഷ്യനും നേരിട്ടു കണ്ട കാര്യങ്ങളല്ല ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും സൃഷ്ടിപ്പിന്റെ സംഭവങ്ങൾ നേരിട്ട് അറിഞ്ഞു പറയുവാനും എഴുതുവാനും മനുഷ്യരിലാർക്കും കഴിയുകയില്ല.

ദൈവം നേരിട്ട് പറഞ്ഞാൽ മാത്രമേ ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിയുടെ വിവരം അറിയുവാൻ സാധിക്കു. ദൈവം നേരിട്ടു പറഞ്ഞതായിരിക്കണം സൃഷ്ടിയുടെ വിവരണം. ദൈവമല്ലാതെ മറ്റാർക്കും ഈ വിവരങ്ങൾ അറിവില്ല. ദൈവം പറയുന്നതിനേ അഥവാ, ദൈവം അറിവുതരുന്നതിനേ ദൈവത്തിന്റെ വെളിപാട് എന്നാണ് പറയുന്നത്. ദൈവം കൊടുത്ത വെളിപാടിലൂടെയാണ് സൃഷ്ടിയുടെ വിവരം ലഭിച്ചത്. മോശക്കോ, അതിനുമുമ്പ് ആർക്കെങ്കിലുമോ, ലഭിച്ച വെളിപാടുകൾ രേഖപ്പെടുത്തിയതായിരിക്കും ബൈബിളിലെ സൃഷ്ടിപ്പിന്റെ വിവരം ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സൃഷ്ടിപ്പിന്റെ കഥകൾ മനുഷ്യന്റെ സങ്കൽപകഥകളല്ല ദൈവം നേരിട്ട് കൊടുത്ത വെളിപാടുകളാണ്.

ദൈവം വെളിപാടുകൾ കൊടുത്ത മറ്റു പല സംഭവങ്ങളും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിലൊക്കെ കാണുന്ന വെളിപാടുകളുടെ രീതിയും സ്വഭാവവും സൃഷ്ടിപ്പിന്റെ വെളിപാടിലും കാണാം. അലങ്കാര ഭാഷയും ഉപമാരീതിയും മിക്കവാറും എല്ലാ വെളിപാടുകളിലും ഉണ്ട്. ജോസഫ് പിതാവിന്റെ ഭവനത്തിൽ സഹോദരങ്ങളോടൊത്ത് ജീവിക്കുന്ന കാലത്ത് ഒരു വെളിപാട് ദർശനത്തിലൂടെ ലഭിച്ചു. ഭാവിയിൽ ദൈവം തന്നെ സഹോദരങ്ങളേക്കാൾ ഉന്നത പദവിയിലെത്തിക്കുമെന്ന മുന്നറിയിപ്പായിരുന്നു അത്. ആ അറിയിപ്പലെ ദൂത് ഒരു അശരീരിപോലെ പറയാമായിരുന്നു. പക്ഷെ അങ്ങനെയല്ല ദർശനങ്ങളിലൂടെ അതു വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു.

ഗോതമ്പുവയലിൽ ജോസഫും, സഹോദരങ്ങളും കൊയ്തു കറ്റകൾ കെട്ടിവയ്ക്കുകയായിരുന്നു. അപ്പോൾ ജോസഫിന്റെ കറ്റ നിവർന്നു നിന്നു. സഹോദരങ്ങളുടെ കറ്റകൾ ജോസഫിന്റെ കറ്റയെ നമസ്ക്കരിച്ചു. ഭാവിയിൽ ജോസഫിനെ സഹോദരങ്ങൾ നമസ്ക്കരിക്കുമെന്ന അറിയിപ്പായിരുന്നു അത്. മറ്റൊരു ദർശനത്തിൽ സൂര്യചന്ദ്രന്മാരും പതിനൊന്ന് നക്ഷ

ത്രങ്ങളും ജോസഫിനെ നമസ്ക്കരിക്കുന്നതായി കണ്ടു. ദർശനങ്ങൾ അലങ്കാരഭാഷയിൽ ഉപമാരൂപത്തിലായിരുന്നു ലഭിച്ചത്. ഒരു പ്രധാന ആശയം വെളിവാക്കുകയായിരുന്നു ഉദ്ദേശം. കറ്റകൾ കെട്ടുന്നതിനോ, കതിർമണികൾക്കോ, സൂര്യചന്ദ്രന്മാരുടെ പ്രകാശ രശ്മികൾക്കൊ അതിന്റെ അയന രീതികൾക്കോ ഒന്നും പ്രത്യേക അർത്ഥമില്ലായിരുന്നു. വിശദാംശങ്ങൾക്കെല്ലാം അർത്ഥം സങ്കല്പിക്കുന്നത്. ദുർവ്യാഖ്യാതമാണ്. തെറ്റായ നിഗമനത്തിൽ ചെന്നെത്തുവാൻ അത് ഇടയാക്കും. ഈജിപ്റ്റിൽ ജോസഫിനോടൊപ്പം ജയിലിൽ പാർത്തിരുന്ന ബഡ്‌ലറും, ബേക്കറും രണ്ടു ദർശനങ്ങൾ കണ്ടു. വരാനിരുന്ന അനുഭവങ്ങളുടെ മുന്നറിയിപ്പായിരുന്നു അവ. ഒരാളെ രാജധാനിയിലെ ബഡ്‌ലറായി വീണ്ടും സ്വീകരിച്ചു. അപരനെ കഴുവിലേറ്റികൊന്നു. അലങ്കാരഭാഷയിൽ ദർശനങ്ങൾ കൊടുത്താണ് രഹസ്യം വെളിപ്പെടുത്തിയത് അതുപൊലെതന്നെ ഈജിപ്റ്റിൽ സംഭവിക്കാനിരുന്ന ഏഴു സമൃദ്ധിയുടെ ആണ്ടുകളെപ്പറ്റിയും ഏഴു ദാരിദ്രത്തിന്റെ ആണ്ടുകളേപ്പറ്റിയും ഫറോരാജാവിന് ദൈവം വെളിപ്പാടു കൊടുത്തു. ഏഴു തടിച്ച പശുക്കളും പിന്നാലെ ഏഴു മെലിഞ്ഞ പശുക്കളും കയറി വന്നു. മെലിഞ്ഞ പശുക്കൾ തടിച്ച പശുക്കളെ തിന്നു. ഇത് അലങ്കാരഭാഷയിൽ ഉപമാരൂപത്തിലുള്ള ദൈവത്തിന്റെ വെളിപാടായിരുന്നു. ഏറ്റവും നല്ല കതിരുകൾ വയലിൽ പ്രത്യക്ഷപ്പെട്ടു. പിന്നാലെ പതിരുനിറഞ്ഞ ഏഴു കതിരുകളും വന്നു. പതിരു കതിരുകൾ നല്ല കതിരുകളെ വിഴുങ്ങി. ഇവിടെയും ആന്തരീകാർത്ഥം ഉൾക്കൊള്ളുന്ന ഉപമാരൂപത്തിലുള്ള വെളിപാടായിരുന്നു. പുതിയ നിയമകാലത്തും ദൈവത്തിന്റെ വെളിപാട് ഉപമാലങ്കാരരൂപത്തിൽ കാണുന്നുണ്ട്. യഹൂദരരോട് ബന്ധപ്പെടാൻ പാടില്ല എന്നു ഉറപ്പായി വിശ്വസിച്ചിരുന്ന പത്രോസിനെ യോപ്പയിൽ വച്ച് ദർശനത്തിൽ കാണില്ല. നാലുകോണും കെട്ടിയ തുപ്പട്ടിയിൽ ഭൂമിയിലെ എല്ലാത്തര നാല്ക്കാലികളും, ഇതര ജീവികളും ഉണ്ടായിരുന്നു. അവയെ അറുത്തു തിന്നുവാൻ മടിച്ച പത്രോസിനോട് കൈസര്യയിൽ കോർത്തലോസ്യന്റെ വീട്ടിൽ പോകണമെന്ന് മനസ്സിലാക്കുന്ന വെളിപാടായിരുന്നു അത്! മുകളിൽ പറഞ്ഞ വെളിപാടുകളെല്ലാം അലങ്കാര പ്രയോഗത്തിൽ ഉപമാ രീതിയിലായിരുന്നു ദൈവം കൊടുത്തത്. ദൈ്വം വെളിപ്പെടുത്തുന്ന രീതിയാണ് ഇവിടെ കാണുന്നത്.

ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രപഞ്ചസൃഷ്ടിയുടെ വിവരങ്ങൾ ദൈവം മോശയ്ക്കും, അതിനു മുൻകാലങ്ങളിൽ ദൈവഭക്തരായ പലർക്കും കൊടുത്ത വെളിപാടുകളാണ്. വേദപുസ്തകത്തിൽ കാണുന്ന മറ്റു വെളിപാടുകൾപോലെ തന്നെയാണ് പ്രപഞ്ചസൃഷ്ടിയെപ്പറ്റിയുള്ള വെളിപ്പെടുത്തലും ദൈവം കൊടുത്തത്. മറ്റു വെളിപാടുകളിലെപ്പോലെ തന്നെ ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന വെളിപാടും ഉപമാ രൂപത്തിലും അലങ്കാരിക ഭാഷയിലുമായിരുന്നു. ജോസഫിനും, പത്രോസിനും ലഭിച്ച വെളിപാടുകളുടെ വിശദാംശങ്ങൾക്ക് അർത്ഥം സങ്കൽപിച്ചാൽ അത് അബദ്ധമായിരിക്കും ജോസഫ് കളം ദർശനത്തിൽ കതിരുകൾക്കും കറ്റകളുടെ കെട്ടിനും പ്രത്യേക അർത്ഥങ്ങൾ ഇല്ലായിരുന്നു. പത്രോസ് കണ്ട തുപ്പട്ടി തുണിയായിരുന്നു. അതിൽ മീനില്ലായിരുന്നു. അറത്തു ഭക്ഷിക്കാൻ പറഞ്ഞു, ഇതു വിശദാംശങ്ങൾക്കു പ്രത്യേകം അർത്ഥമില്ലായിരുന്നു. ഉല്പത്തിപുസ്തകത്തിലെ വെളിപാടിനെ സംബന്ധിച്ചും ഇത് ശരിയാണ്. അടിസ്ഥാനപരമായ ചില ആശയങ്ങൾ ദൈവം വെളിപ്പെടുത്തിയത് ഈ സൃഷ്ടി വിവരത്തിന്റെ വെളിപാടിലുണ്ട്.

സർവ്വശക്തനും അതുല്യനും ഏകനുമായ ദൈവമാണ് ലോകത്തെ സൃഷ്ടിച്ചത്. രണ്ടാംതര ദേവന്മാരോ പിശാചോ അല്ല സൃഷ്ടിപ്പു നടത്തിയത് എന്ന് ഉറപ്പായി പറയുന്നു. ലിവ്യാതാന കീറി മുറിച്ച് ഭൂമിയെ സൃഷ്ടിച്ചുഎന്നും താണതരത്തിലുള്ള ദുർദേവന്മാരാണ് ഭൂമിയെ സൃഷ്ടിച്ചതെന്നുള്ള, യവനായ ചിന്താഗതിക്കെതിരെയുള്ള ആശയമാണ് ആദ്യപുസ്തകത്തിലെ സൃഷ്ടിപ്പിന്റെ വിവരണത്തിൽ അടങ്ങിയിരിക്കുന്നത്. നാം ആരെ ആരാധിക്കണമെന്ന വ്യക്തമായ നിർദ്ദേശം അതിൽ ഉൾക്കൊള്ളുന്നു. ഓരോ നാട്ടിലോ, പ്രദേശത്തോ, പരിമിതപ്പെടുത്തുന്ന പ്രാദേശിക ദേവന്മാരെന്ന സങ്കൽപത്തിൽ ആരാധിക്കരുത്. സകലത്തെയും സൃഷ്ടിച്ചു നിയന്ത്രിക്കുന്ന ഏക ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന വ്യക്തമായ നിർദ്ദേശം ഇതിലടങ്ങുന്നു.

സർവ്വശക്തനും അതുല്യനും ഏകനുമായ ദൈവമാണ് ലോകത്തെ സൃഷ്ടിച്ചത്. രണ്ടാംതര ദേവന്മാരോ പിശാചോ അല്ല സൃഷ്ടിപ്പു നടത്തിയത് എന്ന് ഉറപ്പായി പറയുന്നു. ലിവ്യാതാന കീറി മുറിച്ച് ഭൂമിയെ സൃഷ്ടിച്ചുഎന്നും താണതരത്തിലുള്ള ദുർദേവന്മാരാണ് ഭൂമിയെ സൃഷ്ടിച്ചതെന്നുള്ള, യവനായ ചിന്താഗതിക്കെതിരെയുള്ള ആശയമാണ് ആദ്യപുസ്തകത്തിലെ സൃഷ്ടിപ്പിന്റെ വിവരണത്തിൽ അടങ്ങിയിരിക്കുന്നത്

മനുഷ്യൻ ദൈവത്തിന്റെ ഛായയിലാണ് സൃഷ്ടിക്കപ്പെട്ടത് എന്നു പറഞ്ഞിരിക്കുന്നു. ദൈവികഗുണം മനുഷ്യനിലുണ്ട്. മനുഷ്യൻ ദൈവവുമായി നിരന്തരബന്ധത്തിൽ ജീവിക്കേണ്ടവനാണ്. മറ്റു ജന്തുക്കളിൽ നിന്ന് വ്യത്യസ്ഥതയോടെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അവനിൽ ജീവന്റെ ശ്വാസത്തെ ദൈവം ഊതിയതിനാൽ ദൈവവുമായുള്ള ബന്ധം ശ്വാസോഛ്വാസം പോലെ നിരന്തരമായിരിക്കണം. വായു മനുഷ്യന് ആവശ്യമായിരിക്കുന്നതുപോലെ ദൈവാത്മാവിന്റെ അധിവാസവും പ്രേരണയും മനുഷ്യന്റെ ആത്മീകജീവിതത്തിനു ആവശ്യമാണ്. ദൈവം മെനഞ്ഞുണ്ടാക്കിയ മനുഷ്യനിൽ ജീവശ്വാസം ഊതി എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. സൃഷ്ടി പൂർത്തിയാക്കിയ ശേഷം സകലവും നല്ലതാണ്. ഈ ലോകം നന്മക്കായി സൃഷ്ടിക്കപ്പെട്ടാതാണ്. നന്മ ചെയ്യുന്നവർക്കു മാത്രമേ അന്തിമവിജയം ലഭിക്കൂ. എല്ലാവരും നന്മ മാത്രം ചെയ്താൽ ഈ ലോകജീവിതം സ്വർഗ്ഗമായിരിക്കും. തിന്മ മാത്രം ചെയ്താൽ ലോകജീവിതം നരകമായിരിക്കും. ലോകം നന്മക്കു വേണ്ടി നന്മയുടെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്ന് ഉല്പത്തി പുസ്തകത്തിൽ വെളിപാട്. ദൈവത്തിനു ക്ഷീണമുണ്ടോ എന്ന ശാസ്ത്രീയരീതിയിലുള്ള സംശയത്തിനല്ല, അലങ്കാരികമായ ഈ വെളിപാടു ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിശ്രമത്തിനും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി വേർതിരിക്കണമെന്ന ആശയം വ്യക്തമാക്കുന്നു. യഹൂദരുടെ ശബത്താചരണത്തിന്റെ മൂലസ്ഥാനം ഇവിടെയാണ്. ആദമിന്റെ ഒരു വശത്തേ വാരിയെല്ലെടുത്തു ഹവ്വായെ സൃഷ്ടിച്ചു എന്ന് എഴുതിയിരിക്കുന്നു. ഈ വെളിപ്പാട് സ്ത്രീ പുരുഷബന്ധം ഏതു വിധത്തിലിരിക്കണമെന്നു വ്യക്തമാക്കുന്നു. ഇരുവരും സമത്വബന്ധത്തിൽ ഒരുമിച്ച് ജീവിക്കുകയും ജീവിതം പങ്കിടുകയും വേണം. ഒരാൾ മറ്റെയാളെ ഭരിക്കുന്നു എന്ന ആശയം അവിടെയില്ല ഫലിതരൂപത്തിൽ ആരോ ഇപ്രകാരം പറഞ്ഞു. കാലിലെ അസ്ഥിയോ തലയിലെ അസ്ഥിയോ അല്ല എടുത്തത് കാൽകീഴിൽ പാദസേവചെയ്യുവാനോ, തലയിലിരുത്തി പുരുഷൻ താഴ്ത്തപ്പെടുവാനോ അല്ല, ഒരു വശത്തെ വാരിയെല്ല് എടുത്തതു സമത്വബന്ധത്തിൽ സ്ത്രീ പുരുഷന്മാർ കുടുംബബന്ധത്തിൽ ജീവിക്കണമെന്ന ആശയമാണ് ചൂണ്ടികാണിക്കുന്നത്. വാരിയെല്ല് എടുക്കുന്നതിൽ ശാസ്ത്രീയമായ സാധൂകരണത്തിന് ശ്രമിക്കുന്നതു അബദ്ധമാണ്: വെളിപാടിലെ അലങ്കാരിക ചിത്രീകരണം സമത്വബന്ധത്തെ സൂചിപ്പിക്കുന്നു. വിലക്കപ്പെട്ട കനി പറിച്ചു തിന്നത് മനുഷ്യന്റെ ആസക്തിയേയും കുറിക്കുന്നു. പാപി ദൈവസാന്നിദ്ധ്യത്തെ ഭയപ്പെടുന്നു എന്ന്, തെറ്റുചെയ്ത് ആദമും ഹവ്വയും ദൈവം വരുമ്പോൾ ഒളിക്കുന്നു. എന്ന് ഉല്പത്തി പുസ്തകത്തിലെ വെളിപാടിൽ നിന്ന് വ്യക്തമാകുന്നു. തെറ്റു സമ്മതിക്കാൻ ആദമും ഹവ്വയും തയ്യാറായില്ല. ആദം ഹവ്വായേയും ദൈവത്തെയും കുറ്റപ്പെടുത്തി. ഹവ്വാ പാമ്പിന്റെ മേൽ പഴിചാരി. തെറ്റു സമ്മതിക്കാതിരുന്നതിനാൽ ഏദനിൽ നിന്ന് പുറത്താക്കി. തെറ്റു സമ്മതിച്ച് അനുതപിക്കുന്നവരോട് ദൈവം ക്ഷമിക്കും. ദൈവകൃപയും ഉണ്ടാകും. തെറ്റിൽ ന്യായീകരണം കണ്ടുപിടിക്കാൻ ശ്രമിക്കുന്നവർക്ക് പറുദീസാ സഷ്ടപ്പെടും. ആദമിനു കൂട്ടായി ഒരു ജീവിയും മതിയായില്ല. ഹവ്വായുടെ കൂട്ടയ്മ മാത്രമാണ് ജീവിതത്തെ സമ്പൂർണ്ണമാക്കിയത്. വിവാഹവും കുടുംബജീവിതവും ജീവിതത്തെ ദൈവഹിതത്തിന്റെ പൂർത്തീകരണത്തിലേക്ക് നയിക്കുന്നത്.

ഏദൻതോട്ടം എവിടെയാണെന്ന് കണ്ടുപിടിക്കാനും, അവിടെ പറയുന്ന നദികൾ ഏവയാണെന്ന്, എദൻതോട്ടിത്തിലെ നടുവിലുണ്ടായിരുന്ന വൃക്ഷം ഏതു ഫലവൃക്ഷമാണെന്നും കണ്ടുപിടിക്കാനും (അന്വേഷണം) നടത്താൻ ശ്രമിക്കുരുത്. ഉല്പത്തിപുസ്തകം നരവംശശാസ്ത്ര ഗ്രന്ഥമല്ല. ചരിത്രഗ്രന്ഥവുമല്ല. ദൈവം കൊടുത്ത വെളിപാടുകളുടെ സമാഹാരമാണ്. സാധാരണക്കാർക്ക് ഗ്രാഹ്യമായ വിധത്തിൽ ചിത്രീകരണങ്ങളോടു കൂടെ എഴുതപ്പെട്ട ദൈവശാസ്ത്രഗ്രന്ഥമാണ് ഇത്. ദൈവം വെളിപ്പെടുത്തി കൊടുത്തതാണ്. സൃഷ്ടിയുടെ ആരംഭത്തേപ്പറ്റി ചിന്തിച്ചു ധ്യാനിച്ചു ഭക്തന്മാർക്ക് ദൈവം കൊടുത്ത വെളിപ്പാടാണ് ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിപ്പിൻെറ വിവരണം. ബൈബിളിലുള്ള മറ്റു വെളിപ്പാടുകളിലെപ്പോലെ ഇതിലും അലങ്കാരിക ചിത്രീകരണങ്ങളുണ്ട്. സനാതനസത്യങ്ങളെ ലളിതമായി ആർക്കും മനസ്സിലാക്കാവുന്ന വിധത്തിൽ ലഭിച്ചു വെളിപ്പാടുകളുടെ ആലേഖനമാണ് ഉല്പത്തി പുസ്തകത്തിലെ പ്രപഞ്ചസൃഷ്ടിയുടെ വിവരണം.

*റവ. എൻ.വി. കോരുള. മാർത്തോമ്മാ സഭയിലെ മുതിർന്ന വൈദികനാണ്. താമസം. നിരവത്ത് പരിയാരം കോട്ടയം.*

# വിവാഹമോചനം അനുവദിക്കാമോ?

കർത്താവായ യേശുക്രിസ്തു വിവാഹമോചനത്തെക്കുറിച്ച് St.Mathew 19:4-6, St.Mark. 16:6-12എന്നീഭാഗങ്ങളിൽ വ്യക്തമായി "ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്" എന്നു പറഞ്ഞിട്ടുള്ളതായി കാണാം. St.Luke. 16:18ൽ യേശുക്രിസ്തു "സ്വഭാര്യയെ പരിത്യജിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഭർത്താവ് പരിത്യജിച്ച സ്ത്രീയെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു" എന്ന് പ്രസ്താവിച്ചിട്ടുണ്ട്. വിശുദ്ധ പൗലോസ് അപ്പോസ്തോലൻ വിവാഹക്രമങ്ങളെക്കുറിച്ച് 1.കോരി.ഏഴാം അദ്ധ്യായത്തിൽ വേണ്ട ഗുണദോഷങ്ങൾ നൽകുന്നു. വിവാഹ ശുശ്രൂഷാസമയത്ത് ഈവക കാര്യങ്ങൾ വ്യക്തമായി പട്ടക്കാരൻ ഭാര്യാഭർത്താക്കൻമാരെ യോജിപ്പിച്ച് ഗുണദോഷിക്കുകയും ചെയ്യുന്നു.

ഇന്ന് കേരളത്തിലെ സഭകൾ കോടതിവിവാഹമോചനം അനുവദിക്കുമ്പോൾ മാത്രം വിവാഹമോചനത്തിന് അനുവദിച്ച് കൽപ്പന നൽകാറുള്ളൂ.

പാശ്ചാത്യരാജ്യങ്ങളിലെപോലെ വിവാഹമോചനം ഇന്ന് കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. അനേകർ ഭാര്യയെ ഉപേക്ഷിച്ച് രജിസ്റ്റർവിവാഹം ചെയ്തുപോരികയും ചെയ്യുന്നു. ഇത് കണ്ടും കേട്ടും ആയിരിക്കും ബിഷപ്പ് പൗലോസ് മാർ പൗലോസ് തിരുമേനി "വിവാഹമോചനം സംബന്ധിച്ച് സഭയുടെ പഠിപ്പിക്കയ്ക്ക് മാറ്റം വരാൻ പാടില്ലാത്ത കൽപ്പനയല്ല എന്നും ഭാര്യാഭർത്താക്കൻമാരെ തിരികെ സ്നേഹത്തിൻെറ പാതയിൽ കൊണ്ടുവരാൻ സഭയ്ക്ക് ഉത്തരവാദിത്വമുണ്ട് - നരകതുല്യമായ ജീവിതം നയിക്കുവാൻ സഭ അവരെ തള്ളിവിടരുത്. അത് അവർക്കും അവരുടെ മക്കൾക്കും സമൂഹത്തിനും നല്ലതല്ല." എന്ന് അഭിമുഖത്തിൽ പറയുന്നത്. തിരുമേനിയുടെ അഭിപ്രായത്തെ ഇന്ന് സഭകൾ ഗൗരവമായി കണക്കാക്കി സഭയുടെ ഉത്തരവാദിത്വം എത്രമാത്രം നടപ്പിലാക്കുന്നുണ്ടെന്ന് ആരായുകയും ഇവയെക്കുറിച്ച് പഠിച്ച് വേണ്ട നടപടി ക്രമങ്ങൾ നിർദ്ദേശിക്കുകയും അത് ജനങ്ങൾ അനുസരിക്കുകയും വേണം.

ജൂലൈ ലക്കം സഭാതാരകയിൽ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി തൻെറ കത്തിൽ Pre-Marital Councelling Centre പല സ്ഥലങ്ങളിൽ നടത്തുന്നതിന് ക്രമീകരിക്കുന്നുവെന്നും അതിനുവേണ്ട പഠന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നുവെന്നും എഴുതിക്കണ്ടതിൽ സന്തോഷിക്കുന്നു.

വിവാഹജീവിതത്തിലെ ക്രമക്കേടുകൾ മൂലം രജിസ്റ്റർ വിവാഹം വഴി ഒത്തുചേരുന്നവർക്ക് ഉണ്ടാകുന്ന കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷിക്കുകയും, മാതാപിതാക്കളുടെ സംരക്ഷണയിൽ ആണ് എന്ന് പറയുന്നവർക്ക് കൊണ്ടുവരുന്ന കുട്ടികളെ മാമോദീസാ മുക്കി സഭയിൽ ചേർക്കാറുണ്ട്. ഇത് അഴിമതിക്ക് കാരണമാകുന്നുണ്ട്. കുട്ടികളെ സത്യവിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരാം എന്ന പ്രതിജ്ഞ മാതാപിതാക്കളും ജ്ഞാനമാതാപിതാക്കളും ചെയ്യുന്നുണ്ടെങ്കിലും അത് എത്രമാത്രം ഫലവത്താകുന്നുവെന്ന് പറയാൻ മേല.

ദുരിതം അനുഭവിക്കുന്നവരായി അന്വേഷണത്തിൽ കണ്ടെത്തുന്ന ഭാര്യാഭർത്താക്കൻമാർക്ക് സഭയായി വിവാഹമോചനം നടക്കുകയും അപ്രകാരം വിവാഹമോചനം ലഭിക്കുന്നവർ 1Cor. 7:11ൽ പറയും പോലെ "വിവാഹം കൂടാതെ പാർക്കേണം അല്ലെങ്കിൽ ഭർത്താവിനോട് നിരന്നു കൊള്ളണം. ഭർത്താവും ഭാര്യയെ ഉപേക്ഷിച്ചുകൂടാ." എന്ന് വിശുദ്ധ പൗലോസ് അപ്പോസ്തോലൻെറ ഗുണദോഷം സ്വീകരിച്ചാൽ നല്ലത്.

വിശുദ്ധ പൗലോസ് അപ്പോസ്തോലൻെറ ഈ ഗുണദോഷങ്ങൾ (1 കൊരി. 7-ം അദ്ധ്യായത്തിലെ) സഭകളായി നമുക്ക് എത്രമാത്രം അനുസരിക്കാം എന്ന് സഭാനേതാക്കൾ വ്യക്തമാക്കുന്നത് നന്നായിരിക്കും.


പി.കെ. ചാക്കോ, ചെട്ടികുളങ്ങര

# A Bishop's plea to his people

Please do not pray for me as though I am a saint, a spiritual giant: I am like one of you; a sinner saved by grace and continually needing the saving of our Lord Jesus Christ.

It is easy for me to get busy in administration and neglect prayer time. As a bishop, I am subject to temptations just as you are. Satan will try one way or another to hinder my testimony, rob my life of spiritual strength, and make my witness futile. My temptaions are to use my position for my personal selfish gain; to use my authority to rule over others rather than to serve them; to think of my privileges more than of my responsibilities.

I need your prayers that God will give me grace to be humble and moral strength to resist temptations.




Please remember that I can be lonely, discouraged, irritable, impatient and sometimes even heartless, and hurt people.

I covet your daily prayers that I may ever live, work and serve with my heart aflame with the love and compassion of Christ, that I may fulfil the high Calling of Christ to faithfully serve those who are Committed to my charge, to the glory of God, our Father.

# അത്ഭുത രോഗശാന്തിയും മനോജന്യ രോഗങ്ങളും

ഡോ.വി.കെ അലക്സാണ്ടർ







**അത്ഭുത രോഗശാന്തി എന്നത് ദൈവത്തിന്റെ അത്ഭുത പ്രകടനമല്ല. മനുഷ്യനെ നിയന്ത്രിക്കുന്ന പൊതുവായ ഒരു ശക്തിയുടെ പ്രവർത്തനം മൂലമാണെന്നാണ് പ്രസിദ്ധ മനഃശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ വി.കെ. അലക്സാണ്ടർ ഈ ലേഖനത്തിൽ കൂടെ സമർത്ഥിക്കുവാൻ ശ്രമിക്കുന്നത്.**

ഇന്ന് അത്ഭുതരോഗശാന്തിവരം ആദ്ധ്യാത്മികജീവിതത്തിന്റെ ഒരു ഉന്നതമാനദണ്ഡവും സുവിശേഷഘോഷണത്തിന് ഒരു മുഖ്യ പ്രചരണോപാധിയും ആയിതീർന്നിരിക്കുന്നു. സുവിശേഷഘോഷണത്തിന് ഈ അത്ഭുതരോഗശാന്തി ഒരു മുഖ്യ പ്രചരണോപാധിയായി കരുതുന്നതിൽ ഒരുയുക്തിഭംഗം മാത്രമെ കാണുന്നുള്ളു. അത് യേശുക്രിസ്തുവിലും അവന്റെ പിതാവായ ദൈവ്ത്തിലും വിശ്വസിക്കാത്ത ഇതരമതങ്ങളിലെ പുരോഹിതന്മാരും സിദ്ധന്മാരും ദൈവങ്ങളും ഇത്തരം അത്ഭുതരോഗശാന്തി പ്രദാനം ചെയ്യുന്നുണ്ട് എന്നതുതന്നെയാണ്. അതുകൊണ്ട് അത്ഭുതരോഗശാന്തി യേശുക്രിസ്തുവിന്റെയോ പിതാവായ ദൈവത്തിന്റെയോ 'അത്ഭുതപ്രകടനമല്ല', നേരെമറിച്ച് മനുഷ്യനെ നിയന്ത്രിക്കുന്ന ഏതോ പൊതുവായ ഒരുശക്തിയുടെ പ്രവർത്തനം മൂലമാണെന്ന് ചിന്തിക്കുന്നതല്ലെ കുറെകൂടെ യുക്തിക്കു നിരക്കുന്നത്!

നമ്മുടെ ഈ അത്ഭുതരോഗശാന്തി യോഗങ്ങളുടെ പിന്നിൽ നടക്കുന്ന ഒരുക്കങ്ങളുടെയും പ്രചരണകോലാഹലങ്ങളുടെയും തന്ത്രം കാണുമ്പോൾ, ഏതാണ്ട് ഇരുനൂറുവർഷങ്ങൾക്കുമുമ്പ് ഫ്രാൻസിൽ നടന്ന ഇതുപോലെയൊരു സംഭവമാണ് ഓർമ്മ വരുന്നത്. മെസ്മറിസമെന്നും, ഹിപ്പ്നോട്ടിസമെന്നും നാം പറയുന്ന വൈകാര്യജന്യമായ മനുഷ്യമനസ്സിന്റെ ഒരു അത്ഭുതപ്രതിഭാസത്തിന്റെ ശാസ്ത്രീയമായ പഠനത്തിന് നാന്ദികുറിച്ച സംഭവമായിരുന്നു അത്.

1778-ൽ മെസ്മർ എന്നൊരു ജർമ്മൽ ഭിഷഗ്വരൻ ''ജന്തു അയസ്കാന്ത ശക്തി'' (animal magnetism) തന്നിൽ നിക്ഷിപ്തമായത് ഉപയോഗിച്ച് രോഗവിമുക്തി വരുത്താമെന്ന് ധരിച്ചുവശായി. ഈ അയസ്കാന്ത ശക്തി വെള്ളത്തിലും മരങ്ങളിലും മനുഷ്യരിലും കടത്തിവിട്ട് അദ്ദേഹം അനേകരെ സുഖപ്പെടുത്തുകയും ചെയ്തു. ഈ പ്രതിഭാസത്തെ മുൻനിർത്തി അദ്ദേഹം ഒരു പുതിയ തന്ത്രം ആവിഷ്കരിച്ചു. അത് താഴെപ്പറയുന്ന വിധമായിരുന്നു.

വിശേഷാൽ അലങ്കരിച്ച ഒരു ഹാളിന്റെ മദ്ധ്യഭാഗത്തായി മെസ്മർ ചതുരാകൃതിയിലുള്ള ഒരു പേടകം പ്രതിഷ്ഠിച്ചു. ആ പേടകത്തിന്റെ നാലുവശത്തുനിന്നും ഇരുമ്പുകമ്പികൾ പുറത്തേക്ക് നീണ്ടുനിന്നിരുന്നു. ഈ പേടകം കുറെ സുഗന്ധദ്രവ്യങ്ങളും മരുന്നുകളും കലക്കിയ വെള്ളംകൊണ്ട് നിറയ്ക്കുകയും ചെയ്തു. ആ ഹാളിലെ മങ്ങിയ വെളിച്ചത്തിൽ ഹൃദയഹാരിയായ സംഗീതം മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു യവനികയുടെ പിന്നിൽനിന്നും വിശിഷ്ട വസ്ത്രാലംകൃതനായ മെസ്മർ ഒരു മാന്ത്രികവടിയും ചുഴറ്റിക്കൊണ്ട് ചില ആംഗ്യങ്ങൾ കാണിച്ച് വെള്ളത്തിൽ തൊടുകയും തന്റെ ശരീരത്തിലെ കാന്തശക്തി വെള്ളത്തിൽ വ്യാപിപ്പിക്കുകുയാണെന്ന് ജനങ്ങളെ ധരിപ്പിക്കുകുയും ചെയ്യുന്നു. ആ സമയത്ത് പേടകത്തിൽ നിന്നും തള്ളിനിൽക്കുന്ന ലോഹകമ്പികളിൽ സ്പർശിക്കുന്ന പലർക്കു് അത്ഭുതകരമായി രോഗശാന്തി ഉണ്ടായി. പല രോഗികളും അബോധാവസ്ഥയിൽ ആവുകയും അവരല്ലാത്തരീതിയിൽ പെരുമാറുകയും ചെയ്തിരുന്നു. തന്റെ ശരീരത്തിൽനിന്നും പേടകത്തിലെ വെള്ളത്തിലേക്ക് കടത്തിവിട്ട കാന്തശക്തിയാണ് ഈ രോഗവിമുക്തിക്കും വൈകാരിക പ്രകടനങ്ങൾക്കും മൂലകാരണമെന്ന് മെസ്മറും അനുയായികളും വിശ്വസിക്കുകയും, ആ വിശ്വാസം പ്രചരിപ്പിക്കുകയും ചെയ്തു. ഈ പ്രതിഭാസം യൂറോപ്പിലാകെ കോളിളക്കം ഉണ്ടാക്കി. യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽ നിന്നും നിരവധി പകർച്ചവ്യാധികൾ ഉള്ള രോഗികൾ മെസ്മറിന്റെ അടുക്കലേക്ക് പ്രവഹിച്ചുതുടങ്ങി.

യൂറോപ്പിൽ ശാസ്ത്രം ഒരു പടക്കുതിരയുടെ ഊർജ്ജസ്വലതയോടും ആത്മവിശ്വാസത്തോടും കൂടെ വളർച്ച വ്യാപിച്ചുവരുന്ന ഒരു കാലഘട്ടമായിരുന്നു. മെസ്മറിന്റെ ഈ അത്ഭുതരോഗശാന്തിയുടെ ശാസ്ത്രസത്യം മനസ്സിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു വിദഗ്ദ്ധ സംഘത്തെ നിയമിച്ചു. ആ സംഘം രസകരവും അനുകരണീയവുമായ ഒരു പരീക്ഷണം നടത്തി.

മെസ്മറിന്റെ ഈ അത്ഭുതപ്രതിഭാസം നടക്കുന്ന സ്ഥലത്ത് ഒരു തോട്ടമുണ്ടായിരുന്നു. ജനബാഹുല്യം മൂലം ഹാളിന്റെ പുറത്ത് ഈ തോട്ടത്തിൽ നില്ക്കേണ്ടി വന്ന രോഗികൾക്കുവേണ്ടി തോട്ടത്തിലെ ചില ഇടങ്ങളിലും മെസ്മർ തന്റെ കാന്തശക്തി കടത്തിവിടുക പതിവായിരുന്നു. ആ മരങ്ങളിൽ സ്പർശിച്ചവർക്കും അത്ഭുതരോഗശാന്തി ലഭിച്ചു. ഫ്രഞ്ചുഗവൺമെന്റ് അയച്ച വിദഗ്ദ്ധസംഘം തോട്ടത്തിലെ ചില പ്രത്യേകമരങ്ങളിൽ മെസ്മറിനെക്കൊണ്ട് തൊടുവിച്ച് അദ്ദേഹത്തിന്റെ ശക്തി ആ മരങ്ങളിലേക്ക് കടത്തിവിട്ടു. അനന്തരം പുറത്തുനിന്ന രോഗികളെ മററു ചില മരങ്ങളിലാണ് മെസ്മർ സ്പർശിച്ചത് എന്ന് പറഞ്ഞു വിശ്വസിപ്പിച്ചു. തോട്ടത്തിനകത്തുകടന്ന രോഗികൾ മെസ്മറിന്റെ കാന്തശക്തി കടത്തിവിട്ടിട്ടില്ലാത്തതും അതേസമയം മെസ്മർ സ്പർശിച്ചതാണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചിട്ടുള്ളതുമായ മരങ്ങളിൽ സ്പർശിച്ച് രോഗവിമുക്തി നേടി. അതോടുകൂടെ മെസ്മറിന്റെ ജന്തു അയസ്കാന്തശക്തിയുടെ കള്ളി പുറത്തായി.

**എല്ലാ രോഗങ്ങളും ഒന്നുകിൽ അവൻ ആരാധിക്കുന്ന ദൈവത്തിന്റെ കോപമോ, പിശാചിന്റെ ആവേശമോ മൂലമാണെന്ന് അവൻ വിശ്വസിച്ചു. അതുമല്ലെങ്കിൽ അവന്റെ ഒരു ശത്രുവിന്റെ ക്ഷുദ്രപ്രയോഗമാണ് ഈ രോഗത്തിന് അടിസ്ഥാനകാരണമെന്ന് അവൻ വിശ്വസിച്ചു.**

ഈ പരീക്ഷണഫലം വ്യക്തമാക്കുന്നത്

മെസ്മറിന്റെ കാന്തശക്തിയെന്ന് വിശേഷിപ്പിച്ചതും അതിൽനിന്നുണ്ടാകുന്ന രോഗശാന്തിയും വെറും പ്രത്യായനം (suggestion) മൂലം സംഭവിക്കുന്നതാണെന്നല്ലേ? ഈ പരീക്ഷണത്തെതുടർന്ന് മെസ്മർ ഫ്രാൻസ് വിട്ട് ഒരു കുഗ്രാമത്തിലേക്ക് പോവുകയും അവിടെ ആരുടെയും ശ്രദ്ധ ആകർഷിക്കാതെ കാലയവനികയ്ക്കുള്ളിൽ മറയുകയുമാണുണ്ടായത്. ഏതാണ്ട് ഇതേ രീതിയിലാണ് നമ്മുടെ ചില സിദ്ധന്മാരും അത്ഭുതരോഗശാന്തി നടത്തുന്നത്. പക്ഷെ നമ്മുടെ നാട്ടിൽ ആരും അതിനെ ശാസ്ത്രീയമായി പഠിക്കുവാൻ ശ്രമിക്കുന്നില്ലെന്നു മാത്രം. ക്രിസ്തീയ ദേവാലയങ്ങളിലും, മുസ്ലീംപള്ളികളിലും, ഹൈന്ദവക്ഷേത്രങ്ങളിലും ഇത്തരം രോഗശാന്തികൾ നടക്കുന്നു. തൃശൂർ വടക്കുന്നാഥക്ഷേത്രത്തിൽ വടക്കുംനാഥന് നേർച്ചനേർന്ന് ക്രൈസ്തവദമ്പതികൾക്ക് സന്താനഭാഗ്യമുണ്ടായതിനെക്കുറിച്ച് മനോരമ പത്രം തന്നെ റിപ്പോർട്ടു ചെയ്തിരുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. യുക്തിവാദസംഘത്തിന്റെ ഒരു സജീവപ്രവർത്തകനായ ഇരിങ്ങാലക്കുടയിലെ ഉണ്ണികാക്കനാടിന്റെ ഹിപ്നോട്ടിസം മൂലമുള്ള അത്ഭുതരോഗശാന്തിയും നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. പരസ്പരം അംഗീകരിക്കാത്ത വിശ്വാസസംഹിതയുള്ളവർ ഒരേ തരത്തിൽ രോഗശാന്തി നടത്തുമ്പോൾ, അതിന്റെയെല്ലാം പിന്നിൽ ഏതോ ഒരു പൊതുശക്തി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതല്ലേ പരമാർത്ഥം!

നമ്മുടെ നാട്ടിൽ വസൂരിരോഗം പടർന്നു പിടിച്ചാൽ അതിനുള്ള പ്രതിവിധി "മാരിയമ്മനെ" ഒഴിപ്പിക്കുന്നതിനുള്ള മന്ത്രവാദമായിരുന്നു. ആ അവസരങ്ങളിൽ വസൂരിരോഗം പിടിക്കാതിരിക്കുന്നതിനുവേണ്ടി പള്ളികളിൽനിന്നും പുരോഹിതൻമാർ ഔദ്യോഗികവേഷം ധരിച്ച് കുരിശുമേന്തി ഒരു ഘോഷയാത്രയായി ഗ്രാമത്തിലെ ഓരോ വീടുകളിലും ചെന്ന് മസൂരിരോഗം വരുത്തുന്ന മാരിയമ്മനെ ഓടിക്കുന്നതിനുവേണ്ടി വെള്ളം തളിക്കുകയും പ്രാർത്ഥനചൊല്ലുകയും ചെയ്യുന്നത് പതിവായിരുന്നു. പക്ഷെ ശാസ്ത്രം പുരോഗമിച്ചതോടുകൂടെ വസൂരിരോഗം ഭൂമുഖത്തുനിന്നും പൂർണ്ണമായി നിർമാർജ്ജനം ചെയ്യുന്നതിനും നമുക്ക് കഴിഞ്ഞിരിക്കുന്നു.

## മനോജന്യ രോഗങ്ങൾ

മനുഷ്യമനസ്സും ശരീരവും പാലും വെള്ളവും പോലെ വേർതിരിക്കുവാൻ സാധിക്കാത്ത നിലയിൽക്കൂടി കലർന്ന് ഒന്നായിരിക്കുന്ന അവസ്ഥയിലേ നമുക്കു കാണുവാൻ സാധിക്കുന്നുള്ളു. അതുകൊണ്ട് മനുഷ്യമനസ്സിനെ വേർതിരിച്ച് പഠിക്കുന്നത് ബുദ്ധിമുട്ടാണ്. എന്നിരുന്നാലും ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെ ശരീരവും മനസ്സും മനുഷ്യജീവിതത്തിന്റെ രണ്ട് അഭേദ്യമായ ഭാവങ്ങളാണെന്നും അത് പരസ്പരം സ്വാധീനിക്കുകയും ഇടകലർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു എന്നും വ്യക്തമാക്കിയിട്ടുണ്ട്. മനസ്സിന്റെ പ്രവർത്തനങ്ങൾ ശാരീരികരോഗത്തെയും ശാരീരികപ്രവർത്തനത്തകരാറുകൾ മനോരോഗങ്ങളെയും സൃഷ്ടിക്കുന്നു എന്നത് വൈദ്യശാസ്ത്രവും അംഗീകരിക്കുന്ന വസ്തുതയാണ്.

മനസ്സിന്റെ തകരാറുമൂലം ഉണ്ടാകുന്ന രോഗങ്ങളെ മനോജന്യരോഗങ്ങൾ(Psycho- genics) എന്നും വിളിക്കാം. ഇതിന്റെ ലക്ഷണങ്ങൾ മാനസികമോ, ശാരീരികമോ ആയിരിക്കാം. മാനസികമായ തകരാറുമൂലം ഉണ്ടാകുന്ന ശാരീരികരോഗങ്ങൾ താഴെപ്പറയുന്നവയാണ്.

### 1. മനസ്സിന്റെ തകരാറുമൂലം ഉണ്ടാകുന്ന ശാരീരികമായ പ്രവർത്തനക്ഷമത നഷ്ടപ്പെടൽ

ഇതിന് കൺവെർഷൻ ഹിസ്റ്റീരിയ എന്ന് പറയുന്നു. ഈ രോഗത്തിൽ ജീവശാസ്ത്രപരമായ തകരാറുകൾ ഒന്നും തന്നെ ഇല്ല. പക്ഷെ ഇന്ദ്രിയങ്ങളുടെയും ശാരീരിക അവയവങ്ങളുടെയും പ്രവർത്തനക്ഷമത നഷ്ടപ്പെടുന്നു. തലവേദന, ആസ്ത്മ, കേൾവി, കാഴ്ച, സംവേദനം ഇവയുടെ നഷ്ടപ്പെടൽ തളർവാതം. ത്വക്ക് രോഗങ്ങൾ, മുതലായവ പ്രത്യക്ഷപ്പെടുന്നു. എന്നാൽ ജീവസംബന്ധമായ യാതൊരു തകരാറും ഇല്ലാത്തതുകൊണ്ട് ചികിൽസാവിധികൾ കൊണ്ട് ഈ രോഗങ്ങൾക്ക് യാതൊരു സൗഖ്യവും ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ ഇവ മാറാരോഗങ്ങളായി അവശേഷിക്കുന്നു. പലപ്പോഴും ഇവ മാനസികമായി സംഘർഷങ്ങളുടെയും സംഘട്ടനങ്ങളുടെയും കുറ്റബോധങ്ങളുടെയും ബാഹ്യപ്രകടനങ്ങളാണ്. ഇങ്ങനെയുള്ള രോഗികൾ ഉയർന്ന പ്രത്യായന സാദ്ധ്യത (highly suggestible) ഉള്ളതാണ്. മോഹനിദ്രയിൽ ഈ രോഗങ്ങൾ പ്രത്യായനം കൊണ്ട് സൃഷ്ടിക്കുകയും നീക്കുകയും ചെയ്യാം എന്നതാണ് ഈ രോഗത്തെ മനസിലാക്കുവാനുള്ള എളുപ്പമാർഗ്ഗം. ഈ രോഗത്തിന് കാരണമായ മാനസിക സംഘർഷത്തെ കൈകാര്യം ചെയ്യുകയാണ് സൈക്കോതെറാപ്പിയിൽ ചെയ്യുന്നത്. അബോധമനസിൽ കുടികൊള്ളുന്ന ഈ പ്രശ്നങ്ങളെ വെളിച്ചത്തു കൊണ്ടു വരുകയും അതിനെ നേരിടുവാൻ രോഗിയെ സഹായിക്കുകയും ചെയ്തുകഴിയുമ്പോൾ രോഗം അപ്രത്യക്ഷമാകുന്നു. പ്രത്യായനത്തിന് ഇവർ വളരെവേഗം വിധേയരാകും. എന്നതുകൊണ്ട് മന്ത്രവാദികളുടെയും, പുരോഹിതന്മാരുടെയും, മറ്റു ദിവ്യന്മാരുടെയും തന്ത്രങ്ങൾ താല്കാലികമായ സൗഖ്യം ഇവർക്ക് പ്രദാനം ചെയ്യുന്നു എന്നതും വാസ്തവമാണ്. രോഗശാന്തി ലഭിക്കുന്ന മാറാരോഗംബാധിച്ച അധികപങ്കാളുകളും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. സൈക്കോതെറാപ്പിയിലൂടെ സൗഖ്യം നൽകുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതു എന്തെങ്കിലും അത്ഭുതസിദ്ധികൾ കൊണ്ടല്ല.

### 2. മനോജന്യ ശാരീരികരോഗങ്ങൾ (psychophysiological illness)

തുടർച്ചയായും മാനസികസംഘർഷങ്ങൾകൊണ്ട് സ്വതന്ത്രനാഡീവ്യൂഹത്തിന്റെ ക്രമം തെറ്റിയുള്ള പ്രവർത്തനം കൊണ്ട് ആന്ത

*അത്ഭുത രോഗശാന്തിയുടെ ഒരു കാലയളവാണിത്. ക്രിസ്തീയസുവിശേഷപ്രവർത്തകർ അത്ഭുത രോഗശാന്തിയുമായി ഇന്ന് ലോകമെങ്ങും പ്രവർത്തിക്കുന്നുണ്ട്. അത്ഭുത രോഗശാന്തി മറ്റുമതങ്ങളിലുമുണ്ട്. ഇതിന്റെ മനഃശാസ്ത്ര വിശദീകരണം നൽകുന്ന ഒരു ലേഖനം ആലുവാ യു.സി. കോളേജ് മനശാസ്ത്രവിഭാഗം മേധാവിയായിരുന്ന ഡോ. വി.. കെ. അലക്സാണ്ടർ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇന്ന് അദ്ദേഹം ഇല്ലെങ്കിലും, അദ്ദേഹം ലേഖനത്തിൽക്കൂടി വിശദീകരിക്കുന്ന കാര്യങ്ങൾ കൂടുതൽ പ്രസക്തമായി തോന്നുന്നതിൽ ഞങ്ങൾ അത് വീണ്ടും പ്രകാശനം ചെയ്യുകയാണ്.*

*എഡിറ്റർ*

അതു തന്നെയല്ലേ മനഃശാസ്ത്രം പറയുന്ന "പ്രത്യായനശക്തി" (power of suggestion).

ശാസ്ത്രം വളരുന്നതിനുമുൻപ് പ്രാകൃതമനുഷ്യന് രോഗമുണ്ടാകുന്നതിനുള്ള കാരണത്തെപ്പറ്റി വളരെ പരിമിതവും അന്ധവിശ്വാസ ജടിലവുമായ ധാരണകളാണ് ഉണ്ടായിരുന്നത്. എല്ലാ രോഗങ്ങളും ഒന്നുകിൽ അവൻ ആരാധിക്കുന്ന ദൈവത്തിന്റെ കോപമോ, പിശാചിന്റെ ആവേശമോ മൂലമാണെന്ന് അവൻ വിശ്വസിച്ചു. അതുമല്ലെങ്കിൽ അവന്റെ ഒരു ശത്രുവിന്റെ ക്ഷുദ്രപ്രയോഗമാണ് ഈ രോഗത്തിന് അടിസ്ഥാന കാരണമെന്ന് അവൻ വിശ്വസിച്ചു.

വൈദ്യശാസ്ത്രം ഇതരശാസ്ത്രത്തോടൊപ്പം വളരെ ഏറെ പുരോഗമിച്ചുവെങ്കിലും ഇന്നും ഇത്തരം വിശ്വാസങ്ങൾ അഭ്യസ്തവിദ്യർ പോലും വെച്ചുപുലർത്തുന്നു എന്നതാണ് സത്യം. ഏതാണ്ട് ഒരു അറുപതുകൊല്ലങ്ങൾക്കുമുൻപ്

രീക ഇന്ദ്രിയവ്യൂഹങ്ങൾക്ക് ഉണ്ടാകുന്ന തകരാറുമൂലം ഉണ്ടാകുന്ന ആമാശയരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, ഹൃദ്രോഗങ്ങൾ മുതലായവ ഇത്തരത്തിൽപ്പെട്ടിട്ടുള്ളവയാണ്. ഈ രോഗങ്ങളിൽ ജീവശാസ്ത്രപരമായ തകരാറുകൾ ഉണ്ട് എന്നതുകൊണ്ട് മനശാസ്ത്രപരവും ശരീരശാസ്ത്രപരവുമായ സമീപനം ആവശ്യമാണ്. വർദ്ധിതമായ തോതിൽ അമ്ലം ആമാശയത്തിൽ ഉണ്ടാകുന്നു എങ്കിൽ അതിന് മരുന്ന് കൂടിയെ തീരു. എന്നാൽ മാനസീകമായ സംഘർഷമാണ് ഇതിലേക്ക് നയിക്കുന്നത് എന്നതുകൊണ്ട് മാനസീകമായി ചികിത്സാപദ്ധതികളും ആവശ്യമായി വരുന്നു. തെറ്റായ മൂല്യങ്ങളിൽ അടിയുറച്ച ജീവിതം, ജീവിതത്തോടു തന്നെയുള്ള തെറ്റായ സമീപനം, ഭമനം ചെയ്യപ്പെട്ടു. ഉള്ളിൽ ഒതുക്കിവെചിരിക്കുന്ന (repressed) വൈരാഗ്യം, മാനസീക സംഘട്ടനങ്ങൾ, കുറ്റബോധങ്ങൾ ഇവ ഈരോഗങ്ങൾക്ക് കാരണമായിത്തീരാം എന്നതുകൊണ്ട് യാഥാർത്ഥ്യത്തിലുള്ള മാനസാന്തരം ഇത്തരം രോഗങ്ങളെ നേരിടുവാൻ അനുപേക്ഷണിയമാണെന്നു തന്നെ പറയാം.

### 3. ശാരീരികരോഗം ഉണ്ടെന്നുള്ള തോന്നൽ (hypochondriacal neurosis)

ഇവിടെ ജീവശാസ്ത്രപരമായ തകരാറോ, ശരീരികാവയവങ്ങളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാറോ ഇല്ല. ഈ രോഗം ബാധിച്ചവർ നിരന്തരം ശാരീരികാസുഖങ്ങളെ പ്പറ്റി പരാതിപ്പെട്ടുകൊണ്ടിരിക്കും. ഡോക്ടർമാരെ മാറി മാറി സമീപിക്കുകയും ചെയ്യും. ഇച്ഛാഭംഗത്തിൽ ജീവിക്കുന്ന വീട്ടമ്മമാർക്ക് (frustrated house wives)ഇതുപോലെയുള്ള രോഗം പലപ്പോഴും കാണാറുണ്ട്.

മാനസികമായ പിരിമുറുക്കം ഉള്ളപ്പോൾ തലവേദന, നടുവേദന, പിടലിവേദന ഇങ്ങനെ മാംസപേശികളുടെ സംഘർഷം മൂലമുള്ള പലതരം വേദനകൾ, സാധാരണക്കാർക്കുപോലും അനുഭവമുള്ളതാണ്. ക്രമീകൃതവും ലക്ഷ്യബോധവും അർത്ഥപൂർണ്ണവുമായ ഒരു ജീവിതത്തിന് ഇത്തരം പ്രശ്നങ്ങളെ നേരിടുവാൻ കഴിയും എന്നതിൽ സംശയമില്ല. സൈക്കോതെറാപ്പിയിൽ ഞങ്ങൾ ചെയ്യുന്നതും നിലവിലിരിക്കുന്ന ജീവിതത്തിൻെറ തെറ്റായ ഭാവത്തിലേക്ക് ഉൾകാഴ്ച നൽകുകയും ആരോഗ്യകരമായ ഭാവം കൈകൊള്ളാൻ ആളുകളെ സഹായിക്കുകയും ആണ്. ഇതിൽ മതത്തിനും മാനസാന്തരത്തിനും ഒരു സ്ഥാനം ഉണ്ട് എന്നത് അംഗീകരിക്കുന്നു. എന്നാൽ അതിന് ഊന്നൽ കൊടുക്കാതെയുള്ള 'അത്ഭുതപ്രകടനങ്ങൾ' ആത്യന്തമായ പ്രശ്നങ്ങൾക്ക് പരിഹാരം അല്ല.

### പ്രേതബാധ

മനോജന്യരോഗങ്ങളിൽ ഏറ്റവും നാടകീയമായിട്ടുള്ളതും സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ വിഷമമുള്ളതും അതെസമയം അവരുടെ അന്ധവിശ്വാസത്തെ ചൂഷണം ചെയ്ത് അത്ഭുതരോഗശാന്തിയുടെ ശക്തി വെളിപ്പെടുത്തുവാൻ ഉപയോഗിക്കുന്നതുമായ ഒന്നാണ് പ്രേതബാധ.



> അബോധമനസിൽ കുടികൊള്ളുന്ന ഈ പ്രശ്നങ്ങളെ വെളിച്ചത്തു കൊണ്ടുവരുകയും അതിനെ നേരിടുവാൻ രോഗിയെ സഹായിക്കുകയും ചെയ്തുകഴിയുമ്പോൾ രോഗം അപ്രത്യക്ഷമാകുന്നു. പ്രത്യായനത്തിന് ഇവർ വളരെവേഗം വിധേയരാകും എന്നതുകൊണ്ട് മന്ത്രവാദികളുടെയും, പുരോഹിതന്മാരുടെയും, മറ്റു ദിവ്യന്മാരുടെയും തന്ത്രങ്ങൾ താല്കാലികമായ സൗഖ്യം ഇവർക്ക് പ്രദാനം ചെയ്യുന്നു എന്നതും വാസ്തവമാണ്. രോഗശാന്തി ലഭിക്കുന്ന മാറാരോഗംബാധിച്ച അധികപങ്കാളുകളും ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

ഒരാൾ ബോധരഹിതനായി തീർന്ന് മരിച്ചുപോയ ഒരാളിൻെറ പ്രേതമാണ് താനെന്ന് പറഞ്ഞ് സംസാരിക്കുക; അതേസ്വരത്തിലും ഭാഷയിലും സംസാരിച്ചു എന്നും വരാം. കഴിഞ്ഞ മുപ്പതുകൊല്ലങ്ങളായി നൂറുകണക്കിന് ഇത്തരം പ്രേതബാധിതരോഗികളെ ഞങ്ങളുടെ മനശാസ്ത്രക്ലിനിക്കിൽ ചികിത്സിച്ച് രോഗം ഭേദമാക്കിയിട്ടുണ്ട്. ഞങ്ങളുടെ അനുഭവത്തിൽ നിന്നും ഇത് വെറും ഒരു ഹിസ്റ്റീറിയാരോഗമല്ലാതെ യാതൊരു പ്രേതത്തെയും അനുഭവമായിട്ടില്ല.

ഇപ്പോൾ ഞങ്ങൾ ചികിത്സിച്ചുകൊണ്ടിരിക്കുന്ന ഒരു യുവതിയുടെ കഥ തന്നെ കേൾക്കുക.

ശാന്ത എന്ന ഇരുപത്തിരണ്ടു വയസ്സുള്ള ഒരു ഹരിജൻ യുവതി ആറ്റിൽചാടി ആത്മഹത്യയ്ക്ക് ശ്രമിച്ചതുമൂലം ചികിൽസക്കായി ഞങ്ങളുടെ ക്ലിനിക്കിൽ ഒരു മാസത്തിനു മുമ്പ് കൊണ്ടുവന്നു. ശാന്തയെ ഒരു പ്രേതം കൂട്ടികൊണ്ടുപോയി ആത്മഹത്യയ്ക്ക് ശ്രമിപ്പിക്കുകയാണെന്ന് വീട്ടുകാരിൽ നിന്നും മനസ്സിലാക്കി. മോഹനിദ്രയിൽ ഞങ്ങൾ പ്രേതത്തെ വരുത്തി. വലിയ ഒരലർച്ചയോടു കൂടെ പ്രേതം വന്നു. (പ്രേതം എന്നത് അവളിലെ ദ്വിതീയ വ്യക്തിത്വം. Secondary personality ആണ്) ശബ്ദം ഉയർത്തി അവൾ പറഞ്ഞു. "ഞാൻ വിഷ്ണുമായ ആണ്, ഒരു നമ്പൂതിരി സ്ത്രീയാണ്. ഞാൻ ഇവളെയും കൊണ്ടേ പോവുകയുള്ളൂ" ഓം നാരായണ നമഃ എന്ന മന്ത്രവും ഉരുവിട്ടു കൊണ്ടിരുന്നു.

ഞങ്ങൾ വിഷ്ണുമായ എന്ന ആ നമ്പൂതിരി യുവതിയുമായി പല പ്രാവശ്യം സംസാരിച്ചു. ഒരു ഹരിജൻ യുവതി എത്ര തന്മയത്വമായി നമ്പൂതിരിമാരുടെ ഭാഷയിൽ അവരുടെ സംസ്ക്കാരം ഉൾക്കൊണ്ടു കൊണ്ടു പെരുമാറുന്നത് എങ്ങനെയാണെന്ന് അത്ഭുതപ്പെട്ടു. എങ്ങനെയാണ് ഒരു നമ്പൂതിരി യുവതി ഒരു പുലയ സ്ത്രീയുടെ ശരീരത്തിൽ കൂടിയതെന്ന് ചോദിച്ചപ്പോൾ ഛേ! ഛേ! അയിത്തമുള്ള ജാതിയാ-തീണ്ടലുള്ളതാ-പക്ഷെ അവൾ എന്നെ ആശ്രയിച്ചതുകൊണ്ട് അവളെ രക്ഷിക്കാൻ വന്നതാ" എന്നായിരുന്നു മറുപടി. വിഷ്ണുമായ ചാരിത്രശുദ്ധിയിൽ പൂർണ്ണവിശ്വാസമുള്ള ഒരു യുവതിയുമായിരുന്നു.

ഞങ്ങൾ ശാന്തയുമായും പലപ്രാവശ്യം സംസാരിച്ചു. അപ്പോഴാണ് 'വിഷ്ണുമായ' ഒരു അത്ഭുത പ്രതിഭാസമല്ലെന്നും, ശാന്തയുടെ അബോധമനസ്സിൽ ഒതുങ്ങി കിടന്ന ചില വേദന ജനിപ്പിക്കുന്ന വികാരസമുച്ചയത്തിൻെറ മൂർത്തീഭാവം മാത്രമാണെന്നും മനസ്സിലായത്.

ശാന്ത പത്താം ക്ലാസുവരെ പഠിച്ച ഒരു ഹരിജൻയുവതിയാണ്. അവൾ സ്ക്കൂളിൽ എല്ലാവരോടും സ്വതന്ത്രമായി പെരുമാറിയിരുന്നു. ഉന്നത കുലജാതരായ പലപെൺകുട്ടികളും അവളുടെ ഉറ്റസുഹൃത്തുക്കൾ ആയിരുന്നു. നൈർമ്മല്യം നിറഞ്ഞ ഒരു പുഞ്ചിരി അവൾക്ക് സായത്തമായിരുന്നതു കാരണം ആദ്യപരിചയത്തിൽതന്നെ അവളെ ആരും ഇഷ്ടപ്പെടുമായിരുന്നു. പത്തിൽ തോറ്റതോടുകൂടി വീട്ടുകാർ വിവാഹകാര്യം ആലോചിക്കുവാൻ തുടങ്ങി. അപ്പോഴാണ് അവളുടെ വീടിനു സമീപമുള്ള ഒരു ഹരിജൻ യുവാവ് ശാന്തയെ സമീപിച്ച് "ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്നെ നീ വിവാഹം കഴിച്ചില്ലെങ്കിൽ തൂങ്ങി മരിക്കും." എന്നറിയിച്ചത്, വിവരം അറിഞ്ഞ മാതാപിതാക്കൾ അവനുമായുള്ള വിവാഹം നടത്തികൊടുത്തു.

മൂന്നുകൊല്ലം സ്നേഹസമ്പൂർണ്ണമായ ദാമ്പത്യജീവിതം അവൾക്ക് ലഭിച്ചു. ദാമ്പത്യവല്ലരി പൂത്ത് ഒരു ശിശുവും അവൾക്ക് ലഭിച്ചു. ഇഹലോകത്തിൽ സ്വർഗ്ഗീയാനന്ദം അവൾ അനുഭവിച്ചു. പക്ഷെ അധികനാൾ നീണ്ടുനിന്നില്ല. അവളുടെ ഭർത്താവ് മദ്യപാനിയായി തീർന്നു. ഉപജീവനത്തിനു വേണ്ടി വ്യാജചാരായ നിർമ്മാണം തുടങ്ങി. എവിടെനിന്നോ അവളുടെ പ്രായം തന്നെയുള്ള ഒരു ഈഴവയുവതിയെ കൂട്ടിക്കൊണ്ടുവന്ന് രണ്ടാം ഭാര്യയായി ആ കുടിലിൽ താമസിപ്പിക്കുകയും ചെയ്തു. സ്വർഗ്ഗസമാനമായിരുന്ന ആ ചെറുകുടിൽ നരകതുല്യമാകാൻ വേറെ എന്തെങ്കിലും ആവശ്യമായിരുന്നുവോ?

ജീവിതത്തിലെ പരസ്പര വിരുദ്ധശക്തികളുടെ വടംവലിയിൽ അവൾ ഞെരുങ്ങി. അവ

ളുടെ സമുദായത്തിലെ ഇതരസഹോദരികളുമായി താരതമ്യപ്പെടുത്തുമ്പോൾ അവൾ വിദ്യാസമ്പന്നയാണ്, വ്യത്യസ്ഥമായ ഒരു സംസ്ക്കാരത്തിൻെറ ഉടമയാണ്. പക്ഷെ കരാളമായ ചുറ്റുപാടിൽ അവൾക്ക് ജീവിതം ദുസ്സഹമായി. സ്വന്തം കുഞ്ഞിനോടും ജീവിതത്തോടും ഉള്ള സ്നേഹം ഒരുവശത്ത്. ഭർത്താവിൻെറ മദ്യപാനത്തിലും ദുർനടത്തയിലും ഉള്ള വെറുപ്പ് മറ്റൊരുവശത്ത്. തികഞ്ഞ മനോരോഗിയായിത്തീരാതെ കുറച്ചെങ്കിലും മനഃസമാധാനത്തോടുകൂടെ ജീവിക്കുന്നതിന് മനസ്സ് നല്കുന്ന ഒരു പ്രതിരോധ നടപടിയാണ് 'ഒതുക്കുക' എന്ന പ്രക്രിയ (repression). ശാന്തയുടെ വേദനകൾ എല്ലാം അവൾ ഒതുക്കി. അവളുടെ കുഞ്ഞിനുവേണ്ടി അവൾക്ക് ജീവിക്കേണ്ടിയിരിക്കുന്നു. 'ഒതുക്കുക, എന്ന പ്രക്രിയയും ദുർവഹമായപ്പോൾ 'തന്മയീഭാവം' എന്ന മറ്റൊരുപ്രതിരോധ നടപടി (identification) അവൾ അറിയാതെ തന്നെ ആ മനസ്സ് സ്വീകരിച്ചു. അതായിരുന്നു വിഷ്ണുമായ എന്ന നമ്പൂതിരി യുവതിയായി പ്രത്യക്ഷപ്പെട്ടത്, വേറെ ഒരുരീതിയിൽ പറയുകയാണെങ്കിൽ, അവളുടെ ആബോധമനസ്സ് അവളറിയാതെ തന്നെ ഒരു നാടകം കളിക്കുകയായിരുന്നു. അതിൻെറ ലക്ഷ്യം അവളുടെ അബോധമനസ്സിൽ നടന്നുകോണ്ടിരുന്ന "പിരിമുറുക്ക"ത്തിൻെറ ശക്തി കുറക്കുകയായിരുന്നു.

ഞങ്ങൾ വിഷ്ണുമായ എന്ന നമ്പൂതിരി യുവതിയുടെ പ്രേതത്തെ ഇറക്കിവിട്ടില്ല. അതിനുപകരം അവളുടെ മനസ്സിലെ സംഘർഷത്തിലേക്കും സംഘട്ടനത്തിലേക്കും ഉൾക്കാഴ്ച നല്കുകയും ഈ പ്രശ്നത്തെ ആരോഗ്യകരമായ രീതിയിൽ അഭിമുഖീകരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുകമാത്രമേ ചെയ്തുള്ളു. അതോടുകൂടെ അവളുടെ രോഗവും മാറി. ഇതിനുപകരം "പ്രേതത്തെ" ഒഴിപ്പിക്കാൻ സാധിക്കും. മന്ത്രവാദികളും മററും ചെയ്യുന്നത് അതാണ്. കാരണം ഇത്തരം പ്രതിരോധതന്ത്രം ഉപയോഗിക്കുന്നവർ വളരെയധികം പ്രത്യായന സാദ്ധ്യത ഉള്ളവരാണ്. പക്ഷെ കാതലായ പ്രശ്നം അവശേഷിക്കും എന്നുമാത്രം.

സൈക്കോതെറാപ്പിയിലൂടെ അനേകം പ്രേതബാധിതരെ (dissociative hysteria) ഞങ്ങൾ ചികിത്സിച്ചുഭേദമാക്കിയിട്ടുണ്ട്. ഒരുപ്രേതത്തെയും ഞങ്ങൾ കണ്ടിട്ടുമില്ല. അതുപോലെ തന്നെയാണ് മനോജന്യങ്ങളായ മററുരോഗങ്ങളെയും ഞങ്ങൾ സൈക്കോതെറാപ്പിയിലൂടെ ചികിത്സിച്ചുഭേദമാക്കുന്നത്. ഒരു അത്ഭുതശക്തിയും ഞങ്ങൾ അവിടെ കണ്ടിട്ടുമില്ല. അപ്പോൾ നമ്മുടെ സിദ്ധന്മാരുടെയും പുരോഹിതന്മാരുടെയും 'അത്ഭുത' രോഗശാന്തിപ്രവർത്തനങ്ങൾ മനഃശാസ്ത്രത്തിൽ പറയുന്ന പ്രത്യായനം മാത്രമല്ലേ!.

# ആർക്കും വേണ്ടാത്ത സഭാശുശ്രൂഷകൻ

സഭാശുശ്രൂഷകരെ തെരെഞ്ഞെടുക്കുന്ന മഹായിടവകയുടെ പാസ്റ്ററൽ സമിതി കൂടികൊണ്ടിരിക്കുന്നു. സഭയുടെ 'അന്തസ്സും' കീഴ്വഴക്കങ്ങളും പരിപാലിക്കുന്ന ഒരു ശുശ്രൂഷകനെ ദൈവനാമത്തിൽ തെരഞ്ഞെടുക്കുവാൻ സമിതിയംഗങ്ങൾ പരസ്പരം കലഹിച്ചു. ഓരോതരം കുറ്റങ്ങളും കുറവുകളും ആരോപിച്ച് അപേക്ഷകൾ തള്ളിക്കളയാൻ അവർ മത്സരിക്കുന്നതുപോലെ തോന്നും. ഈ മെനകെട്ട ക്ലേശകരമായ സ്ഥിതി ഒരംഗത്തെ വ്യാകുലനാക്കി. ഒരാത്മപരിശോധനയ്ക്ക് സമയമായിരിക്കുന്നു എന്ന് അദ്ദേഹത്തിനു തോന്നി. അദേഹം എഴുന്നേറ്റ്, മറ്റംഗങ്ങളുടെ ശ്രദ്ധയാകർഷിച്ച് കൈവശമുള്ള അപേക്ഷ വായിച്ചു.

സ്നേഹമുള്ള പാസ്റ്ററൽ ബോർഡ് അംഗങ്ങൾ അറിയുന്നതിന്,

സഭാശുശ്രൂഷകൻെറ ഒഴിവുണ്ട് എന്നറിഞ്ഞു. ആ ജോലിക്കുവേണ്ടിയാണ് ഈ അപേക്ഷ സമർപ്പിക്കുന്നത്.

എനിക്കു പല യോഗ്യതകളുമുണ്ട്.

ഞാൻ നല്ല പ്രസംഗകനാണ്; ഒന്നാന്തരം എഴുത്തുകാരനും. ഈ രണ്ടു മണ്ഡലങ്ങളിലും വളരെ പ്രസിദ്ധി നേടിയിട്ടുണ്ട്. ചിലർ പറയുന്നു ഞാൻ തരക്കേടില്ലാത്ത സംഘാടകനാണെന്ന്. എവിടെയെല്ലാം പോയിട്ടുണ്ടോ അവിടെയെല്ലാം എൻെറ നേതൃത്വം അംഗികരിക്കപ്പെട്ടു.

എനിക്ക് അൻപതുവയസ്സാണ്. കാഴ്ചയിൽ ഏറെത്തോന്നും. മൂന്നുവർഷത്തിൽ കൂടുതൽ ഒരിടത്തും ഞാൻ പ്രസംഗിച്ചിട്ടില്ല.

ഏതെങ്കിലും ഒരു ക്രിസ്തീയസെമിനാരിയിൽ ചേർന്ന് വേദപുസ്തകം പഠിക്കാൻ ഞാൻ മോഹിച്ചു. ഇതുവരെ നടന്നില്ല. (ഞാൻ സെമിനാരി നടത്തിപ്പുകാരുടെ ചാർച്ചകാരനല്ലല്ലോ!)

എൻെറ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി ചിലസ്ഥലങ്ങളിൽ കലഹങ്ങളും സംഘട്ടനങ്ങളും നടന്നിട്ടുണ്ട്. അതുകൊണ്ട് അവിടങ്ങളിൽനിന്നും എനിക്ക് കെട്ടുകെട്ടേണ്ടിവന്നു. രാജ്യനിയമങ്ങൾ ലംഘിച്ചവൻ, ഭൂലോകത്തെ കലഹിപ്പിക്കുന്നവൻ എന്നൊക്കെ എനിക്ക് ദുഷ്പേരുകൾ ഉണ്ടായി.

മൂന്നോ, നാലോ തവണ ജയിലിൽകിടക്കേണ്ടിവന്നു എന്നു സമ്മതിക്കുന്നു. ജയിൽ ചാടി, ഒളിച്ചോടിയെന്നു പൊതുജനസംസാരവുമുണ്ട്.

നല്ല ആരോഗ്യം ഇല്ല. എങ്കിലും പ്രവർത്തനശേഷി ഉണ്ട്. എൻെറ ശുശ്രൂഷകൾ വളരെ ചെറിയ ഇടവകകളിലായിരുന്നു. അവ ദൂരെ സ്ഥലങ്ങളിൽ വ്യാപിച്ചുകിടക്കുന്നു.

പ്രസംഗിച്ച പട്ടണങ്ങളിൽ സഭാനേതാക്കന്മാരുമായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. അവരോട് എനിക്ക് അപ്രിയമായിരുന്നു. സത്യം പറഞ്ഞാൽ അവർ എന്നെ ഭീഷണിപ്പെടുത്തുകയും, പ്രത്യക്ഷമായും, പരോക്ഷമായും മാനസിക-ശാരീരിക പീഡനങ്ങൾ ഏല്പിക്കുകയും ചെയ്തു. എൻെറ നേർക്ക് കല്ലേറുകൾ എത്ര നടന്നിട്ടുണ്ടെന്നോ.

ഞാനൊരു മറവിക്കാരനാണ്. സഭാറിക്കാർഡുകൾ കണിശമായി എഴുതിയിട്ടില്ല. സ്നാനപ്പെടുത്തിയവരുടെ പേരുകൾ രേഖപ്പെടുത്താൻ സഭാജനങ്ങൾ എന്നെ കൂടെക്കൂടെ ഓർമ്മിപ്പിക്കണം.

എൻെറ യോഗ്യതകളും അയോഗ്യതകളും വിവരിച്ചുകഴിഞ്ഞു. മേൽപ്പറഞ്ഞവയെല്ലാം സത്യവും എൻെറ ഉത്തമബോധ്യത്തിൽപ്പെട്ടവയുമാണ്. ഏതായാലും നിങ്ങൾക്കെന്നെ ഉപയോഗിക്കാമെങ്കിൽ കഴിയുന്നത്ര നല്ലപ്രവർത്തികൾ ഞാൻചെയ്യാം.

അപേക്ഷ വായിച്ച അംഗം അന്തംവിട്ടിരിക്കുന്ന സഭാംഗങ്ങളെ നോക്കി പുഞ്ചിരിയോടെ ചോദിച്ചു:

"അപേക്ഷയുടെ ഉള്ളടക്കം എല്ലാവരും കേട്ടല്ലോ. എന്താണഭിപ്രായം?"

അദ്ദേഹം ശാന്തനായിപറഞ്ഞു.

"എൻെറ അഭിപ്രായം ഈ മനുഷ്യനെ സഭാശുശ്രൂഷകനായിനിയമിക്കണം എന്നാണ്."

സമിതിയംഗങ്ങൾ പിന്നെയും നടുങ്ങി.

ആരോഗ്യം ഇല്ലാത്ത, കലഹപ്രിയനായ, വേദപുസ്തകവിജ്ഞാനമില്ലാത്ത, മറവിക്കാരനായ ജയിൽപ്പുള്ളി. അയാളെ കർത്തൃശുശ്രൂഷ ഏൽപ്പിക്കണമെന്നോ? ഒത്താശചെയ്യുന്നവന് തീർച്ചയായും ഭ്രാന്ത് തന്നെ.

'ആരാണ് ഈ അപേക്ഷകൻ. ഇത്രതൊലിക്കട്ടി ഉള്ളവൻ.'

സഭ ഒന്നടങ്കം ചോദിച്ചു.

സഹപ്രവർത്തകരെ ഉറ്റുനോക്കി, ഒരു പരിഹാസച്ചിരിയോടെ അദ്ദേഹം പറഞ്ഞു.

"അപേക്ഷകൻ അപ്പോസ്തലനായ പൗലോസ് തന്നെ."




# ഓണം പൊന്നോണം


കേരളിയരുടെ പ്രാദേശിക ഉത്സവമാണ് ഓണം. അത്തപ്പൂക്കളും, ഓണക്കോടിയും, ഓണസദ്യയും, ജലോത്സവങ്ങളുമെല്ലാം ഓണത്തിന്റെ ഭാഗമാണ്. കർക്കിടകമാസത്തിലെ ഇരുണ്ട ആകാശവും, തോരാമഴയും, വെള്ളപ്പൊക്കവും, തൊഴിലില്ലായ്മയും, പട്ടിണിയും, എല്ലാം അപ്രത്യക്ഷമായി. കേരളമാകെ ഉറക്കത്തിൽനിന്ന് ഉണർന്നതുപോലെയാണ് ചിങ്ങമാസത്തിൽ ഊ ഷ്മളമായ ഉന്മേഷം പകരുന്നകാലാവസ്ഥയിലാണ് ഓണാഘോഷം. എല്ലാ ഉത്സവങ്ങളുടെ പിമ്പിലും പുരാണ കഥകൾ കാണും. കഴിഞ്ഞുപോയ നല്ല നാളുകളെ ഓർക്കുക. കളങ്കമില്ല, കപടമില്ല, പൊളിവചനങ്ങളില്ല. എങ്ങും സുഭിക്ഷത. സ്നേഹസഹകരണബന്ധങ്ങൾ എല്ലാം സുസ്ഥിരം. ജനക്ഷേമം മാത്രം മുൻനിർത്തി പ്രവർത്തിച്ചിരുന്ന ഭരണാധിപതി. തന്റെ ജീവിത ദർശനം പരോപകാരമാണ്, ജനക്ഷേമമാണ് നന്മകളുടെ കേന്ദ്രമായി ശ്ലാഘനീയമായ ഒരു നല്ല "ഇന്നലെ"യെ ക്കുറിച്ചുള്ള ഓർമ്മപുതുക്കൽ "Old is Gold"എന്ന തത്വത്തിൽ നിന്ന് ഉടലെടുത്തതായിരിക്കണം ഈ മഹാബലിക്കഥ.

ഓണം സ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും ദിനമായി ചിന്തിക്കാവുന്നതാണ്. ചവുട്ടിതാഴ്ത്തപ്പെട്ട സത്യസന്ധനായ ഭരണാധിപൻ സ്വതന്ത്രനായി;വിമോചിതനായി പ്രജകളെ സന്ദർശിക്കുന്നു. സന്തോഷമായും സമൃദ്ധമായും സ്വജനങ്ങൾ പാർക്കുന്നത് ദർശിച്ചു സായൂജ്യമടയുവാൻ ആഗ്രഹിക്കുന്ന നല്ലഭരണാധികാരി. എന്നാൽ എല്ലാവർഷവും കൂടുതൽ ദുഃഖിതനായിട്ടായിരിക്കണം അദ്ദേഹത്തിന്റെ തിരിച്ചെഴുന്നള്ളത്ത്. ഇന്നത്തെ ഭരണാധിപരോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം എന്തായിരിക്കുമോ?

ഏറ്റവും കൂടുതൽ വിദ്യാഭ്യാസമുള്ള, നൂറു ശതമാനം സാക്ഷരത്വമുള്ള കേരളമാണ് ഭാരതത്തിൽ ആത്മഹത്യാനിരക്കിൽ മുൻപന്തിയിൽ നില്ക്കുന്നത് ഇത് വിരോധാഭാസമായി തോ ന്നിയേക്കാം. കവർച്ച, ഭവനഭേദനം, അഴിമതി, പെൺവാണിഭം, കൊലപാതകം, സ്വാർത്ഥത, എന്നിവയിലെല്ലാം ഇന്ന് കേരളം മുൻപന്തിയിൽതന്നെ. സത്യസന്ധനായ രാജാവിനെ ചവുട്ടിത്താഴ്ത്തിപാതാളത്തിലേക്കയച്ച അസൂയാലുക്കളായ ദേവന്മാരുടെ പിൻതുടർച്ചക്കാരല്ലേ ഇന്ന് കേരളത്തിലുള്ളത് എന്ന് ചിന്തിക്കേണ്ടതാണ്. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളിലൂടെ ഒരു നല്ല നാളെ സൃഷ്ടിക്കാം എന്ന വ്യാമോഹം ഇന്നില്ല. തെരെഞ്ഞെടുപ്പുകൾക്ക് മുൻപ് പ്രസിദ്ധപ്പെടുത്തുന്ന പ്രകടന പത്രികകൾ പിന്നീട് അടുത്തതെരഞ്ഞെടുപ്പിൽ മാത്രമേ പൊടിതട്ടി പുറത്തെടുക്കാറുള്ളു. ചൂഷണവിധേയമായ ഭൂലോകം ഇന്ന് ആതമഹത്യയുടെ വക്കിലാണ്. നമ്മുടെ പൂർവ്വികന്മാർ നമ്മെ ഏല്പിച്ച ഭൂലോകം എത്രമാത്രം നശിപ്പിച്ചാണ് നാം പിൻതലമുറയെ ഏല്പിക്കുന്നത്! നാം ഭൂലോകത്തോട് ചെയ്യുന്ന എറ്റവും ഹീനമായ, നീചമായ പാപമാണിത്. വ്യക്തികളുടെയും, കുടുംബത്തിൻെറയും, സമൂഹത്തിൻെറയും ധാർമ്മീക അധഃപതനമാണ് ഭൂലോകത്തെ ഈ അവസ്ഥയിൽ എത്തിച്ചിരിക്കുന്നത്. പരിസ്ഥിതി മലിനീകരണം, വിഭവങ്ങളുടെ അമിതമായ ചൂഷണം, സഹോദരബന്ധങ്ങൾ തകർത്തുകൊണ്ടുള്ള സ്വാർത്ഥത എല്ലാം ഈ പതനത്തിൻെറ വേഗത വർദ്ധിപ്പിക്കുന്നു. ചുറ്റുപാടും അന്ധതയും നിരാശയും നിറഞ്ഞിരിക്കുന്ന കാല

(ശേഷം 28-ാം പേജിൽ...)





# HOW MUCH WE ACQUIRE! AND HOW LITTLE WE REQUIRE!

**Sam Amirtham**

*(Courtesy. People's Reporter)*

At the 25th Session of the CSI Synod in January 96, the General Secretary reported on the sufferings that the people of Jaffna are undergoing. Almost all the citizens in Jaffna had to flee to save their lives when the town fell to the conquering Sri Lankan army. The Jaffna Tamils have became refugees in their own country.

Bishop Ambalavanar and Chandra Ambalavanar, we were told, had to walk more than 40 kilometres, with a little bag each in their hand, together with their people. It is in the reporting of that flight and plight of his peoples that the bishop had said, "We realised how much we acquire and how little we require!" A gem of a spiritual insight, so simple and beautiful to hear and yet how difficult and hard to practice!

● ● ●

As incomes for middle class people increase, as consumer articles fill our homes through cash or hire purchase, as standard of living rises, we need to remember that we, the middle class, form the major beneficiaries and, if we are to believe our socially commited economists, this happens at the expense of the poorer, vulnerable and marginalised sections of our people. The poor are becoming poorer and they are on the increase in absolute terms, and proportionate terms, though a few individuals among them may be able to cross over the poverty line.

The problem with our economic system is that while people are marginalised, it propagates the myth that there is precious little that we, individuals, can do about it. A sense of helplessness creeps in even among the socially conscien- tized people. I believe we can do at least two things. First, try to analyse and understand this process of marginalisation in our society and the root causes of this malady. We can also contribute to the formation of public opinion and put public pressure so that the safety net of social welfare may be widened and the Government gives greater priority to eradicate poverty, and takes greater initiative to make the vulnerable sections selfreliant.

Within the church, we can begin to share more. One can at least pay tithes on our total income, which a Korean theologian, Kim Yong Bock has called "the first step" towards social justice, and obedience to the Biblical imperative of doing justice, which is to know God. The Church can make provision that the benefit of our developmental actvities go to the bottom-most 20 per cent of our congregations - not to the middle classes, as it happens often.

As the development projects are implemented towards liberative justice and just distribution of resources, individual families and persons can start giving to the point it begins to hurt. In my diocese the teaching we strive to give is to set apart tithes, as due to God. Of that to give one half, 5 per cent, to God through the church and the other 5 per cent to God through programmes and agencies that we believe are significant for the kingdom.

One cause for which our people give liberally is for church buildings. When congregations build churches and parsonages and community halls, we exhort them that they should simultaneously help a poor family, Christian or not, to build a house. As this is urged more and more, congregations catch the vision. I sometimes get apologies from congregations when I go far dedications, "Bishop - we haven't yet built the houses for the poor, we are in debt now, but surely we will do it soon". At least there is a sensitivity and "guilt" or uneasy feeling, when the church's obligation to the poor is not fulfilled. This is already a positive gain, I believe.

Coming to the Sri Lankan problem, it is not merely a problem of ethnic strife, but, as Jaffna friends in the Synod reported, it appears to be a systematic genocide of a minority or at least an attempt to reduce the Tamil people to a powerless and voiceless mass, who may exist only as second class citizens.

According to figures given by them, of the total population of 17 million in Sri Lanka, Tamils were 2.5 millions. Great movements and displacement of people are happening. 4,65,000 people are refugees and have migrated to Canada, USA, Europe or Australia. In India alone there are about 70,000. In Sri Lanka, due to the latest military operation, 4,50,000 in the North and 3,00,000 in the Eastern Province have become refugees in their own motherland. Of the 2.5 million Tamils 1,285,000 are now displaced, a human tragedy of suffering in our times, under our very eyes.

And out of this suffering, in God's providence grows a new spirituality, a new trust in God, an urgrudging heart, and immense hope. A spirituality that challenges our attitude to our posessions, acquired in legitimate or illegitimate means.

Our God will not, I am sure, let this much suffering go without purpose and meaning. Before such audacious pain and patience, I offer my humble thothirams to Bishop and Chandra Ambalavanar, and their people. ●

# ആരോഗ്യപരിപാലനത്തിന് പുതിയ സമീപനം ആവശ്യം

**H.G. Dr. Thomas Mar Athanasis**
**President Kerala Counicil of Churches.**

മിക്ക കുടുംബങ്ങളിലും വരുമാനത്തിൻെറ വലിയ പങ്ക് ഇപ്പോൾ ചെലവാകുന്നത് ചികിൽസക്കാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഇത് പലമടങ്ങു വർദ്ധിച്ചിരിക്കുന്നു. ഇത് കേരളത്തിലെയോ ഭാരതത്തിലെയോ കാര്യം മാത്രമല്ല. സാമ്പത്തിക വികസനം നേടിയ അമേരിക്കൻ ഐക്യനാടുകളിലും യൂറോപ്പിലും പ്രശ്നം ഇതുപോലെതന്നെ ഗുരുതരമാണ്. അതായത് ചികിത്സച്ചെലവിലെ വർദ്ധന ഒരാഗോള പ്രതിഭാസമാണ്. ജർമ്മനിയിൽ ഒരു സർവ്വകലാശാലാ വിദ്യാർത്ഥി പ്രതിമാസം ആരോഗ്യ സംരക്ഷണത്തിനായി അടക്കേണ്ട പ്രീമിയം (premium) ആറായിരം രൂപയിലധികമാണ്. കേരളത്തിൽ ഇന്ന് ഒരു സാധാരണ വരുമാനക്കാരന് ഭേദപ്പെട്ട ചികിത്സക്കുള്ള സാമ്പത്തിക ഭാരം ദുർവ്വഹമായിത്തീർന്നിരിക്കുന്നു.

ചികിത്സച്ചെലവ് കുതിച്ചുയരുന്നതിനുള്ള കാരണങ്ങൾ പലതാണ്. മരുന്നുകൾക്ക് അടുത്തകാലത്തുണ്ടായ അത്യധികമായ വില വർദ്ധന, ഡോക്ടർമാർ ഇതര ആരോഗ്യപാലനോദ്യോഗസ്ഥർ എന്നിവരുടെ ശമ്പളത്തിൽ വന്നിരിക്കുന്ന ഏറ്റം, രോഗനിർണ്ണയത്തിനാവശ്യമായ പരിശോധനകൾക്കുവേണ്ടിവരുന്ന അധികച്ചെലവ്, ആശുപത്രികളിലെ താമസച്ചെലവിൻെറ ഉയർച്ച എന്നിവയെല്ലാം കാരണങ്ങളായിപ്പറയാം. മുമ്പ് നമ്മുടെ ആശുപത്രികളിൽ രോഗപരിശോധനക്ക് . നാമമാത്രമായ സൗകര്യങ്ങളേ ഉണ്ടായിരുന്നുള്ളു. കണ്ണും, കയ്യും, സ്റ്റെതസ്ക്കോപ്പും ഉപയോഗിച്ചായിരുന്നു പരിശോധനകളെല്ലാം തന്നെ. ഇന്നത്തെ സ്ഥിതി അതല്ല. അതിസങ്കീർണ്ണവും വിലയേറിയതുമായ പരിശോധനോപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. എക്സ്റേ, ഇ.സി.ജി., സ്കാനിംങ്ങ് മുതലായവയ്ക്കുള്ള യന്ത്രസജ്ജീകരണങ്ങൾ കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ളവയാണ്. റേഡിയേഷൻ, ഡയാലിസിസ്, ബൈപാസ് സർജറി തുടങ്ങിയ ചികിത്സാമുറകൾക്കും ഉന്നത സങ്കേതികത്വമടങ്ങുന്ന (highly sophisticated) യന്ത്രസംവിധാനം ആവശ്യമാണ്. ഇത്തരം യന്ത്രങ്ങളുടെ മുതൽമുടക്കിനും സംരക്ഷണത്തിനും പ്രയോഗത്തിനും വേണ്ടിവരുന്ന തുകയും പലിശയും ഈടാക്കപ്പെടുന്നത് രോഗികളിൽ നിന്നാണല്ലോ. രോഗികൾ കുറഞ്ഞാൽ തുക വർദ്ധിക്കും. അത്യാവശ്യമില്ലെങ്കിൽപ്പോലും ഈ ഉപകരണങ്ങൾ പ്രയോഗിക്കുന്നതിനുള്ള പ്രലോഭനം ഇതു സൃഷ്ടിക്കുന്നു. പ്രയോഗിച്ചില്ലെങ്കിൽപോലും ആശുപത്രിയുടെ പൊതുചെലവ് വർദ്ധനവുമൂലം രോഗികൾ കൂടുതൽ പണം നൽകേണ്ടിവരും. ഡിസ്പോസബിൾ ഉപകരണങ്ങളുടെ ഉപയോഗവും ഉപയോഗാനന്തരമുള്ള നിരപായകരമായ നശീകരണവും രോഗികളിൽ വ്യയഭാരം വർദ്ധിപ്പിക്കുന്നു. ഐ.സി. (Intensive care) സംവിധാനവും രോഗികളിൽ നിന്ന് അധികം തുക ഈടാക്കുന്നതിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്നതായി ആക്ഷേപമുയരാറുണ്ട്. ആശുപത്രി മുറികളിലെ സൗകര്യങ്ങൾ, ആശുപത്രി പരിസരങ്ങളുടെ മോടിപിടിപ്പിക്കൽ (beautification) തുടങ്ങിയവക്കുള്ള ചെലവുകളും ചികിൽസാർത്ഥം എത്തുന്ന രോഗികളിൽ നിന്നല്ലേ ഈടാക്കാൻ സാധിക്കൂ. ജനപ്രീതി നേടിയ ഡോക്ടർമാർ കണക്കിൻപ്രകാരവും അല്ലാതെയും വാങ്ങുന്ന തുക ലക്ഷത്തിൻെറ പരിധി അധികരിച്ചു കഴിഞ്ഞു. രോഗികൾക്കു വരുന്ന സാമ്പത്തികഭാരത്തെക്കുറച്ച് ചിന്തയേയില്ല. മരുന്നുകളുടെ വിലവർദ്ധവിനെപ്പറ്റി സൂചിപ്പിച്ചല്ലോ. പുതിയ മരുന്നുകൾ അവ കണ്ടുപിടിച്ച സ്ഥാപനങ്ങളുടെ അനുവാദത്തോടെ മാത്രമേ നിർമ്മിക്കാവൂ എന്ന "ഗാറ്റ് കരാറി" ൻെറ നിഷ്കർഷ മരുന്നു വിലവർദ്ധനവിൻെറ പ്രധാന കാരണങ്ങളാണ്. അതുകൊണ്ട് മരുന്നുകളും ചികിൽസോപകരണങ്ങളും യൂറോ-അമേരിക്കൻ വിപണികളിൽ നിന്ന് അവിടത്തെ വിലനിരക്കിൽ ഇറക്കുമതി ചെയ്യാൻ നാം നിർബന്ധിതമായിത്തീരുന്നു. ഇവയുടെ വില ഇന്ത്യൻ നാണയത്തിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ നമുക്ക് താങ്ങാവുന്നതിൽ അപ്പുറമാകുന്നു. മരുന്നിൻെറ അധികോപയോഗം (over medication) ചികിൽസാച്ചെലവു വർദ്ധിപ്പിക്കുന്നതിനു പുറമേ അപകടാവസ്ഥ സൃഷ്ടിക്കുന്നുമുണ്ട്. പലരോഗികൾക്കും അവർക്കു കഴിക്കാവുന്ന ഭക്ഷണത്തേക്കാൾ കൂടുതൽ അളവുമരുന്നുകൾ അകത്താക്കാൻ നിർബന്ധിതരാണെന്നു പറയുന്നു. അലോപ്പതി മരുന്നുകൾ അധികവും വിഷം (poison) ആണല്ലോ. അവ പ്രയോഗിക്കപ്പെടേണ്ട രോഗാണുക്കൾക്ക്, അല്ലെങ്കിൽ രോഗാവസ്ഥയ്ക്ക് എതിരെ മാത്രം ഉപയോഗിക്കപ്പെടേണ്ടവയാണ്. അല്ലാത്തപക്ഷം അവ ശരീരത്തിൽ പാർശ്വഫലങ്ങൾ സൃഷ്ടിക്കും. ഇത് സ്ഥിതിവഷളാക്കുന്നതിനോ പുതിയ രോഗത്തിൻെറ തുടക്കത്തിനോ കാരണമാക്കുന്നു. ഇവിടെയാണ് വസ്തുനിഷ്ഠമായ രോഗനിർണ്ണയത്തിൻെറ അനിവാര്യത. ശരിയായ രോഗനിർണ്ണയം നടത്താതെയുള്ള അധികമരുന്നു പ്രയോഗം പലപ്പോഴും ചികിൽസാകാലവും ചെലവും വർദ്ധിപ്പിയ്ക്കുകമാത്രമല്ല അതിസങ്കീർണ്ണമായ രോഗാവസ്ഥയ്ക്ക് വഴി വയ്ക്കുകയും ചെയ്യുന്നു. മരുന്നുൽപ്പാദകരിൽനിന്ന് സാമ്പത്തിക രൂപത്തിലുള്ള പ്രലോഭനവും കൂടുതൽ മരുന്നുകൾ കുറിക്കുന്നതിന് ഭിഷഗ്വരരെ പ്രേരിപ്പിക്കുന്നതായി ശ്രുതിയുണ്ട്.




ഇന്ന് ആശുപത്രികൾ വ്യവസായ സ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. വൻകിട വ്യവസായികൾ പെരുത്ത മുതൽ മുടക്കിയാണ് ആശുപത്രികൾ പലതും നടത്തുന്നത്. മുഖ്യലക്ഷ്യം ലാഭം. മതസ്ഥാപനങ്ങൾ നടത്തുന്ന 'മിഷൻ ഹോസ്പിറ്റലു'കൾ മിക്കതും ഈ ശൈലി തന്നെയാണ് സ്വീകരിച്ചു കാണുന്നത്. ആരംഭം ആതുരശുശ്രൂഷയിലായിരുന്നെങ്കിൽ ഇന്നത് ഏറ്റവുമധികം ലാഭകരമായ വ്യവസായമായി മാറിക്കഴിഞ്ഞു. ചികിൽസക്ക് വസൂലാക്കുന്ന തുക സകല മാനുഷിക പരിഗണനകളെയും വിസ്മരിച്ചുകൊണ്ടുള്ളതാണ്. ലാഭം ലക്ഷ്യമാക്കികൊണ്ട് ആശുപത്രി നടത്തുമ്പോൾ സഭയും പള്ളികളും ക്രിസ്തീയ ധാർമ്മികതയെ കശാപ്പു ചെയ്യു

# C.S.I. CONGREGATIONS OUTSIDE SOUTH INDIA AND JAFNA.

The letters and articles on C.S.I Congregations outside the geographical area of this Church published in your journal were read with interest. There are a large number of C.S.I Congregations in Gulf countries and North America. These congregations are organised by the people who were employed or settled there. In North America each congregation is registered as a society and is governed by the rules of each State. The membership of these congregations consists of not only the employed persons and their children but also the aged parents who are ignorant of English and worship conducted in English. People are much at home when they worship in their mother tongue. Hence they prefer Malayalee Priests. This is possible only through the Bishops of their own Dioceses. There are many priests who desire a posting in America so that they can better their theological qualifications. An assignment in America or in Gulf countries will better the financial status of the priests who are drawn mostly from middle class homes.

There are many ground realities we should understand before coming into hasty conclusions regarding congregations outside the geographical area of C.S.I. These congregations are willing to sponsor good projects and schemes in any Diocese. More often the Mother Diocese will have some schemes to suggest and these congregations readily help. The Bishops of the Dioceses occasionally require a change, and a visit to these congregations provide them the welcome rest. Some Bishops use these visits as opportunities to project schemes of the Diocese which need substantial financial support. Some Bishops use their visits as opportunities to make some quick bucks for personal affairs. Fancied by the luxurious way of life, these Bishops are attracted to many modern gadgets available outside India.

The members of the congregation need spiritual strengthening. They are torn between the Indian and Western cultures. Many of them are silent spectators of the influence of the western culture of their children. They have the feeling of insecurity and are subjected to much tension in the homefront. Husband and wife work on different shifts and often they get no time to be together with their children. Many families just exist with all the unshared burdens. What exactly is the role of the Church in such a situation? Are the priests sent to these parishes adequately qualified to be of help to the parishners to counsel and guide?

We live in a world of specialization. The Church need ministers with specializations. We need better qualified Youth Counsellors, marriage counsellors, family counsellors and also "think Cells" which help priests with new ideas, and new ways of service. Ministry to congregations outside India also needs specialised trained priests.

About the administration of these congregations, the Synod should be able to give directions. The Synod could direct a Bishop of the Church to supervise these congregations and the Bishop should be responsible to the Synod for his actions. These congregations are to be seen as missionary out posts of the Indian Church. The East has much to contribute to west in the interpretation of the Gospel. The West had its contributions to the East in a large measure in the past. Now it is the turn of the East.

The congregations in the Gulf countries have a greater role to play. These congregations are to strengthen the spiritual life of the individual members, that they all be living witness of the Lord in their place of work. They are forbidden from proclaiming the Gospel. So their role in proclaiming the Lord through their life has to be strengthened. A large number of Christians work in the Gulf countries. These Christians should take up missionary work not through lips but through life. The priests and congregations are tobe geared for such a witness. I see much prospects for the C.S.I. congregations outside the geographical area of C.S.I.

**PHILIP JOHN**

---

കയാണ്. ദീനാനുകമ്പയുടെയും ക്രിസ്തീയ സ്നേഹത്തിൻെറയും പേരിൽ നടത്തുന്ന ആശുപത്രികൾ 'ബ്ലേഡു കമ്പനി'കളെ കടത്തിവെട്ടുന്ന വ്യവസായസ്ഥാപനങ്ങളാണ്.

ചുരുക്കത്തിൽ, കാരണമെന്തായിരുന്നാൽ തന്നെയും ഇന്ന് ചികിൽസച്ചെലവ് കുതിച്ചുയരുകയാണ്. വിദഗ്ദ്ധ ചികിൽസ ധനികർക്കുമാത്രമേ സാധിക്കൂ എന്നമട്ടായിട്ടുണ്ട്. അനുഭവങ്ങളാലായിരിക്കാം രോഗികൾ പൊതുമേഖലാ ആശുപത്രികളിൽനിന്ന് അകലുകയാണ്. എങ്ങനെ ഈ സാമൂഹ്യപ്രശ്നം പരിഹരിക്കാനാവും? ഈ കാര്യത്തിനാണ് ഊന്നൽ കൊടുത്തു ചിന്തിക്കേണ്ടത്.

ഇന്ന് മനുഷ്യൻ ആവശ്യമില്ലാതെ ഏറെ മരുന്നു കഴിക്കുന്നുണ്ട്. നിസ്സാര രോഗങ്ങളായ ജലദോഷം, പേശിവേദന, ചുമ, തലവേദന തുടങ്ങിയവക്കുപോലും മരുന്നു കഴിക്കുന്ന സ്വഭാവം ഏറിവരികയാണ്. മനുഷ്യശരീരം സാധാരണ യന്ത്രങ്ങൾ പോലെയല്ല. അതിനു സ്വയ സംരക്ഷണ സ്വഭാവമുണ്ട്. കാലാകാലങ്ങളിലുണ്ടാകുന്ന അപകടകരമല്ലാത്ത കൊച്ചുരോഗങ്ങൾ, ക്ഷതങ്ങൾ മുതലായവ അതിൻെറ രോഗപ്രതിരോധ ശക്തിയെ ഉദ്ദീപിപ്പിക്കുവാൻ ഉപകരിക്കും. അപ്പോൾ മരുന്നുപയോഗിക്കുന്നപക്ഷം ശരീരം സ്വയം ആർജ്ജിക്കേണ്ട പ്രതിരോധശേഷി തടയപ്പെടുകയാണ്. മിക്ക രോഗങ്ങളും മരുന്ന് ഉപയോഗിക്കാതെ, വിശ്രമം, ആഹാരക്രമീകരണം, വ്യായാമം എന്നിവ വിവേകപൂർവ്വം സ്വീകരിച്ചു മാറ്റാവുന്നവയാണ്. അപ്പോൾ വിജയിക്കുന്നത് ശരീരമാണ് ആ വിജയം ശരീരത്തിൻെറ രോഗപ്രതിരോധ ശക്തിയേറ്റുന്നു. എന്നാൽ ഇതിനു ശ്രമിക്കാതെ ഡോക്ടറുടെ നിർദ്ദേശപ്രകാരമോ അല്ലാതെയോ കഴിക്കുന്ന ആൻറി ബയോട്ടിക്കുകൾ പണസഞ്ചിയേയും ശരീരത്തേയും ശോഷിപ്പിക്കുന്നു. മരുന്നു കഴിക്കാതെ ഒരു രോഗവും മാറില്ല എന്നതു സമീപനവും രോഗം വന്നാൽ മരുന്നു കഴിക്കണമെന്ന് രോഗാധിഷ്ഠിത ഉൾപ്രേരണയും മാറേണ്ടിയിരിക്കുന്നു. ഒപ്പം അപായ സാദ്ധ്യതയുള്ള അവസരങ്ങൾ വിവേചിച്ചു വിദഗ്ദ്ധ ചികിൽസനേടാനും കഴിയണം.

മരുന്നുപയോഗം നിയന്ത്രിക്കണമെങ്കിൽ രോഗസാധ്യത കുറയ്ക്കണം. രോഗബാധയുടെ മുഖ്യകാരണം അനാരോഗ്യകരമായ ജീവിത സാഹചര്യങ്ങളാണ്. നഗരവാസികളിൽ എഴുപതു ശതമാനത്തിലധികവും ആരോഗ്യകരമല്ലാത്ത ചുറ്റുപാടുകളിലാണ് കഴിയുന്നത്. ഗ്രാമങ്ങളിലും സ്ഥിതി വളരെയൊന്നും മെച്ചമല്ല. വായു-ജലമാലിന്യങ്ങൾ ശുചിത്വക്കുറവ് എന്നിവമൂലമുണ്ടാകുന്ന രോഗങ്ങൾ നിരവധിയാണ്. വിരശല്യം, ത്വക്ക്രോഗങ്ങൾ എന്നിവമൂലമുണ്ടാകുന്ന വൃത്തിഹീനതയിൽനിന്നാണ്. മലമ്പനി, മന്ത്, കോളറ തുടങ്ങിയ രോഗങ്ങളെ സംക്രമിപ്പിക്കുന്ന കീടങ്ങൾ പെരുകുന്നത് വൃത്തിയില്ലാത്ത ചുറ്റുപാടുകളിലാണ്. ചുരുക്കിപ്പറഞ്ഞാൽ ശരീരത്തിൻെറയും ചുറ്റുപാടുകളുടെയും ശുചിത്വം നിരവധി രോഗങ്ങളെ അകറ്റി നിറുത്തുന്നു. ജലദോഷം, ചെങ്കണ്ണ്, ഇൻഫ്ലുവൻസ്, മുണ്ടിനീര്, ക്ഷയം, അഞ്ചാംപനി, ചിക്കൻപോക്സ്, കുഷ്ഠം തുടങ്ങി വായുമൂലമോ സമ്പർക്കംമൂലമോ പകരുന്ന രോഗം ബാധിച്ചർ സുഖപ്പെടുന്നതുവരെ ജനസമ്പർക്കത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാൻ പരമാവധി ശ്രമിക്കണം. ആരോഗ്യ സംരക്ഷണത്തിന് ആദ്യം ശ്രദ്ധിക്കേണ്ടത് രോഗം വരുവാനുള്ള സാദ്ധ്യത ഒഴിവാക്കുകയാണ്. അതായത് ചികിൽസ കൂടുതൽ ഫലപ്രദമാക്കുന്നതിനേക്കാൾ ഉപരിരോഗബാധയുണ്ടാകാത്ത, ശുചിത്വമുള്ള ജീവിത സാഹചര്യം സൃഷ്ടിക്കുകയാണാവശ്യം.

(തുടരും)